# കലാവിദ്യാഭ്യാസം

## ആക്ടിവിറ്റി ബുക്ക്

## സ്റ്റാൻഡേർഡ്

## IX

കേരളസർക്കാർ
പൊതുവിദ്യാഭ്യാസവകുപ്പ്

തയ്യാറാക്കിയത്
സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (SCERT) കേരളം
2024

ST-473-1-ART EDUCATION(M)9

## ദേശീയഗാനം

ജനഗണമന അധിനായക ജയഹേ
ഭാരത ഭാഗ്യവിധാതാ,
പഞ്ചാബസിന്ധു ഗുജറാത്ത മറാഠാ
ദ്രാവിഡ ഉത്ക്കല ബംഗാ,
വിന്ധ്യഹിമാചല യമുനാഗംഗാ,
ഉച്ഛ്വല ജലധിതരംഗാ,
തവശുഭനാമേ ജാഗേ,
തവശുഭ ആശിഷ മാഗേ,
ഗാഹേ തവ ജയ ഗാഥാ
ജനഗണമംഗലദായക ജയഹേ
ഭാരത ഭാഗ്യവിധാതാ
ജയഹേ, ജയഹേ, ജയഹേ,
ജയ ജയ ജയ ജയഹേ!

---

## പ്രതിജ്ഞ

ഇന്ത്യ എന്റെ രാജ്യമാണ്. എല്ലാ ഇന്ത്യക്കാരും എന്റെ സഹോദരീ സഹോദരന്മാരാണ്.

ഞാൻ എന്റെ രാജ്യത്തെ സ്നേഹിക്കുന്നു; സമ്പൂർണ്ണവും വൈവിധ്യപൂർണ്ണവുമായ അതിന്റെ പാരമ്പര്യത്തിൽ ഞാൻ അഭിമാനം കൊള്ളുന്നു.

ഞാൻ എന്റെ മാതാപിതാക്കളെയും ഗുരുക്കന്മാരെയും മുതിർന്നവരെയും ബഹുമാനിക്കും.

ഞാൻ എന്റെ രാജ്യത്തിന്റെയും എന്റെ നാട്ടുകാരുടെയും ക്ഷേമത്തിനും ഐശ്വര്യത്തിനും വേണ്ടി പ്രയത്നിക്കും.

---

**State Council of Educational Research and Training (SCERT)**
Poojappura, Thiruvananthapuram 695012, Kerala
Website : www.scertkerala.gov.in
e-mail : scertkerala@gmail.com, Phone : 0471 - 2341883,
Typesetting and Layout : SCERT
First Edition : 2024
*Printed at* : KBPS, Kakkanad, Kochi-30
© Department of General Education, Government of Kerala

പ്രിയപ്പെട്ട കുട്ടികളേ,

എന്തിനാണ് നാം കല പഠിക്കുന്നത് ? പരിശീലിക്കുന്നത് ? കല 'ജന്മസിദ്ധമായി' വന്നുചേരുന്നതാണെന്ന പൊതുബോധം നിലനിൽക്കുന്നിടത്താണ് ഇത്തരം ചോദ്യങ്ങൾ ഉണ്ടാകുന്നത്. എന്നാൽ മറ്റേതൊരു മാനവികവിഷയവും എന്നതുപോലെ കലാപഠനവും നമ്മുടെ ശ്രദ്ധയും ധിഷണയും ആവശ്യപ്പെടുന്ന ഒരു വിഷയമേഖലയാണ്. ചിത്ര-ശില്പകല, സംഗീതം, നൃത്തം, നാടകം, സിനിമ എന്നീ കലാമേഖലകളെ മുൻനിർത്തി തയ്യാറാക്കിയ ഈ പാഠപുസ്തകം അതത് വിഷയങ്ങളിലെ അറിവുല്പാദനം എന്നതിൽ കവിഞ്ഞ് പ്രസ്തുത കലാമേഖലകളുമായി ബന്ധപ്പെട്ട ക്രിയാത്മക പ്രവർത്തനങ്ങൾകൂടി ലക്ഷ്യം വയ്ക്കുന്ന ഒന്നാണ്. സാമ്പ്രദായികരീതിയിൽ ഏതെങ്കിലും കലാമേഖലയിലുള്ള സവിശേഷ പ്രയോഗശേഷി മത്സരബുദ്ധിയോടെ പരിശീലിക്കുക എന്നതിലുപരി എല്ലാ കലകളെയും മനസ്സിലാക്കിക്കൊണ്ട് വിദ്യാഭ്യാസപ്രക്രിയയെതന്നെ സർഗാത്മകമായി പുതുക്കുക എന്നതുകൂടിയാണ് ഈ പാഠപുസ്തകം നിറവേറ്റുന്ന ധർമ്മം. ചിത്രചലച്ചിത്ര കലകളുടെയും നൃത്തസംഗീതനാടകാദി കലകളുടെയും വിവിധ മാനങ്ങൾ ദേശകാലാതീതമായി നാം ഈ പുസ്തകത്തിലൂടെ പരിചയിക്കുന്നു. ആ അർഥത്തിൽ ഇത് വിപുലമായ സർഗാത്മകലോകത്തിലേക്കുള്ള പ്രവേശികയുമാണ്. അവ കണ്ടറിഞ്ഞും പാടിപ്പറഞ്ഞും ആടിയുല്ലസിച്ചും അനുഭവിക്കുക. അഭിപ്രായങ്ങളും നിർദേശങ്ങളും അറിയിക്കുമല്ലോ...

സ്നേഹാശംസകളോടെ,

ഡോ. ജയപ്രകാശ് ആർ. കെ.
ഡയറക്ടർ
എസ്.സി.ഇ.ആർ.ടി.

# പാഠപുസ്തകരചനാസമിതി


**അഡ്വൈസർ**

**ഡോ. അഭിലാഷ് പിള്ള**
ഡയറക്ടർ, സ്കൂൾ ഓഫ് ഡ്രാമ ആൻഡ്
ഫൈൻ ആർട്സ്, തൃശൂർ

**ചെയർപേഴ്സൺ**

**ഡോ. രചിത രവി**
മേധാവി, മോഹിനിയാട്ടം,
കേരള കലാമണ്ഡലം, തൃശ്ശൂർ.

**വിദഗ്ധർ**

**ഡോ. സുധീഷ് കോട്ടേമ്പ്രം**
ലക്ചറർ, ആർ.എൽ.വി. കോളേജ് ഓഫ് മ്യൂസിക്
ആൻഡ് ഫൈൻ ആർട്സ്, തൃപ്പൂണിത്തുറ.

**സന്തോഷ് കുമാർ ഇ വി**
ലക്ചറർ,
ഡയറ്റ്, കണ്ണൂർ.

**അംഗങ്ങൾ**

**സാം ജോർജ്**
അപ്ലൈഡ് ഡ്രാമ പ്രാക്റ്റീഷണർ,
ആപ്റ്റ് പെർഫോമൻസ് ആൻഡ് റിസർച്ച്.

**അരുൺ എം. എസ്.**
കെ.ആർ. നാരായണൻ ഫിലിം
ഇൻസ്റ്റിറ്റ്യൂട്ട്, കോട്ടയം.

**സെജോ ജോൺ**
സംഗീത സംവിധായകൻ

**ഷിനോജ് ചോറൻ**
ജി.എച്ച്.എസ്.എസ്, ഇരിമ്പിളിയം,
വലിയകുന്ന്, മലപ്പുറം.

**ദീപേഷ് ടി.**
സി.എച്ച്.എം.ഹയർ സെക്കന്ററി സ്കൂൾ,
കാവുംപടി, കണ്ണൂർ.

**ജോഷി. ടി.സി.**
സെന്റ് എഫ്രേംസ് എച്ച്.എസ്.എസ്.,
മാന്നാനം, കോട്ടയം.

**ജീവൻ ലാൽ പി.എൻ.**
ജി.ജി.വി.എച്ച്.എസ്.എസ്,
പെരിന്തൽമണ്ണ, മലപ്പുറം.

**പ്രേംജിത്ത് സുരേഷ്ബാബു**

**പ്രസാദ് കുമാർ കെ എസ്**
ഗവ. ഹയർസെക്കൻഡറി സ്കൂൾ എരിമയൂർ,
പാലക്കാട്.

**ഡോ. പാർവതി. ബി.ആർ**
എച്ച്.എസ്.ഫോർ ഗേൾസ്,
കരുനാഗപ്പള്ളി, കൊല്ലം.

**ഹാറൂൺ അൽ ഉസ്മാൻ**
എച്ച്.എസ്.എസ്, തിരുവങ്ങൂർ, കോഴിക്കോട്.

**ജയശ്രീ. സി. എസ്.**
ഫോർട്ട് ഗേൾസ് മിഷൻ ഹൈസ്കൂൾ,
തിരുവനന്തപുരം.

**വിപിൻ ലാൽ**
ജി.എച്ച്.എസ്.എസ്, കോട്ടപ്പുറം, മലപ്പുറം.

**മെയ്ബി സ്റ്റാൻലി സി.**
ജി.എം.എച്ച്.എസ്. കരിപ്പോൾ, മലപ്പുറം.

**അരുണ നാരായണൻ ആലഞ്ചേരി**
ജി.എം.ആർ.എസ്. കണിയാമ്പറ്റ, വയനാട്.

**സൂരജ് കക്കരയിൽ**
ജി.എച്ച്.എസ്.എസ്, ഉദിനൂർ, കാസർഗോഡ്.

**കവർ ചിത്രം**

**കെ. പി. റെജി** (*Mary had a Little Lamp* - 2023 oil in canvas)

**അക്കാദമിക് കോഡിനേറ്റർ**

**സതീഷ്കുമാർ കെ.**
റിസർച്ച് ഓഫീസർ, കലാവിദ്യാഭ്യാസം, എസ്.സി.ഇ.ആർ.ടി.



സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (SCERT)
**വിദ്യാഭവൻ, പൂജപ്പുര, തിരുവനന്തപുരം 695 012**

# ഉള്ളടക്കം


**1. പ്രകൃതി** 7

1.1 ദേശം, കല, ജീവിതം 8
1.2 സംഗീതരൂപങ്ങളിലൂടെ 11
1.3 വേരുകൾകൊണ്ടു തൊടാം 15
1.4 കഥ, തിരക്കഥ, സംഭാഷണം 20
1.5 ആട്ടക്കളരി 23

**2. വര, നിറം, ദേശം** 27

2.1 പാട്ടറിവ് 28
2.2 പകർപ്പെടുപ്പിന്റെ കല 30
2.3 സിനിമയൊരുക്കം 35
2.4 പാഠത്തിലൂടെ നടക്കാം 38
2.5 താഴ്‌വരകളുടെ നൃത്തം 41

**3. ഭാവാനുഭവം** 45

3.1 നിറങ്ങളും ഭാവങ്ങളും 46
3.2 ഭാവഗാനങ്ങളിലൂടെ 50
3.3 ഇന്നിന്റെ നൃത്തം 52
3.4 ലെൻസിന്റെ കല 55
3.5 ബിഹൈൻഡ് ദി മാസ്ക് 59

**4. പ്രയോഗപാഠങ്ങൾ** 62

4.1 ഓർക്കസ്ട്ര 63
4.2 രൂപകല്പന 67
4.3 നൃത്തസംവിധാനം 70
4.4 ചിത്രസംയോജനം 72
4.5 രംഗബോധ്യം 75

**5. രംഗഭൂമി** 80

5.1 പൊതുയിടങ്ങളിലെ കലാവിസ്മയങ്ങൾ 81
5.2 അഭിനയസംഗീതം 85
5.3 നിൽക്കാനൊരുതറ, പിന്നിലൊരുമറ 87
5.4 പകർന്നാടാം 90
5.5 ദൃശ്യം, കാഴ്ച, അനുഭവം 92

**6. സർഗജാലകം** 94

6.1 ശബ്ദവീചികൾ 95
6.2 സമൂഹം, കാഴ്ച, ആശയം 98
6.3 വെള്ളിത്തിര 101
6.4 അരങ്ങൊളി 104
6.5 ഈ സമയവും കടന്നുപോകും 107

# ഭാരതത്തിന്റെ ഭരണഘടന

## ആമുഖം

**ഭാരതത്തിലെ ജനങ്ങളായ നാം** ഭാരതത്തെ ഒരു [1]**[പരമാധികാര സ്ഥിതിസമത്വ മതേതര ജനാധിപത്യ റിപ്പബ്ലിക്കായി]** സംവിധാനം ചെയ്യുവാനും അതിലെ പൗരന്മാർക്കെല്ലാം:

സാമൂഹ്യവും സാമ്പത്തികവും രാഷ്ട്രീയവും ആയ **നീതിയും;**

ചിന്തയ്ക്കും ആശയപ്രകടനത്തിനും വിശ്വാസത്തിനും മതനിഷ്ഠയ്ക്കും ആരാധനയ്ക്കും ഉള്ള **സ്വാതന്ത്ര്യവും;**

പദവിയിലും അവസരത്തിലും **സമത്വവും;** സംപ്രാപ്തമാക്കുവാനും;

അവർക്കെല്ലാമിടയിൽ

വ്യക്തിയുടെ അന്തസ്സും [2][രാഷ്ട്രത്തിന്റെ ഐക്യവും അഖണ്ഡതയും] ഉറപ്പുവരുത്തിക്കൊണ്ട് **സാഹോദര്യം** പുലർത്തുവാനും;

സഗൗരവം തീരുമാനിച്ചിരിക്കയാൽ;

**നമ്മുടെ ഭരണഘടനാ നിർമ്മാണസഭയിൽ** ഈ 1949 നവംബർ ഇരുപത്താറാം ദിവസം **ഇതിനാൽ ഈ ഭരണഘടനയെ സ്വീകരിക്കുകയും നിയമമാക്കുകയും നമുക്കു തന്നെ പ്രദാനം ചെയ്യുകയും ചെയ്യുന്നു.**

---

1. 1976 - ലെ ഭരണഘടന (നാല്പത്തിരണ്ടാം ഭേദഗതി) ആക്റ്റ് 2-ാം വകുപ്പു പ്രകാരം "പരമാധികാര ജനാധിപത്യ റിപ്പബ്ലിക്" എന്നതിന് പകരം ചേർത്തത് (3.1.1977 മുതൽ പ്രാബല്യം).
2. മേല്പറഞ്ഞ ആക്റ്റ് 2-ാം വകുപ്പു പ്രകാരം "രാഷ്ട്രത്തിന്റെ ഐക്യം" എന്നതിനു പകരം ചേർത്തത് (3.1.1977 മുതൽ പ്രാബല്യം).

# 1

# പ്രകൃതി


ദേശം, കല, ജീവിതം 1.1

സംഗീതരൂപങ്ങളിലൂടെ 1.2

വേരുകൾകൊണ്ടു തൊടാം 1.3

കഥ, തിരക്കഥ, സംഭാഷണം 1.4

ആട്ടക്കളരി 1.5

# ദേശം, കല, ജീവിതം



ചിത്രം ശ്രദ്ധിച്ചല്ലോ...
എന്തെല്ലാം കാര്യങ്ങൾ നിങ്ങൾക്ക് കാണാൻ കഴിയുന്നുണ്ട് ?

1.................................

2.................................

3.................................

### വാർളി ചിത്രങ്ങൾ :

മഹാരാഷ്ട്രയിലെ വാർളി ഗോത്രജനതയ്ക്കിടയിൽ പ്രചാരത്തിലുള്ള ചിത്രരചനാരീതിയാണ് വാർളി. ജീവിതരീതി, കൃഷി, പരിസരം, ആഘോഷങ്ങൾ തുടങ്ങിയവ മൺചുമരുകളിൽ അരിമാവ് ഉപയോഗിച്ചാണ് ചിത്രീകരിക്കുന്നത്.



### തർപ്പനൃത്തം

തർപ്പ എന്ന വാദ്യോപകരണം വായിക്കുന്ന ആളിനെ ചുറ്റിക്കൊണ്ട് ഗോത്രജനത നടത്തുന്ന നൃത്തമാണ് തർപ്പനൃത്തം.

തർപ്പനൃത്തവും വാർളിചിത്രവും പരിചയപ്പെട്ടല്ലോ,

**വരയ്ക്കാം**

സ്കൂൾകലോത്സവദിവസം നിങ്ങൾകണ്ട കാഴ്ചകൾ എന്തൊക്കെയാണ് ?

- 
- 
- 

സ്കൂൾ പരിസരവും കലോത്സവകാഴ്ചകളും ചേർത്ത് വാർളി രചനാശൈലിയിൽ വരച്ചുനോക്കൂ.. വരച്ച ചിത്രങ്ങൾ ക്ലാസിൽ പ്രദർശിപ്പിക്കൂ. ചിത്രീകരണാനുഭവം പങ്കുവയ്ക്കൂ...



ഉദാഹരണ ചിത്രങ്ങൾ

## ഇന്ത്യയിൽ നിലനിൽക്കുന്ന തനതു ചിത്രരചനാശൈലികൾ പരിചയപ്പെടാം



### ഭീൽ

മധ്യപ്രദേശിലെ ഭീൽ ഗോത്രജനതയുടെ ജീവിതരീതിയുടെ ഭാഗമാണ് ഭീൽ ചിത്രങ്ങൾ. പ്രകൃതിദത്ത വർണ്ണങ്ങൾ ഉപയോഗിച്ച് തറകളിലും ചുമരുകളിലുമാണ് ഇവ വരയ്ക്കുന്നത്.



### ഗോണ്ട്

മധ്യപ്രദേശിലെ ഗോണ്ട് ജനതയിൽനിന്ന് ഉത്ഭവിച്ച പരമ്പരാഗത ഗോത്ര കലാരൂപമാണ് ഗോണ്ട് ചിത്രങ്ങൾ. കട്ടിയേറിയ വരകൾ, തിളക്കമുള്ള നിറങ്ങൾ, സങ്കീർണമായ ഡിസൈനുകൾ എന്നിവയാൽ ജനപ്രിയമായ ചിത്രങ്ങൾ പ്രകൃതിദത്ത വർണ്ണങ്ങൾ ഉപയോഗിച്ചാണ് രചിക്കുന്നത്.



### പട്ടചിത്ര

ഒഡീഷയിലും പശ്ചിമബംഗാളിലും പ്രചാര ത്തിലുള്ള രചനാശൈലിയാണ് 'പട്ടചിത്ര'. പ്രകൃതിദത്ത വർണ്ണങ്ങളിൽ പശ ചേർത്ത് തുണിയിൽ നിർമ്മിക്കുന്ന ചിത്രങ്ങളിൽ നാടോടിക്കഥകളും പുരാണകഥകളുമാണ് അവതരിപ്പിക്കുന്നത്.



## മധുബനി
ബിഹാറിലെ മിഥിലയിൽ വ്യത്യസ്തമായ രചനാശൈലിയിൽ സ്ത്രീകൾ രചിക്കുന്ന ചിത്രങ്ങളാണ് മധുബനി. 'മിഥില ചിത്രങ്ങൾ' എന്നും ഇവ അറിയപ്പെടുന്നു. പ്രകൃതിദത്ത ചായങ്ങളുപയോഗിച്ച് വരയ്ക്കുന്ന തീക്ഷ്ണമായ നിറങ്ങളും സങ്കീർണമായ പാറ്റേണുകളും നിറഞ്ഞ മധുബനി ചിത്രങ്ങൾ ബർണി, കച്ചി, താന്ത്രിക്, ഗോഡ്ന, കോഹ്ബർ എന്നീ വ്യത്യസ്ത ശൈലിയിൽ പ്രചാരത്തിലുണ്ട്.



## താംഗ്ക
തിബറ്റൻ ബുദ്ധിസത്തിന് പ്രചാരമുള്ള മംഗോളിയ, ലഡാക്ക്, സിക്കിം, അരുണാചൽ പ്രദേശ്, ചില ഹിമാലയൻ പ്രദേശങ്ങൾ എന്നിവിടങ്ങളിൽ നിലനിൽക്കുന്ന ചിത്രരചനാരീതിയാണ് താംഗ്ക. കോട്ടൺ, സിൽക്ക് തുണികളിൽ പ്രകൃതിദത്ത ചായങ്ങളും സ്വർണപ്പൊടികളും ഉപയോഗിച്ചാണ് പരമ്പരാഗത താംഗ്ക ചിത്രങ്ങൾ രചിക്കുന്നത്.



## കാംഗ്ര
ഹിമാചൽപ്രദേശിൽ പതിനെട്ടാം നൂറ്റാണ്ടിന്റെ മധ്യത്തിൽ പ്രചാരത്തിൽ വന്ന ചിത്രരചനാ ശൈലിയാണ് കാംഗ്ര. സൂക്ഷ്മ വിശദാംശങ്ങളോടെ രചിക്കപ്പെടുന്ന ചിത്രങ്ങൾ നിറങ്ങളുടെ പ്രയോഗത്തിലും മികവ് പുലർത്തുന്നു.

## കളമെഴുത്ത്
കേരളത്തിൽ പ്രചാരത്തിലുള്ള അനുഷ്ഠാന കലാരൂപമാണ് കളമെഴുത്ത്. അഞ്ചുതരം പ്രകൃതിദത്ത വർണ്ണപ്പൊടികളാൽ വിരലുകൾ ഉപയോഗിച്ച് തറയിൽ വരയ്ക്കുന്ന രചനാ രീതിയായ കളമെഴുത്ത്, ധൂളിചിത്രം എന്നും അറിയപ്പെടുന്നു.

## കളമെഴുത്തിൽ ഉപയോഗിക്കുന്ന പഞ്ചവർണ്ണങ്ങൾ.



വെള്ള, കറുപ്പ്, പച്ച, മഞ്ഞ, ചുവപ്പ്.
മഞ്ഞ - മഞ്ഞൾപൊടി.
കറുപ്പ് - ഉമിക്കരി.
വെള്ള - അരിപ്പൊടി.
പച്ച - നെൻമേനി വാകയുടെ പൊടി.
ചുവപ്പ് - മഞ്ഞളും ചുണ്ണാമ്പും അരിപ്പൊടിയും ചേർത്ത മിശ്രിതം.



## കണ്ടെത്താം
പ്രകൃതിദത്ത വർണ്ണപ്പൊടികൾ കണ്ടെത്തി പട്ടികപ്പെടുത്തുക. കണ്ടെത്തിയ നിറങ്ങൾ ഉപയോഗിച്ച് ധൂളിചിത്രം തയ്യാറാക്കുക. പ്രത്യേകതകൾ ചർച്ച ചെയ്യുക.



# സംഗീതരൂപങ്ങളിലൂടെ

"നഗുമോ" എന്ന് തുടങ്ങുന്ന ഗാനം നിങ്ങൾ കേട്ടിട്ടുണ്ടോ ? ഈ ഗാനം ഏത് സംഗീതശാഖയിൽ ഉള്ളതാണെന്ന് നിങ്ങൾക്കറിയാമോ? കർണ്ണാടകസംഗീതശാഖയിലെ ഒരു പ്രധാന കൃതിയാണിത്. നിങ്ങൾക്ക് പരിചിതമായ പാട്ടുകളെ ശാസ്ത്രീയ ഗാനങ്ങൾ അർധശാസ്ത്രീയ ഗാനങ്ങൾ എന്നിങ്ങനെ തരംതിരിച്ചു കണ്ടെത്തിയെഴുതാമോ ?


1. ശാസ്ത്രീയഗാനങ്ങൾ
   - ....................................
   - ....................................
2. അർധശാസ്ത്രീയഗാനങ്ങൾ
   - ....................................
   - ....................................

- ശാസ്ത്രീയഗാനങ്ങൾ
  ചിട്ടയായ പഠനരീതിയുള്ളവയാണ് ശാസ്ത്രീയഗാനങ്ങൾ.
- അർധശാസ്ത്രീയഗാനങ്ങൾ
  ശാസ്ത്രീയ ചിട്ടകളെ പൂർണ്ണമായും അവലംബിക്കാത്തവയാണ് അർധശാസ്ത്രീയഗാനങ്ങൾ

ഇതിൽ ഏത് മേഖലയിലെ ഗാനങ്ങളാണ് നിങ്ങൾക്ക് കൂടുതൽ ഇഷ്ടം?
എന്ത് പ്രത്യേകതകളാണ് ഈ ഗാനങ്ങൾക്കുള്ളത്?
കർണ്ണാടക സംഗീതശാഖയിലെ ഗാനങ്ങൾ മറ്റ് ഗാനങ്ങളിൽ നിന്ന് എങ്ങനെ വ്യത്യാസപ്പെട്ടിരിക്കുന്നു?
പട്ടിക പൂർത്തിയാക്കുക.

- സ്വരങ്ങളുടെ സാന്നിധ്യം
- വരികളുടെ ആലാപനത്തിലെ ആവർത്തനം
- ..................................................
- ..................................................
- ..................................................

## കർണ്ണാടക സംഗീതരൂപങ്ങളെ പരിചയപ്പെടാം




### അഭ്യാസഗാനങ്ങൾ

കർണ്ണാടക സംഗീതത്തിലെ പ്രാഥമിക പാഠങ്ങളെ അഭ്യാസ ഗാനങ്ങൾ എന്നു പറയുന്നു.

### സഭാഗാനങ്ങൾ

പരിശീലന പാഠങ്ങൾക്കുശേഷം വർണ്ണം, കൃതി, കീർത്തനം, പദം, ജാവലി, തില്ലാന തുടങ്ങിയ സംഗീതരൂപങ്ങൾ പഠിക്കുകയും ഇവ സംഗീതക്കച്ചേരികളിൽ വേദിയിൽ അവതരിപ്പിക്കുകയും ചെയ്യുന്നു, ഇവയെല്ലാം സഭാഗാനങ്ങൾ എന്ന പേരിൽ അറിയപ്പെടുന്നു.

### സ്വരമാല നിർമ്മിക്കാം.



സ രി ഗ മ പ ധ നി സ , സ നി ധ പ മ ഗ രി സ
സപ്തസ്വരങ്ങൾ ക്രമമായി മനസ്സിൽ ഓർത്തതിനു ശേഷം പാടി നോക്കാം.
സപ്തസ്വരങ്ങൾ ചേർത്ത് സ്വരമാല ഉണ്ടാക്കാം.





സ്കൂൾ റിസോഴ്സ് ഫോൾഡറിലുള്ള ക്ലാസ് 9 ലെ 1.1 എന്ന ഫയൽ തുറക്കുക.




## സ്വരമാല പൂർത്തിയാക്കുക.

ചുവടെ കൊടുത്തിരിക്കുന്ന മാലയിലെ മുത്തുകളിൽ വിട്ടുപോയ സ്വരങ്ങൾ ചേർത്ത് സ്വരമാല പൂർത്തിയാക്കുക.




ഇതുപോലെ സ്വരങ്ങൾ കോർത്തിണക്കി പുതിയ സ്വരമാലകൾ നിർമ്മിക്കുക. മികച്ച രീതിയിൽ സ്വരമാല നിർമ്മിച്ചവർ ആരെല്ലാം ?




**വരിശകൾ**

സപ്തസ്വരങ്ങൾ പരിശീലിച്ചതിനുശേഷം സ്വരസ്ഥാനങ്ങൾ ഉറപ്പിക്കുന്നതിനുള്ള പ്രാഥമിക അഭ്യാസ പാഠങ്ങളാണ് വരിശകൾ.

**അലങ്കാരങ്ങൾ**

സപ്തതാളങ്ങളെ മനസ്സിലാക്കുന്നതിനുവേണ്ടിയുള്ള അഭ്യാസഗാനമാണ് അലങ്കാരങ്ങൾ.

**ഗീതം**

സ്വരവും സാഹിത്യവും ഉൾക്കൊള്ളുന്ന ലളിതമായ സംഗീത രൂപമാണ് ഗീതം. ഗീതം പ്രധാനമായും ലക്ഷ്യ ഗീതം, ലക്ഷണഗീതം എന്നിങ്ങനെ രണ്ടുതരത്തിലുണ്ട്.

**സ്വരജതി**

സ്വരവും സാഹിത്യവും ഉൾക്കൊള്ളുന്ന സംഗീത രൂപമാണ് സ്വരജതി. സംഗീതത്തിലും നൃത്തത്തിലും സ്വരജതി ഉപയോഗിക്കുന്നു.



## സ്വാതിതിരുനാൾ

കർണ്ണാടക സംഗീതത്തിന് അതുല്യ സംഭാവനകൾ നൽകിയ കേരളീയ സംഗീതജ്ഞനായിരുന്നു സ്വാതിതിരുനാൾ. സംഗീത ത്രിമൂർത്തികളായ ത്യാഗരാജസ്വാമികൾ, മുത്തുസ്വാമിദീക്ഷിതർ, ശ്യാമശാസ്ത്രികൾ എന്നിവരുടെ സമകാലികനാണ്.

### ജതിസ്വരം

ജതിസ്വരത്തിൽ സ്വരത്തോടൊപ്പം സാഹിത്യം ഉണ്ടാകില്ല.

### വർണ്ണം

ഒരു രാഗത്തിലെ സഞ്ചാര പഥങ്ങളെല്ലാം ഉൾപ്പെടുത്തി കൊണ്ടുള്ള സംഗീതത്തിലെ ഒരു പ്രധാനപ്പെട്ട സംഗീതരൂപമാണ് വർണ്ണം. താനവർണ്ണം, പദവർണ്ണം, ദരുവർണ്ണം, എന്നിങ്ങനെ മൂന്നു വിധത്തിലുണ്ട്.

### കൃതി

സംഗീതത്തിന് പ്രാധാന്യ മുള്ളവയാണ് കൃതികൾ.

### കീർത്തനം

സംഗീതത്തെക്കാൾ സാഹിത്യത്തിന് പ്രാധാന്യമുള്ള വയാണ് കീർത്തനങ്ങൾ.



## പാടിനോക്കാം

ചുവടെ കൊടുത്തിരിക്കുന്ന സ്വരജതിയുടെ സാഹിത്യത്തോടൊപ്പം സ്വരവും പാടിനോക്കൂ.

സ്വരജതി
രാഗം - ബിലഹരി
താളം - ആദി

സാ രി ഗാ പാ ധാസ്ം നിാധാ
രാ ര വേണു ഗോപ ബാല

പാധപ മഗരിസ രിസനിധ സാാാ
രാജിത സദ്ഗുണ ജയശീ ല

സാാരി ഗാ പാ മാഗാ പാധാ
സാ ര സാക്ഷാ നേര മേ മീ

രിാ സ് നിാ ധാ പാാ മ ഗാരിാ
മാ രു ബാ ധാ കോർവ്വ ലേറാ



സ്കൂൾ റിസോഴ്സ് ഫോൾഡറിലുള്ള ക്ലാസ് 9 ലെ 1.2 എന്ന ഫയൽ തുറക്കുക.



## കുട്ടിക്കുഞ്ഞ് തങ്കച്ചി (1820-1904)

കുട്ടിക്കുഞ്ഞ് തങ്കച്ചി എന്നറിയപ്പെടുന്ന ലക്ഷ്മിപിള്ള കേരളത്തിലെ കവയത്രിയും കർണ്ണാടക സംഗീതജ്ഞയുമാണ്. പ്രശസ്ത സംഗീതജ്ഞൻ ഇരയിമ്മൻതമ്പിയുടെ മകളാണ്. പാർവതീസ്വയംവരം, മിത്രസഭാ മോക്ഷം തുടങ്ങിയ നിരവധി ആട്ടക്കഥകളുടെ രചയിതാവുമാണ്.



## കെ. സി. കേശവപിള്ള (1868-1914)

കർണാടക സംഗീതജ്ഞനും മലയാള സാഹിത്യത്തിലെ കവിയുമായ കെ. സി. കേശവപിള്ള തിരുവിതാംകൂർ കവിപുരസ്കാര ജേതാവാണ്. അദ്ദേഹത്തിന്റെ മലയാള കീർത്തനങ്ങൾ ശ്രദ്ധേയങ്ങളാണ്.



# വേരുകൾകൊണ്ടു തൊടാം

താഴെ കൊടുത്തിരിക്കുന്ന വരികൾ നമുക്ക് താളത്തിൽ പാടാം. വരികൾക്കൊപ്പം ഡെസ്കിൽ തട്ടിയും കുപ്പിയോ പാത്രമോ മുട്ടിയും താളമിട്ടാലോ...

"ദേശത്തിന്റെ
വടക്ക്വോറം ചെക്കുന്നുമല
കുന്നിന്റെ തടത്തില് കല്ലോളം
കല്ലൊളത്തില് കണ്ണാട്യ്വെള്ളം.
താഴെ തച്ചാങ്കൊളം. നട്ക്ക് തൈതാരംപാറ,
പാറ നെരന്ന മണ്ണുരുവം.
കല്ലൊളത്തിലെ കണ്ണാട്യ്വെള്ളം.
തൈതാരം പാറനെ അടിതുരന്ന്
തച്ചാംകൊളത്തില്ന്ന്
കാർണോമ്മാര് ചൊല്ലിത്തന്ന
കേളി."

\- ദിനേശ് കുമാർ ഇ.സി

(മലപ്പുറം ജില്ലയിലെ നെടിയിരിപ്പ്, കൊണ്ടോട്ടി, അരീക്കോട് ഭാഗങ്ങളിലെ തനതു ഭാഷയിൽ എഴുതപ്പെട്ട വരികളാണ് ഇത്)

പ്രകൃതിയിലെ എന്തെല്ലാം കാഴ്ചകളാണ് ഈ വരികളിലുള്ളത്.

- ..............................
- ..............................
- ..............................
- ..............................



സ്കൂൾ റിസോഴ്സ് ഫോൾഡറിലുള്ള ക്ലാസ് 9 ലെ 1.3 എന്ന ഫയൽ തുറക്കുക.



## അഭിനയിക്കാം

നാടകം അഭിനയിക്കാം. താഴെ കൊടുത്ത കഥ വികസിപ്പിച്ച് രംഗാവതരണം ഒരുക്കാം.
മുകളിൽ കൊടുത്ത പാട്ട്, നിങ്ങൾ കണ്ടെത്തിയ ഈണത്തോടെ രംഗാവതരണത്തിൽ ഉപയോഗിക്കാവുന്നതാണ്. രംഗാവതരണത്തിന് അനുയോജ്യമായ ഇടം സ്കൂൾ പരിസരത്തുനിന്നും കണ്ടെത്തുക.

വയലിൽ ജോലി ചെയ്തുകൊണ്ടിരിക്കുന്ന ഗ്രാമീണർക്കിടയിലേക്ക് ഒരാൾ ഓടിവരുന്നു.

വന്നയാൾ : ചമ്പ പെറ്റു, കുട്ടി പെണ്ണ്.
(ഗ്രാമത്തിലെ ആളുകൾ സന്തോഷം പ്രകടിപ്പിച്ച് പാട്ടുപാടി നൃത്തം ചെയ്യുന്നു.)

മറ്റുള്ളവർ : എന്നിട്ട് നീയത് ഗ്രാമത്തലവനോട് പോയി പറഞ്ഞോ ?

വന്നയാൾ : ഇല്ല നമുക്ക് പറയാൻ പോയാലോ....?

എല്ലാവരും പാട്ടുപാടിക്കൊണ്ട് ഘോഷയാത്രയായിത്തന്നെ നടന്നുപോകുന്നു.

പറമ്പിൽ പണിയെടുത്തുകൊണ്ടിരിക്കുന്ന ഗ്രാമത്തലവന്റെ അടുത്ത് ചെല്ലുന്നു.

എല്ലാവരും കൂടി : ചമ്പ പെറ്റു.
പെൺകുട്ടിയാണ്.

ഗ്രാമത്തലവൻ : പെണ്ണും മണ്ണും വളരട്ടെ,

മരങ്ങൾ നട്ട് നമുക്ക് ഭൂമിക്ക് തണലേകാം. നമുക്ക് പണി തുടങ്ങാം. അതല്ലേ പിപ്പലാന്ത്രി ഗ്രാമത്തിലെ പതിവ് ? ഗ്രാമത്തലവൻ കുട്ടികൾക്ക് കൈക്കോട്ടുകൾ, ചെടികൾ, വെള്ളപ്പാത്രങ്ങൾ എന്നിവ താളത്തിൽ നൃത്തം ചവിട്ടിക്കൊണ്ട് കൈമാറുന്നു. ചിലർ കുഴികൾ ഉണ്ടാക്കുന്നു. മറ്റു ചിലർ ചെടികൾ ഉന്തുവണ്ടിയിലാക്കി പാട്ടും നൃത്തവുമായി കൊണ്ടുവരുന്നു. കുറച്ചുപേർ കുഴികളിൽ ചെടികൾ വച്ച് വെള്ളമൊഴിക്കുന്നു.

നാടകം എല്ലാവർക്കും ഇഷ്ടമായോ ?

രാജസ്ഥാനിലെ പിപ്പലാന്ത്രി ഗ്രാമത്തിൽ പെൺകുട്ടികൾ ജനിച്ചാൽ നാട്ടുകാരും വീട്ടു കാരും ചേർന്ന് 111 വൃക്ഷത്തൈ കൾ നടുന്ന പതിവുണ്ട്. ഗ്രാമ തലവനായിരുന്ന ശ്യാം സുന്ദർ പലിവാൽ അദ്ദേഹത്തിന്റെ മരിച്ചുപോയ മകളുടെ ഓർമ്മയ്ക്കായി കൊണ്ടുവന്ന പദ്ധതിയാണിത്.



### നരിപ്പറ്റ രാജു

മലയാള നാടകവേദിയിലെ പ്രമുഖനായ നാടക സംവി ധായകനും അധ്യാപകനും ആണ്. നാടകരംഗത്തെ സമഗ്ര സംഭാവനയ്ക്കുള്ള സംഗീതനാടക അക്കാദമി പുരസ്കാരം ലഭിച്ചിട്ടുണ്ട്.

**രംഗാവതരണം തയ്യാറാക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ**

- രംഗാവതരണത്തിന് അനുയോജ്യമായ ഇടം സ്കൂൾ പരിസരത്തുനിന്ന് കണ്ടെത്തുക.
- അരങ്ങ് പരിസ്ഥിതിയുമായി ഇണങ്ങി നിൽക്കുന്നതായിരിക്കണം.
- രംഗസാമഗ്രികളുടെ നിർമ്മാണത്തിൽ പ്രകൃതിദത്ത വസ്തുക്കൾ ഉപയോഗിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കുമല്ലോ.
- ആവശ്യമായ സംഭാഷണങ്ങളും പശ്ചാത്തല സംഗീതവും ഉൾപ്പെടുത്തുവാൻ മറക്കരുത്
- അവതരണത്തിന് പ്രേക്ഷകരെക്കൂടി പങ്കാളികളാക്കാൻ ശ്രദ്ധിക്കണേ......





## ഹബീബ് തൻവീർ

ഇന്ത്യയിലെ ഏറ്റവും പ്രശസ്തനായ ഉറുദു, ഹിന്ദി നാടകകൃത്തുക്കളിൽ ഒരാളും നാടക സംവിധായകനും കവിയും നടനും ആയിരുന്നു. 1959ൽ ഗോത്രകലാകാരർക്കൊപ്പം ഛത്തീസ്ഗഡിൽ അദ്ദേഹം സ്ഥാപിച്ച നാടകസംഘമാണ് നയാ തീയേറ്റർ. (NAYA THEATRE)

**അംഗീകാരങ്ങൾ :**
പത്മശ്രീ, സംഗീത നാടക അക്കാദമി അവാർഡ്, ജവഹർലാൽ നെഹ്റു ഫെലോഷിപ്പ്, കാളിദാസ് സമ്മാൻ, സംഗീത നാടക അക്കാദമി ഫെലോഷിപ്പ്.

## പ്രധാനപ്പെട്ട നാടക ഫെസ്റ്റിവലുകൾ

- ITFOK തൃശ്ശൂർ, കേരള സംഗീത നാടക അക്കാദമി.
- ഭാരത് രംഗ മഹോത്സവ്, NSD, ന്യൂഡൽഹി.
- അവിഗ്നോൺ ഫെസ്റ്റിവൽ ഫ്രാൻസ്. (AVIGNON FESTIVAL)

## തീയറ്റർ സ്കൂളുകൾ

- സ്കൂൾ ഓഫ് ഡ്രാമ ആൻഡ് ഫൈൻ ആർട്സ്, തൃശ്ശൂർ.
- ശ്രീ ശങ്കരാചാര്യ സംസ്കൃത സർവകലാശാല, കാലടി.
- നാഷണൽ സ്കൂൾ ഓഫ് ഡ്രാമ, ഡൽഹി.
- RADA- റോയൽ അക്കാദമി ഓഫ് ഡ്രമാറ്റിക് ആർട്ട് - ലണ്ടൻ.

## പാരിസ്ഥിതിക നാടകം

**(Environmental Theatre)**

1930 കളോടെ ആരംഭിച്ച പുതുനാടക പ്രസ്ഥാനങ്ങളിലെ ഒരു ശാഖയാണ് പാരിസ്ഥിതിക നാടകങ്ങൾ. പ്രേക്ഷകരും അഭിനേതാക്കളും തമ്മിലുള്ള അകലം കുറച്ച് തുറന്ന അന്തരീക്ഷത്തിൽ അവതരിപ്പിക്കുന്ന നാടകങ്ങളായ പാരിസ്ഥിതിക നാടകങ്ങൾ പ്രേക്ഷകരുമായി കുറേക്കൂടി ആഴത്തിൽ ഇടപഴകി പാരിസ്ഥിതികാവബോധം പ്രോത്സാഹിപ്പിക്കുന്നതിനുള്ള ശക്തമായ മാർഗമാണ്.



## രംഗാവതരണം തയ്യാറാക്കാം.

പരിസ്ഥിതി സംരക്ഷണത്തിന്റെ ആവശ്യകത വിളിച്ചോതുന്ന ചിത്രങ്ങളാണ് ചുവടെ കൊടുത്തിരിക്കുന്നത്. ചിത്രം സൂക്ഷ്മമായി നിരീക്ഷിച്ച് രംഗാവതരണം തയ്യാറാക്കുക.




18

| മലയാളത്തിലെ ചില പരിസ്ഥിതി നാടകങ്ങൾ | | |
|---|---|---|
| 1 | കൂട്ടുകൃഷി | ഇടശ്ശേരി |
| 2 | ഇടനിലങ്ങൾ | കെ.വി. ശ്രീജ |
| 3 | ചക്ക | തുപ്പേട്ടൻ |

## സ്ക്രിപ്റ്റ് തയ്യാറാക്കാം

താഴെ കൊടുത്തിരിക്കുന്ന വ്യക്തികൾ/ആശയങ്ങൾ/പ്രസ്ഥാനങ്ങൾ എന്നിവയെ അടിസ്ഥാനമാക്കി സമാനമായ രീതിയിൽ രംഗാവതരണത്തിനുള്ള സ്ക്രിപ്റ്റ് തയ്യാറാക്കുക.


- വാൻകാരി മാതായ് (വാംഗാരി മാതായി)
- കല്ലേൻ പൊക്കുടൻ
- ചിപ്കോ മൂവ്മെന്റ്
- സൈലന്റ് വാലി പ്രക്ഷോഭം

### ചിപ്കോ പ്രസ്ഥാനം :

ഇന്ത്യയിലെ പരിസ്ഥിതി സംരക്ഷണ സമര പ്രസ്ഥാനങ്ങളിൽ പ്രശസ്തമായതാണ് ചിപ്കോ. 1970-ൽ വനവൃക്ഷങ്ങൾ മുറിക്കുന്നതിന് അനുമതികൊടുത്ത ഉത്തർപ്രദേശ് സർക്കാരിനെതിരെ ഗ്രാമീണ ജനതയും കർഷകരും ചേർന്ന് നടത്തിയ ചെറുത്തുനിൽപ്പാണിത്. ചമോലിജില്ലയിലെ റെനി ഗ്രാമത്തിലെ ഗ്രാമീണ വനിതകൾ മരത്തെ വലയം ചെയ്തു നടത്തിയ സമരമാണ് ചിപ്കോ പ്രക്ഷോഭത്തിന് വഴിവച്ചത്.








# കഥ, തിരക്കഥ, സംഭാഷണം

മുകളിൽ കൊടുത്തിരിക്കുന്ന ചിത്രത്തിലെ നോട്ടീസ് ശ്രദ്ധിക്കൂ...
കുട്ടികളുടെ ചലച്ചിത്രമേളയിലേക്ക് നമുക്ക് ഒരു തിരക്കഥ അയച്ചാലോ? "നിങ്ങൾ തയ്യാറല്ലേ? "
വിഷയം "മരങ്ങൾ" എന്നാണ്. തിരക്കഥയുടെ പരമാവധി ദൈർഘ്യം 3 മിനിട്ടാണ്...

## എഴുതാം

മരങ്ങൾ എന്ന വിഷയത്തിന്റെ പരിസ്ഥിതി പ്രാധാന്യം ഉൾക്കൊണ്ട് ഗ്രൂപ്പായി കഥകൾ തയ്യാറാക്കുക.
ഓരോ ഗ്രൂപ്പും എഴുതിയ കഥ ഗ്രൂപ്പ് ലീഡർ ക്ലാസിൽ അവതരിപ്പിക്കണം.

കഥ കിട്ടിയല്ലോ ? ഇനി നമുക്ക് തിരക്കഥയിലേക്ക് കടന്നാലോ?
തിരക്കഥ തയ്യാറാക്കുമ്പോൾ എന്തൊക്കെ ശ്രദ്ധിക്കാം, കുറിച്ചുനോക്കൂ.

- സംഭാഷണം ഉൾപ്പെടുത്താം
- 
- 

## മാതൃകയായി ചുവടെ കൊടുത്തിരിക്കുന്ന തിരക്കഥയുടെ ഒരു ഭാഗം ശ്രദ്ധിക്കൂ.

### സീൻ 7 : എക്സ്റ്റീരിയർ. സ്കൂൾ ഗ്രൗണ്ട് - വൈകുന്നേരം

സ്കൂൾ ഗ്രൗണ്ടിൽ പലതരം കളികളിലേർപ്പെടുന്ന കുട്ടികൾ. യൂണിഫോം ആണ് വേഷം. ഒരിടത്ത് ആവേശകരമായ ഫുട്ബോൾ മത്സരം നടക്കുന്നു. പെട്ടെന്ന് സ്കൂൾ വിടാനുള്ള ബെൽ മുഴങ്ങുന്നു. ഫുട്ബോൾ കളിയിൽ ജയിച്ചവർ ആഘോഷിച്ച് ഗ്രൗണ്ടിന്റെ സമീപത്ത് വച്ചിരിക്കുന്ന ബാഗുകൾ എടുക്കാൻ പോകുന്നു. ജയിച്ച സന്തോഷത്തിൽ ബാഗുകൾ എടുക്കുന്ന രണ്ട് കുട്ടികൾ. മിലൻ, 11 വയസ്സ്. ആമി, 11 വയസ്സ്.

ആമി :

*നിന്റെ ഗോള് അടിപൊളിയായിരുന്നു,*
*അവരെല്ലാം ഞെട്ടിപ്പോയി.*

മിലൻ :

*നാളേം ഈ ടീം മതി, നമുക്ക് നോക്കാം.*

പെട്ടെന്ന് ആമിയുടെ മുഖത്തെ ചിരിമായുന്നു. മിലന്റെ ഷർട്ടിനുനേരെ വിരൽ ചൂണ്ടുന്നു. കളിച്ച് അഴുക്ക് പറ്റിയ മിലന്റെ ഷർട്ടിന്റെ തുന്നൽ വിട്ടിരിക്കുന്നു. അതുകണ്ട് മിലന്റെ മുഖത്തേയും ചിരിമായുന്നു.

മിലൻ :

*അയ്യോ, അമ്മ അച്ഛനോട്*
*പറഞ്ഞ് എന്നെ ശരിപ്പെടുത്തും.*

[ഡിസോൾവ് ടു:]

### സീൻ 8 : ഇന്റീരിയർ. മിലന്റെ വീട് - രാത്രി

കുളിച്ച് റെഡിയായി പഠിക്കാനായി പുസ്തകവുമായി ടേബിളിന് മുന്നിൽ ഇരിക്കുന്ന മിലൻ. പുറത്ത് ഒരു സ്കൂട്ടർ വന്നുനിൽക്കുന്ന ശബ്ദം. പുറത്ത് അമ്മയുടെയും അച്ഛന്റെയും അവ്യക്തമായ സംഭാഷണങ്ങൾ. മുറിക്കകത്തേക്കു വരുന്ന അച്ഛൻ, പുറകേ കീറിയ ഷർട്ടുമായി അമ്മയുമുണ്ട്. ഭയത്തോടെ അച്ഛനെ നോക്കുന്ന മിലൻ.

അച്ഛൻ :

(മിലനോട്)

*എന്തായിത്.*

മിലൻ :

*ഫുട്ബോൾ.. കളിക്കുമ്പോൾ..*

അച്ഛൻ :

*ങാ..പഠിക്ക്.*

(അമ്മയോടായി ചിരിയോടെ)

*സാരമില്ല, തയ്ച്ചാൽ മതിയല്ലോ.*

അച്ഛൻ അകത്തേക്ക് പോകുന്നു. ഷർട്ടും പിടിച്ച് നോക്കി നിൽക്കുന്ന അമ്മയെ ചെറുചിരിയോടെ നോക്കുന്ന മിലൻ.

[ഫേഡ് ടു ബ്ലാക്ക്:]

## തിരക്കഥ എഴുതാം

മരം എന്ന വിഷയത്തെ ആസ്പദമാക്കി നിങ്ങൾ കണ്ടെത്തിയ കഥയ്ക്ക് ഗ്രൂപ്പുകളായി തിരക്കഥ തയ്യാറാക്കൂ. ഓരോ ഗ്രൂപ്പും തയ്യാറാക്കിയ തിരക്കഥകൾ ക്ലാസിൽ അവതരിപ്പിക്കുക, അവതരിപ്പിച്ച തിരക്കഥയെക്കുറിച്ചുള്ള അഭിപ്രായക്കുറിപ്പ് എഴുതുക.

തിരക്കഥ കൂടുതൽ മെച്ചപ്പെടുത്താൻ എന്തൊക്കെ മാറ്റങ്ങൾ വരുത്തണം?

ചിത്രങ്ങൾ കാണാം, തിരക്കഥ ശ്രദ്ധിക്കാം.

സ്കൂൾ റിസോഴ്സ് ഫോൾഡറിലുള്ള ക്ലാസ് 9-ലെ 1.4 എന്ന ഫയൽ തുറക്കുക.

### തിരക്കഥാകൃത്തുകളെ പരിചയപ്പെടാം.



**എം. ടി. വാസുദേവൻ നായർ**

പ്രശസ്ത എഴുത്തുകാരനും തിരക്കഥാകൃത്തും ചലച്ചിത്ര സംവിധായകനുമാണ്. അൻപതിലധികം സിനിമകൾക്ക് തിരക്കഥ എഴുതിയിട്ടുണ്ട്. നിരവധി ദേശീയ പുരസ്കാരങ്ങളും സംസ്ഥാന പുരസ്കാരങ്ങളും ലഭിച്ചിട്ടുണ്ട്. 2005-ൽ, പത്മഭൂഷൺ നൽകി രാജ്യം ആദരിച്ചു.



**ലോഹിതദാസ്**

മലയാള ചലച്ചിത്ര മേഖലയിലെ പ്രശസ്തനായ തിരക്കഥാകൃത്തും സംവിധായകനുമായിരുന്നു ലോഹിതദാസ്. നിരവധി ദേശീയ-സംസ്ഥാന അവാർഡുകൾ കരസ്ഥമാക്കിയിട്ടുണ്ട്. ഭൂതക്കണ്ണാടി എന്ന ചലച്ചിത്രത്തിലൂടെയാണ് സംവിധാന രംഗത്തേക്ക് കടന്നുവന്നത്.




**പി. പത്മരാജൻ**

തിരക്കഥാരചനയിലും സംവിധാനത്തിലും ശ്രദ്ധിക്കപ്പെട്ട വ്യക്തിയായിരുന്നു പി.പത്മരാജൻ. നിരവധി സിനിമകൾ സംവിധാനം ചെയ്യുകയും മുപ്പത്തിയഞ്ചിലധികം സിനിമകൾക്ക് തിരക്കഥ എഴുതുകയും ചെയ്തിട്ടുള്ള ഇദ്ദേഹത്തിന് ദേശീയ-സംസ്ഥാന അവാർഡുകൾ ലഭിച്ചിട്ടുണ്ട്.

**അഞ്ജലി മേനോൻ**



ലണ്ടൻ ഫിലിംസ്കൂളിൽനിന്ന് ഫിലിം ഡയറക്ഷൻ, ഫിലിം പ്രൊഡക്ഷൻ, ഫിലിം എഡിറ്റിംഗ് എന്നിവയിൽ ബിരുദാനന്തര ബിരുദം നേടിയ അഞ്ജലി മേനോൻ മികച്ച തിരക്കഥയ്ക്കുള്ള ദേശീയ അവാർഡും സംസ്ഥാന അവാർഡും നേടിയിട്ടുണ്ട്. സിനിമാ സംഘടനയായ വിമൻ ഇൻ സിനിമാ കളക്ടീവിന്റെ (ഡബ്ല്യു.സി.സി.) സ്ഥാപകരിലൊരാളാണ്.



# ആട്ടക്കളരി



ചാക്യാർകൂത്ത്



നങ്ങ്യാർകൂത്ത്



കൂടിയാട്ടം

കേരളത്തിൽ പ്രചാരത്തിലുള്ള മൂന്ന് കലാരൂപങ്ങളുടെ ചിത്രങ്ങൾ നിരീക്ഷിക്കൂ....

ഈ കലാരൂപങ്ങളിലെ ഘടകങ്ങൾ തമ്മിലുള്ള സമാനതകൾ എന്തെല്ലാമാണ്?

- കിരീടം
- മുഖത്തെഴുത്ത്
-
-
- വാദ്യങ്ങൾ
- അരങ്ങ്
-
-

അഭിനയം രണ്ടുവിധം.

- ലോകധർമ്മി.
- നാട്യധർമ്മി.

'ധർമ്മി' എന്നാൽ സ്വഭാവം എന്നർഥം.

സാധാരണ ജീവിതവുമായി ചേർന്ന് നിൽക്കുന്ന അഭിനയത്തെ 'ലോകധർമ്മി' എന്ന് പറയുന്നു.

സാങ്കേതികസ്വഭാവമുള്ള അഭിനയത്തെ 'നാട്യധർമ്മി' എന്ന് പറയുന്നു.



### കൂത്തമ്പലം

പരമ്പരാഗതമായി കൂത്തും കൂടിയാട്ടവും അവതരിപ്പിച്ചിരുന്ന ഇടമാണ് കൂത്തമ്പലങ്ങൾ. ക്ഷേത്രങ്ങളോട് ചേർന്നാണ് കൂത്തമ്പലങ്ങൾ നിർമ്മിച്ചിരുന്നത്. ഇന്ന് കൂത്തമ്പലങ്ങളിൽ മാത്രമല്ലാതെ ലോകമെമ്പാടും വ്യത്യസ്തങ്ങളായ വേദികളിൽ കൂടിയാട്ടം അവതരിപ്പിച്ചുവരുന്നു.



### കൂടിയാട്ടം കാണാൻ

സ്കൂൾ റിസോഴ്സ് ഫോൾഡറിലുള്ള ക്ലാസ് 9 ലെ 1.5 എന്ന ഫയൽ തുറക്കുക.

### കൂടിയാട്ടം:

യുനെസ്കോയുടെ പൈതൃക പട്ടികയിൽ ഉൾപ്പെട്ട കേരളത്തിന്റെ തനത് കലാരൂപമാണ് കൂടിയാട്ടം. സംസ്കൃതനാടകങ്ങളാണ് കൂടിയാട്ട അവതരണത്തിന് ഉപയോഗിക്കുന്നത്.



### അമ്മന്നൂർ മാധവ ചാക്യാർ (1917-2008)

തൃശ്ശൂർ ജില്ലയിലെ ഇരിങ്ങാലക്കുടയിൽ അമ്മന്നൂർ ചാക്യാർ മഠത്തിൽ ജനിച്ചു. തന്റെ സവിശേഷമായ ഭാവാവിഷ്ക്കാര സിദ്ധികൊണ്ട് കൂടിയാട്ടത്തിൽ സമുന്നത സ്ഥാനം അലങ്കരിച്ച നടനായിരുന്നു. പത്മശ്രീ, പത്മഭൂഷൺ പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ട്.

## മുഖഭാവങ്ങൾ



1



2



3

കൂടിയാട്ടത്തിലെ ചില കഥാപാത്രങ്ങളുടെ മുഖഭാവങ്ങൾ ശ്രദ്ധിക്കൂ.
ഓരോ കഥാപാത്രത്തിന്റെയും ഭാവങ്ങൾ കണ്ടെത്തി എഴുതുക.

ചിത്രം 1 .....................
ചിത്രം 2 .....................
ചിത്രം 3 .....................



### നേത്രാഭിനയം

**നേത്രാഭിനയം :** മുഖത്ത് ഭാവങ്ങൾ വരുത്തുന്നതിൽ കണ്ണിന് വലിയ പ്രാധാന്യമുണ്ട്. നിവർന്നിരുന്ന് കണ്ണുകൾ വിടർത്തി വൃത്താകൃതിയിൽ കൃഷ്ണമണി ചലിപ്പിക്കൂ. അതുപോലെ വശങ്ങളിലേക്കും, മുകളിലേക്കും താഴേക്കും ഇരുകോണുകളിലേക്കും കൃഷ്ണമണി ചലിപ്പിക്കുക. രണ്ടു ഗ്രൂപ്പായി മുഖാമുഖമിരുന്നു ചെയ്യാം.



### മിഴിമൊഴി

**മിഴിമൊഴി :** കണ്ണുകളുടെ ചലനങ്ങൾ കൊണ്ടുമാത്രം നിങ്ങൾക്ക് ഒരു ആശയം വിനിമയം ചെയ്യാൻ സാധിക്കുമോ?
കണ്ണുകൾ കൊണ്ട് താഴെപ്പറയുന്ന ആശയങ്ങൾ കൈമാറാൻ സാധിക്കുമോ എന്ന് ശ്രമിച്ചുനോക്കൂ.

1. അങ്ങോട്ടു നോക്കൂ
2. തീവ്രമായ വെളിച്ചം
3. ചുറ്റിലും ഇരുട്ടാണ്
4. ഇങ്ങോട്ട് വരൂ

കുട്ടികൾ നാല് ഗ്രൂപ്പായി ചെയ്യണം. നാല് ആശയങ്ങളും എല്ലാ ഗ്രൂപ്പും അവതരിപ്പിക്കണം. ഏറ്റവും മികച്ച രീതിയിൽ അവതരിപ്പിച്ചവർ ആരെല്ലാം ?

ചിത്രം 1



ചിത്രം 2



ചിത്രം 3



ചിത്രം 4





## മുഖാഭിനയം

മുകളിൽ കൊടുത്തിരിക്കുന്ന നാലു ചിത്രങ്ങൾ കാണുക.

1. വിരിഞ്ഞുനിൽക്കുന്ന പൂവ്.
2. പൂവിലേക്ക് പറന്നുവരുന്ന വണ്ട്.
3. പൂവിലിരുന്ന് തേൻ കുടിക്കുന്ന വണ്ട്.
4. തേൻ നുകർന്നശേഷം പറന്നുപോകുന്ന വണ്ട്.



സ്കൂൾ റിസോഴ്സ് ഫോൾഡറിലുള്ള ക്ലാസ് 9 ലെ 1.6 എന്ന ഫയൽ തുറക്കുക.

നാല് ഗ്രൂപ്പ് ആകുക. ചിത്രത്തിലെ ആശയങ്ങൾ മുദ്രകൾ കൊണ്ടും മുഖാഭിനയം കൊണ്ടും വിശേഷിച്ച് കണ്ണിന്റെയും  അഭിനയത്തോടുകൂടി അവതരിപ്പിക്കുക.



1. മഴ പെയ്യുന്നു.
2. മഴയിൽ മയിലുകൾ നൃത്തം ചെയ്യുന്നു
3. പൂക്കൾ മഴക്കാറ്റിൽ ആടിയുലയുന്നു.
4. പക്ഷികൾ മരച്ചില്ലകളിൽ അഭയം തേടുന്നു.
5. മാൻകുട്ടി തുള്ളിക്കളിക്കുന്നു.

തന്നിരിക്കുന്ന സൂചകങ്ങൾ നിങ്ങൾ പഠിച്ചിട്ടുള്ള മുദ്രകളും മുഖാഭിനയവും ഉപയോഗിച്ച് നാട്യ സ്വഭാവത്തോടെ അഭിനയിച്ചുകാണിക്കുക.

### കുലശേഖരവർമ്മൻ

തപതീസംവരണം, സുഭദ്രാ ധനഞ്ജയം, എന്നീ സംസ്കൃത നാടകങ്ങളുടെ രചയിതാവായ കുലശേഖരവർമ്മൻ ആണ് കൂടിയാട്ടത്തിന്റെ പരിഷ്കർത്താവായി അറിയപ്പെടുന്നത്.



### പൈങ്കുളം രാമചാക്യാർ

അനുഷ്ഠാനങ്ങളുടെ ഭാഗമായി കൂത്തമ്പലങ്ങളിൽ മാത്രം ഒതുങ്ങിനിന്നിരുന്ന കൂടിയാട്ടം സാമൂഹ്യ അതിർവരമ്പുകളെ ഭേദിച്ചുകൊണ്ട് കലാമണ്ഡലത്തിൽ പാഠ്യവിഷയമാക്കിയപ്പോൾ അതിനു നേതൃത്വം നൽകിയത് പൈങ്കുളം രാമചാക്യാർ ആണ്.



സ്കൂൾ റിസോഴ്സ് ഫോൾഡറിലുള്ള ക്ലാസ് 9 ലെ 1.7 എന്ന ഫയൽ തുറക്കുക.

# 2

# വര, നിറം, ദേശം



പാട്ടറിവ് 2.1

പകർപ്പെടുപ്പിന്റെ കല 2.2

സിനിമയൊരുക്കം 2.3

പാഠത്തിലൂടെ നടക്കാം 2.4

താഴ്‌വരകളുടെ നൃത്തം 2.5



# പാട്ടറിവ്

നാടൻപാട്ടുകൾക്ക് വിവിധ വിഭാഗങ്ങൾ ഉള്ളതായി നിങ്ങൾക്കറിയാമോ? ഏതുതരം നാടൻപാട്ടുകളാണ് നിങ്ങൾക്കിഷ്ടം.

1..................................

2..................................

3..................................

നാടൻപാട്ടുകൾ എല്ലാവർക്കും ഏറെ പ്രിയപ്പെട്ടവയാണ്. ഇവ ഓരോ പ്രദേശത്തും നിലനിന്നിരുന്ന സാമൂഹികവ്യവസ്ഥയെയും സംസ്കാരത്തെയും പ്രതിനിധാനം ചെയ്യുന്നു

കേരളത്തിലെ ചില അനുഷ്ഠാന പാട്ടുകളെയും നാടൻപാട്ടുകളെയും പരിചയപ്പെടാം

## അനുഷ്ഠാനപ്പാട്ട്

1. പുള്ളുവൻപാട്ട്
2. ഉടുക്ക്പാട്ട്
3. നന്തുണിപ്പാട്ട്
4. തുയിലുണർത്ത് പാട്ട്
5. ഭദ്രകാളിപ്പാട്ട്
6. കുത്തിയോട്ടപ്പാട്ട്
7. ബ്രാഹ്മണിപ്പാട്ട്
8. പൂക്കുലപ്പാട്ട്

## നാടൻപാട്ട്

1. കൃഷിപ്പാട്ട്
2. കുറത്തിപ്പാട്ട്
3. ചെങ്ങന്നൂരാതി പാട്ട്
4. കടൽപ്പാട്ട്
5. വട്ടക്കളിപ്പാട്ട്
6. ചവിട്ടുകളിപ്പാട്ട്
7. വെറ്റിലപ്പാട്ട്
8. ഇടനാടൻപാട്ട്

### അനുഷ്ഠാനപ്പാട്ടുകൾ.

ഓരോ പ്രദേശത്തിന്റെയും ആചാരങ്ങളും അനുഷ്ഠാനങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നു

### നാടൻപാട്ടുകൾ.

ഓരോ പ്രദേശത്തിന്റെയും സംസ്കാരം, തൊഴിൽ, ആഘോഷം തുടങ്ങിയവയുമായി ബന്ധപ്പെട്ടിരിക്കുന്നു. ഓരോ പാട്ടിനും വ്യത്യസ്തമായ ആലാപന ശൈലി ഉണ്ട്. പ്രാദേശികമായി നിർമ്മിച്ച വാദ്യോപകരണങ്ങളാണ് പൊതുവേ അനുഷ്ഠാന പാട്ടുകൾക്കും നാടൻപാട്ടുകൾക്കും ഉപയോഗിക്കുന്നത്. അനുഷ്ഠാനപ്പാട്ടുകളും നാടൻ പാട്ടുകളും തനത് ജീവിത സംസ്കാരത്തേയും തനിമകളെയും ഉൾക്കൊള്ളുന്നതിനാൽ രണ്ടും പരസ്പരം ഇഴചേർന്നുനിൽക്കുന്നു.



### പാടാം

മുകളിൽ കൊടുത്തിരിക്കുന്ന വിഭാഗങ്ങളിൽ നിന്നും നിങ്ങൾക്ക് ഇഷ്ടമുള്ള രണ്ടു പാട്ടുകൾ കണ്ടെത്തി പാടുക.



## കൃഷിപ്പാട്ട് കേൾക്കാം പാടാം.....

നാല് ഗ്രൂപ്പായി  തിരിഞ്ഞ് ഓരോ ഗ്രൂപ്പും നിങ്ങൾക്ക് ഇഷ്ടമുള്ള ഒരു കൃഷിപ്പാട്ട് തിരഞ്ഞെടുത്തു പാടി അവതരിപ്പിക്കുക.

നന്നായി പാടി അവതരിപ്പിച്ച ഗ്രൂപ്പുകൾ ഏതെല്ലാം?



**ഒരു കൃഷിപ്പാട്ട് കേൾക്കാം**

സ്കൂൾ റിസോഴ്സ് ഫോൾഡറിലുള്ള ക്ലാസ് 9 ലെ 2.1 എന്ന ഫയൽ തുറക്കുക.

**കേരളത്തിലെ വിവിധതരം അനുഷ്ഠാനപ്പാട്ടുകളെയും നാടൻപാട്ടുകളെയും പരിചയപ്പെട്ടല്ലോ?**

ഇന്ത്യയുടെ എല്ലാ പ്രദേശങ്ങളിലും സംസ്കാരം ഉൾക്കൊള്ളുന്ന നാടൻ സംഗീതം ഉണ്ട്.  ഓരോ സംസ്ഥാനത്തും വ്യത്യസ്തമായ നാടൻപാട്ടുകൾ കാണപ്പെടുന്നു. കേരളത്തിൽ എന്നപോലെ ഇന്ത്യയിലെ മിക്ക സംസ്ഥാനങ്ങളിലും നാടൻ പാട്ടുകൾ ഉണ്ട്. ചില സംസ്ഥാനങ്ങളിലെ നാടൻ സംഗീതത്തിന്റെ പേരുകൾ പരിചയപ്പെടാം

1. കുമ്മിപ്പാട്ട് - തമിഴ്നാട്
2. ഭവഗീതേ - കർണാടക
3. പൊവാടാ - മഹാരാഷ്ട്ര
4. മാൻഡോ - ഗോവ
5. കോലാട്ടം/കൊളുന്നലു - ആന്ധ്രാപ്രദേശ്
6. പൈഗാനം - മധ്യപ്രദേശ്
7. മാണ്ട് - രാജസ്ഥാൻ
8. സൊഹാർ - ബീഹാർ, ഉത്തർപ്രദേശ്
9. പാണ്ഡവാണി - ഛത്തീസ്ഗഢ്
10. ബാവുൾ - ബംഗാൾ

മുകളിൽ കൊടുത്തിരിക്കുന്ന വിവിധ സംസ്ഥാനങ്ങളിലെ നാടൻ സംഗീതത്തെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾ കണ്ടെത്തൂ...

**പാട്ടറിവ്**



### വെട്ടിയാർ എം. പ്രേംനാഥ്

നാടൻപാട്ടുകളുടെ സമ്പാദകൻ, സാമൂഹ്യ ചരിത്രകാരൻ, നിരവധി ഗ്രന്ഥങ്ങളുടെ രചയിതാവ് എന്നീ നിലകളിലെല്ലാം ശ്രദ്ധിക്കപ്പെട്ട വ്യക്തിയാണ് വെട്ടിയാർ എം. പ്രേംനാഥ്.



### സി. ജെ. കുട്ടപ്പൻ

ആറുപതിറ്റാണ്ടിലധികമായി നാടൻപാട്ടിലും അതിന്റെ ഭാഗമായുള്ള ചരിത്രപഠനത്തിലും ആവിഷ്കാരത്തിലും മുഴുകിയിരിക്കുന്ന നാടൻപാട്ട് കലാകാരൻ. കേരള ഫോക്ക് ലോർ അക്കാദമി ചെയർമാനായി ദീർഘകാല സേവനം. നിരവധി പുരസ്ക്കാരങ്ങൾ ലഭിച്ചിട്ടുണ്ട്.



## കണ്ടെത്താം പാടാം

നിങ്ങളുടെ പ്രദേശത്ത് കണ്ടുവരുന്ന അനുഷ്ഠാന പ്പാട്ടുകൾ, നാടൻപാട്ടുകൾ എന്നിവ കണ്ടെത്തി അതിന്റെ പ്രത്യേകതകൾ, ആലാപന ശൈലി എന്നിവയെക്കുറിച്ച് കുറിപ്പ് തയ്യാറാക്കി ഗ്രൂപ്പ് തിരിഞ്ഞ് ക്ലാസിൽ ആലപിക്കുക.



# പകർപ്പെടുപ്പിന്റെ കല

നിങ്ങൾ സീലുകൾ ശ്രദ്ധിച്ചിട്ടില്ലേ!
എന്തിനാണ് സീലുകൾ ഉപയോഗിക്കുന്നത്?

1.......................................

2.......................................

3.......................................

## വിവിധതരം സീലുകളുടെ ചിത്രങ്ങൾ








സീലുകളിൽ ഉയർന്നതും താഴ്ന്നതുമായ പ്രതലങ്ങൾ ഉണ്ട്. ഉയർന്ന ഭാഗങ്ങളിൽ മാത്രം മഷി പുരളുകയും പ്രതലത്തിൽ ആ ഭാഗത്തുമാത്രം മഷി പതിഞ്ഞ് പ്രിന്റ് ലഭ്യമാകുകയും ചെയ്യുന്നു.



### പകർപ്പെടുക്കാം

വിവിധ പച്ചക്കറികൾ മുറിച്ച് അതിൽ മഷിയോ, നിറമോ പുരട്ടി പേപ്പറിൽ പതിപ്പിച്ചു പകർപ്പെടുക്കാം.







## പ്രിന്റ് ചെയ്യാം

നിങ്ങളുടെ പേര് സീൽ ആക്കി മാറ്റാൻ എന്തൊക്കെ മുന്നൊരുക്കങ്ങൾ നടത്തണം?

1......................................

2......................................

3......................................

അനുയോജ്യമായ പച്ചക്കറി തിരഞ്ഞെടുത്ത് നിങ്ങൾക്കിഷ്ടപ്പെട്ട ആകൃതികളോ, അക്ഷരങ്ങളോ, ഡിസൈനുകളോ കൊത്തിയെടുത്ത് നിറങ്ങൾ നൽകി പ്രതലത്തിൽ പതിപ്പിച്ച് പ്രിന്റിങ് നടത്തുക.

സീലുകളും പ്രിന്റുകളും പ്രദർശിപ്പിക്കുക. സീൽ നിർമ്മിച്ചതിന്റെയും പ്രിന്റിങ് നടത്തിയതിന്റെയും അനുഭവങ്ങൾ പങ്കുവെക്കുക.




പ്രിന്റിങ്ങിന് അനുയോജ്യമായ രീതിയിൽ കൊത്തിയെടുക്കുക.




മഷി പുരട്ടി പേപ്പറിൽ പതിപ്പിക്കാം


പ്രിന്റിങ്ങിന്റെ അടിസ്ഥാന രീതിയാണ് നമ്മൾ ഇവിടെ പരിചയപ്പെട്ടത്. ഇത്തരത്തിൽ വിവിധങ്ങളായ പ്രിന്റിങ് രീതികൾ നിലവിലുണ്ട്. അവയിൽ ചിലത് പരിചയപ്പെടാം.



ടിഡൽ പ്രിന്റിങ് മെഷീൻ. പ്രിന്റിങ്ങിന്റെ ആദ്യ രൂപം

### ലിത്തോഗ്രഫി (Lithography)

പരന്ന ചുണ്ണാമ്പുകല്ലോ, മിനുസമാർന്ന പ്രതലമുള്ള ലോഹപാളിയോ ഉപയോഗിച്ച് അച്ചടിക്കുന്ന രീതിയാണ് ലിത്തോഗ്രാഫി. വരയോ അക്ഷരങ്ങളോ ചിത്രങ്ങളോ കടലാസിൽ പകർപ്പെടുക്കാൻ ലിത്തോഗ്രാഫി ഉപയോഗിക്കുന്നു.



ലിത്തോഗ്രഫി



വുഡ്കട്ട് പ്രിന്റിങ്



എച്ചിങ്



ഓഫ് സെറ്റ് പ്രിന്റിങ്



ഡിജിറ്റൽ പ്രിന്റിങ്

### വുഡ്കട്ട് പ്രിന്റിങ് (Woodcut Printing)

റിലീഫ് പ്രിന്റിങ് സാങ്കേതികതയാണ് വുഡ്കട്ട്. മരത്തിന്റെ പാളികളിലെ പരന്ന പ്രതലത്തിൽ ചിത്രം വരച്ച്, പ്രിന്റ് ചെയ്യേണ്ട ഭാഗം നിലനിർത്തി മറ്റുള്ള ഭാഗങ്ങൾ നീക്കം ചെയ്ത് മഷിപുരട്ടി പേപ്പറിലോ അനുയോജ്യമായ മറ്റ് പ്രതലങ്ങളിലോ പകർപ്പെടുക്കുന്ന രീതിയാണിത്.

### എച്ചിങ് (Etching)

ഇന്റാഗ്ലിയോ പ്രിന്റ് നിർമ്മാണപ്രക്രിയയാണ് എച്ചിങ്. മിനുസപ്പെടുത്തിയ ലോഹപ്ലേറ്റിൽ മെഴുക് പുരട്ടി അതിനു മുകളിൽ ആവശ്യമായ ചിത്രമോ അക്ഷരമോ വരച്ചെടുത്ത് ആസിഡിൽ മുക്കിവച്ച് വരച്ചഭാഗം കുഴിച്ചെടുക്കുന്നു. ആസിഡിന്റെ തീവ്രതയനുസരിച്ച് കുഴികൾ ഏറിയും കുറഞ്ഞുമിരിക്കും. മെഴുക് നീക്കിയതിനു ശേഷം ലോഹപ്ലേറ്റിൽ മഷിപുരട്ടി കുഴിഞ്ഞ ഭാഗത്തെ അക്ഷരങ്ങളോ ചിത്രങ്ങളോ വരകളോ അടയാളങ്ങളോ പേപ്പറിൽ പകർപ്പെടുക്കാൻ സാധിക്കുന്നു.

### ഓഫ്സെറ്റ് പ്രിന്റിങ് (Offset Printing)

വർത്തമാനപത്രങ്ങൾ, ബ്രോഷറുകൾ, നോട്ടീസുകൾ, മാസികകൾ തുടങ്ങി വൻതോതിൽ പകർപ്പെടുക്കേണ്ട സന്ദർഭങ്ങളിൽ ഉപയോഗിക്കുന്ന അച്ചടിരീതിയാണ് ഓഫ്സെറ്റ്.

### ഡിജിറ്റൽ പ്രിന്റിങ് (Digital Printing)

ഡിജിറ്റൽ ചിത്രങ്ങൾ വിവിധ മാധ്യമങ്ങളിലൂടെ നേരിട്ട് അച്ചടിക്കുന്ന പ്രക്രിയയാണ് ഡിജിറ്റൽ പ്രിന്റിങ്. നിർമ്മിക്കുന്ന ഇമേജുകളെ പൂർണ്ണമായും IT അടിസ്ഥാനമാക്കി പ്രിന്റ് ചെയ്യുന്ന രീതിയാണ് ഡിജിറ്റൽ പ്രിന്റിങ്.



സ്ക്രീൻപ്രിന്റിങ്



എക്കോ പ്രിന്റിങ്

ഇതിൽ പ്രിന്റിങ് പ്ലേറ്റിന്റെ ആവശ്യമില്ല. ഇങ്ക് ജെറ്റ് പ്രിന്റിങ്, ത്രീഡി പ്രിന്റിങ്, ലേസർ പ്രിന്റിങ്, ഫ്ലെക്സ്, ക്ലോത്ത്, വിനൈൽ തുടങ്ങിയവ യൊക്കെ ഡിജിറ്റൽ പ്രിന്റിങിന് ഉദാഹരണമാണ്.

### സ്ക്രീൻ പ്രിന്റിങ് (Screen Printing)

സ്ക്രീനിൽ തയ്യാറാക്കുന്ന ഇമേജുകളിലൂടെ മഷി കടത്തിവിട്ട് പേപ്പർ, തുണി, മരം എന്നിവയിൽ പ്രിന്റ് എടുക്കാവുന്ന രീതിയാണ് സ്ക്രീൻ പ്രിന്റിങ്.

### എക്കോ പ്രിന്റിങ് (Eco Printing)

ചെടികളുടെയും ഇലകളുടെയും, പൂക്കളുടെയും ആകൃതി, നിറം, അടയാളങ്ങൾ എന്നിവ തുണിയിൽ നേരിട്ട് പതിപ്പിക്കുന്ന സാങ്കേതികതയാണ് എക്കോ പ്രിന്റിങ്

## പ്രിന്റ് ചെയ്യാം

**പ്രിന്റിങിന്റെ രീതികൾ ഉപയോഗിച്ച് ഒരു ചിത്രം നിർമ്മിക്കൂ.**

വിവിധ രൂപങ്ങൾ കട്ടിയുള്ള പേപ്പറിലോ, കാർഡ്ബോർഡിലോ മുറിച്ചെടുത്ത് അതിന്മേൽ മഷിയോ നിറങ്ങളോ പുരട്ടി തുണിയിലോ, പേപ്പറിലോ പതിപ്പിച്ച് ചിത്രങ്ങൾ ഉണ്ടാക്കുക. പൂർത്തിയാക്കിയ ചിത്രങ്ങൾ പ്രദർശിപ്പിക്കുക. ചിത്രത്തിന്റെ ആശയം, രചനാരീതി, പ്രത്യേകതകൾ, പൂർണ്ണത എന്നിവ ചർച്ചചെയ്യൂ...

### യുക്കിയോ - ഇ പ്രിന്റിങ് (Ukiyo-e Printing)

17-19 നൂറ്റാണ്ടുകളിൽ ജാപ്പനീസ് കലയിൽ പ്രചാരം നേടിയ പ്രിന്റിങ് രീതിയാണ് യുക്കിയോ-ഇ.



കാത്സുഷിക ഹൊക്കുസായിയുടെ 'ദി ഗ്രേറ്റ് വേവ് ഓഫ് കനാഗവ ' (1831) എന്ന യുക്കിയോ-ഇ പ്രിന്റ്.

സ്കൂൾ റിസോഴ്സ് ഫോൾഡറിലുള്ള ക്ലാസ് 9 ലെ 2.2 എന്ന ഫയൽ തുറക്കുക.

### വരയ്ക്കാം

പ്രിന്റിങ് ചെയ്യാൻ ഉദ്ദേശിക്കുന്ന ചിത്രങ്ങൾ എങ്ങനെയുള്ളതാവണം?


നിങ്ങളുടെ ആശയങ്ങൾ എന്തൊക്കെയാണ് ?

വരച്ചുനോക്കൂ..

പൂർത്തിയായ ചിത്രങ്ങൾ പ്രിന്റിങിന് അനുയോജ്യമായ രീതിയിലേക്ക് മാറ്റാൻ ശ്രദ്ധിക്കുമല്ലോ.



ST-473-3-ART EDUCATION(M)9



## സോംനാഥ് ഹോർ (1921-2006)

ഇന്ത്യൻ ശില്പിയും പ്രിന്റ് മേക്കറുമായ സോംനാഥ് ഹോർ കൊൽക്കത്തയിലെ ഗവൺമെന്റ് കോളേജ് ഓഫ് ആർട്ട് ആന്റ് ക്രാഫ്റ്റിൽനിന്ന് ലിത്തോഗ്രാഫി, ഇന്റാഗ്ലിയോ എന്നീ പ്രിന്റ് മേക്കിങ് രീതികളിൽ നൈപുണ്യം നേടി. 'പൾപ്പ് പ്രിന്റിങ്' അടക്കം നിരവധി പ്രിന്റിങ് സങ്കേതങ്ങൾ അദ്ദേഹം കണ്ടെത്തുകയും വികസിപ്പിക്കുകയും ചെയ്തു. 1943-ലെ ബംഗാൾ ക്ഷാമകാലത്തെ ആസ്പദമാക്കി ഹോർ രചിച്ച വുഡ് കട്ട് പ്രിന്റുകൾ വളരെ പ്രശസ്തമാണ്.




"അറ്റ് ദി നൈറ്റ് മീറ്റിങ് " (1955)
- വുഡ് കട്ട് പ്രിന്റ് -
സോംനാഥ് ഹോർ



## സറീന ഹാഷ്മി (1937-2020)

മിനിമൽ ഡ്രോയിങ്, പ്രിന്റ് മേക്കിങ് എന്നിവയിൽ പ്രശസ്തയായ ഇന്തോ അമേരിക്കൻ കലാകാരിയാണ് സറീന ഹാഷ്മി. ഇന്റാഗ്ലിയോ, വുഡ് കട്ട്, ലിത്തോഗ്രഫി, സെറിഗ്രഫി എന്നീ പ്രിന്റിങ് സങ്കേതങ്ങളിൽ അവർ കലാസൃഷ്ടികൾ ആവിഷ്കരിച്ചിട്ടുണ്ട്.




" ഡൽഹി " (2000)
- വുഡ് കട്ട് പ്രിന്റ് -
സറീന ഹാഷ്മി




# സിനിമയൊരുക്കം

മുകളിലെ പോസ്റ്റർ നോക്കൂ.... ഈ സിനിമാപോസ്റ്ററിൽ എന്തൊക്കെയാണുള്ളത് ?

സിനിമയുടെ പേര്,

സംവിധായകന്റെ പേര്,

ഒരു സിനിമാപോസ്റ്ററിൽ മറ്റെന്തെല്ലാം ഉൾപ്പെടുത്താം?

കുറിക്കൂ...

1 ------------------------------

2 ------------------------------

3 ------------------------------

**സ്കൂൾ ഫിലിം ക്ലബിലെ തിരക്കഥ രചനാമത്സരത്തിൽ ഒന്നാം സ്ഥാനം നേടിയ കഥയിലെ രംഗം വായിച്ചു നോക്കൂ.**

സീൻ-1
ഇന്റീരിയർ/പഴയൊരുകെട്ടിടം/
പകൽ.

കഥാപാത്രങ്ങൾ

- വൃദ്ധൻ (80 വയസ്സ്)
- പോലീസുകാരൻ
- സഹായി
- പെൺകുട്ടി (10 വയസ്സ്)

കാലപ്പഴക്കം ചെന്ന ഒരു കെട്ടിടത്തിന്റെ സ്വീകരണമുറി. ഒരു വലിയ ക്യാൻവാസിൽ ചിത്രം വരച്ചുകൊണ്ടിരിക്കുന്ന 80 വയസ്സ് പ്രായം തോന്നിക്കുന്ന വൃദ്ധൻ. 10 വയസ്സുള്ള പെൺകുട്ടി അയാൾക്ക് നിറങ്ങൾ ഒരുക്കാൻ സഹായിക്കുന്നു. മേശയുടെ പുറത്തിരുന്ന ഗ്ലാസ്സുകൾ എടുത്തുകൊണ്ടു പോകുന്ന സഹായി. പെട്ടെന്ന് കേസന്വേഷണത്തിന്റെ ഭാഗമായി മുറിയിലേക്ക് വരുന്ന പോലീസുകാരൻ.

## സിനിമാ ഒരുക്കങ്ങൾ

ഈ രംഗം തിരക്കഥയ്ക്കനുയോജ്യമായി ഷൂട്ട് ചെയ്യാൻ കലാസംവിധാനം, ചമയം, വസ്ത്രാലങ്കാരം എന്നീ മേഖലകളിൽ എന്തെല്ലാം മുന്നൊരുക്കം നടത്തണം.

| മേഖല | മുന്നൊരുക്കം |
|---|---|
| കലാസംവിധാനം | |
| ചമയം | |
| വസ്ത്രാലങ്കാരം | |

**ചർച്ചയിൽ ഉരുത്തിരിഞ്ഞ കാര്യങ്ങൾ ക്ലാസിൽ അവതരിപ്പിക്കുക.**

## സിനിമ കാണാം

സ്കൂൾ റിസോഴ്സിൽ ലഭ്യമായ സിനിമ കണ്ടശേഷം കലാസംവിധാനത്തിലും ചമയത്തിലും വസ്ത്രാലങ്കാരത്തിലും എന്തെല്ലാം പ്രത്യേകതകൾ ഉണ്ടെന്നു ചർച്ച ചെയ്ത് ക്ലാസിൽ അവതരിപ്പിക്കൂ.

സ്കൂൾ റിസോഴ്സ് ഫോൾഡറിലുള്ള ക്ലാസ് 9 ലെ 2.3 എന്ന ഫയൽ തുറക്കുക.

### കലാസംവിധാനം

കഥാസന്ദർഭത്തിനനുയോജ്യമായ പശ്ചാത്തലം ഒരുക്കുകയും സാധനസാമഗ്രികൾ രൂപകല്പന ചെയ്യുകയും നിർമ്മിക്കുകയും ചെയ്യുന്ന പ്രവർത്തനത്തെ 'കലാസംവിധാനം' എന്നു പറയുന്നു.

### ചമയം

കഥാപാത്രത്തിന്റെ പ്രായം, സ്വഭാവം എന്നിവ കണക്കിലെടുത്ത് കഥാപാത്ര സൃഷ്ടിക്ക് വേണ്ടി ശരീരഭാഗങ്ങളിൽ നിറങ്ങളും വസ്തുക്കളും ഉപയോഗിച്ച് രൂപമാറ്റം വരുത്തുന്നതാണ് ചമയം.

### വസ്ത്രാലങ്കാരം


കഥാപാത്രങ്ങൾക്കനുയോജ്യമായ വേഷവിധാനങ്ങൾ രൂപകല്പന ചെയ്യുകയും ഒരുക്കുകയും ചെയ്യുന്ന പ്രവർത്തനമാണ് വസ്ത്രാലങ്കാരം.



**സാബു സിറിൽ**
(കലാസംവിധാനം)



**പ്രീതി ഷീൽ**
(ചമയം)



**ഭാനു അതയ്യ**
(വസ്ത്രാലങ്കാരം)

സിനിമാമേഖലയിൽ സമഗ്രസംഭാവന നൽകി നിരവധി പുരസ്കാരങ്ങൾ നേടിയിട്ടുള്ള പ്രഗത്ഭരായ വ്യക്തികളാണ് സാബു സിറിൽ, പ്രീതി ഷീൽ, ഭാനു അതയ്യ.




# പാ'ഠ'ത്തിലൂടെ നടക്കാം




**കണക്കിനൊത്ത് കൈകൊട്ടാം.**

നമുക്കൊരു ഗെയിമായാലോ, രണ്ടു മുതൽ ഏഴ് വരെയുള്ള സംഖ്യകളിൽനിന്നും ഒന്ന് തിരഞ്ഞെടുക്കൂ. ഇനി ഒന്നുമുതൽ അൻപതുവരെ ക്രമത്തിൽ എണ്ണിത്തുടങ്ങാം. തിരഞ്ഞെടുത്ത സംഖ്യയോ അതിന്റെ ഗുണിതങ്ങളോ പറയേണ്ട ഊഴം ആവുമ്പോൾ നമ്പർ പറയാതെ ക്ലാപ്പ് ചെയ്യണം. അൻപതുവരെ ആരോഹണ ക്രമത്തിൽ എണ്ണിക്കഴിഞ്ഞാൽ പിന്നെ അവരോഹണക്രമത്തിലും നമ്പർ പറഞ്ഞ് കൂടുതൽ രസകരമാക്കാം.

ഉദാഹരണം : മൂന്ന് എന്ന നമ്പർ തിരഞ്ഞെടുത്ത ആൾ -ഒന്ന്, രണ്ട്, ക്ലാപ്പ് (മൂന്ന് ) നാല് അഞ്ച്, ക്ലാപ്പ് (ആറ്).....

**ഇനി ഒരു കഥ വായിച്ചാലോ**

*" പണ്ടുപണ്ട് ഭൂമിയിൽ ഓക്സു എന്നുപേരുള്ള ഒരാൾ ഉണ്ടായിരുന്നു. ഓക്സുവിന് രണ്ടു സുഹൃത്തുക്കൾ ഉണ്ടായിരുന്നു. ഹൈഡ്രു ഒന്നും ഹൈഡ്രു രണ്ടും. അവർ ഇരട്ടകളായിരുന്നു. ഇവർ മൂന്നുപേരും എപ്പോഴും ഒരുമിച്ചായിരുന്നു നടന്നിരുന്നത്. ഇവരുടെ സൗഹൃദം ഭൂമിയിലെ മറ്റു ജീവികൾക്കെല്ലാം സഹായകരമായിരുന്നു. അതുകൊണ്ടുതന്നെ എല്ലാവർക്കും അവരെ വളരെ ഇഷ്ടമായിരുന്നു. ഇവരുടെ സൗഹൃദത്തിൽ അസൂയമൂത്ത ഇലക്ട്ര ഇവരെ തമ്മിൽ തെറ്റിക്കാൻ തീരുമാനിച്ചു. ഇതിനായി ഇലക്ട്ര തന്റെ കൂട്ടുകാരായ ആനോഡിനെയും കാഥോഡിനെയും കൂട്ടി ഇവരെ ആക്രമിക്കാൻ തീരുമാനിച്ചു. ഹൈഡ്രുമാരും ഓക്സുമാരും വരുമ്പോൾ ഇലക്ട്രയും കൂട്ടുകാരും അവർക്കിടയിലേക്ക് എടുത്തുചാടി അവരെ ആക്രമിച്ചു.*




*എന്നാൽ ഓക്സുവും ഹൈഡ്രുമാരും ഒരുമിച്ചുനിന്ന് ആക്രമണത്തെ ചെറുത്തു. ഇലക്ട്രയും കൂട്ടുകാരും ഇളിഭ്യരായി തിരിഞ്ഞോടി. തന്റെ ശക്തികൊണ്ട് മാത്രം ഇവരെ തെറ്റിക്കാൻ കഴിയില്ലെന്ന് മനസ്സിലാക്കിയ ഇലക്ട്ര പുതിയ തന്ത്രങ്ങൾ മെനയാൻ തുടങ്ങി. കാഴ്ചയിൽ ഇവരെപ്പോലുള്ള സൾഫുവിനെ കൂടി ഇലക്ട്ര തന്റെകൂടെ കൂട്ടി, ഹൈഡ്രുമാരോടും ഓക്സുവിനോടും സൂത്രത്തിൽ സൗഹൃദം ഉണ്ടാക്കാനായി സൾഫുവിനോട് ഇലക്ട്ര പറഞ്ഞു. ഇലക്ട്രയുടെ തന്ത്രങ്ങൾ അറിയാത്ത ഹൈഡ്രുമാരും ഓക്സുവും സൾഫുവിനെ തങ്ങളുടെ സുഹൃത്തായി കൂടെ കൂട്ടി.  ഇതാണ് പറ്റിയ സമയം എന്ന് മനസ്സിലാക്കിയ ഇലക്ട്ര ആനോടിനോടും കാഥോഡിനോടും ഒപ്പം ചേർന്ന് ഹൈഡ്രുമാരെയും ഓക്സുവിനെയും ആക്രമിച്ചു. സൾഫു കൂടെ ഉള്ളതിനാൽ ഇത്തവണ ഒരുമിച്ചുനിന്ന് എതിർക്കാൻ ഹൈഡ്രുമാർക്കും കഴിഞ്ഞില്ല. മറ്റൊരു ദിക്കിലേക്ക് പോയാലും അവരെ പിരിക്കാൻ ഉള്ള പുതിയ തന്ത്രങ്ങൾ ആലോചിച്ചുകൊണ്ട് ഇലക്ട്ര ജീവിതം തുടർന്നു."*

പാഠത്തിലൂടെ നടക്കാം

## ജലത്തിന്റെ വൈദ്യുത വിശ്ലേഷണം

ജലത്തിന്റെ ഘടക മൂലകങ്ങളായ ഹൈഡ്രജനെയും ഓക്സിജനെയും വൈദ്യുതി ഉപയോഗിച്ച് വേർതിരിക്കുന്ന പ്രവർത്തനമാണ് ജലത്തിന്റെ വൈദ്യുത വിശ്ലേഷണം. ശുദ്ധജലം വിദ്യുത് വിരോധി ആയതിനാൽ വൈദ്യുതിയെ കടത്തിവിടുന്നില്ല. അതുകൊണ്ട് ജലത്തിൽ അല്പം ആസിഡ് കലർത്തിയശേഷം (ഉദാഹരണത്തിന് - സൾഫ്യൂറിക് ആസിഡ്) അതിലേക്ക് രണ്ട് ഇലക്ട്രോഡുകൾ വയ്ക്കുക. ബാറ്ററിയുടെ ഇരുധ്രുവങ്ങളിലേക്കും ഈ ഇലക്ട്രോഡുകൾ ഘടിപ്പിക്കുക. പോസിറ്റീവ് ഇലക്ട്രോഡ് ആയ ആനോഡിൽ ഓക്സിജൻ വാതകവും നെഗറ്റീവ് ധ്രുവമായ കാഥോഡിൽ ഹൈഡ്രജൻ വാതകവും സ്വതന്ത്രമാകുന്നു.

ഈ കഥ ഒരു നാടകമാക്കി അവതരിപ്പിക്കാൻ എന്തൊക്കെ തയ്യാറെടുപ്പുകൾ നടത്തണമെന്ന് താഴെ തന്നിരിക്കുന്ന സൂചകങ്ങളുടെ അടിസ്ഥാനത്തിൽ ചർച്ച ചെയ്യൂ.

- കഥ നടക്കുന്ന സ്ഥലം
- കഥാപാത്രങ്ങളും പ്രത്യേകതകളും
- കഥാപാത്രങ്ങളുടെ രൂപവും വേഷവിധാനങ്ങളും



## നാടകത്തിലൂടെ പഠിക്കാം

ഈ കഥ അവതരിപ്പിച്ചു നോക്കൂ, ഓരോ സംഘവും ഓരോ സന്ദർഭ മാണ് അവതരിപ്പിക്കേണ്ടത്.

സംഘം ഒന്ന് : ഹൈഡ്രുമാരുടെയും ഓക്സുവിന്റെയും സൗഹൃദം.

സംഘം രണ്ട് : ഹൈഡ്രുമാരെയും ഓക്സുവിനെയും തമ്മിൽ തെറ്റിക്കാനുള്ള ഇലക്ട്രയുടെ തന്ത്രങ്ങൾ.

സംഘം മൂന്ന് : വേർപിരിയേണ്ടി വന്ന ഓക്സുവിന്റെയും ഹൈഡ്രു മാരുടെയും ചിന്തകൾ ആത്മഭാഷണമായി (soliloquy) അവതരിപ്പിക്കുക.

നിങ്ങളുടെ അവതരണത്തിൽ താഴെ കൊടുത്തിരിക്കുന്ന സൂചകങ്ങൾ എങ്ങനെയാണ് ഉൾച്ചേർന്നിരിക്കുന്നത് എന്ന് ചർച്ച ചെയ്തു കണ്ടെത്തൂ.

സൂചകങ്ങൾ

- പാഠ്യ വിഷയങ്ങൾ
- കഥാതന്തുവിന്റെ വികാസം
- സാങ്കല്പിക ലോകം
- കഥാപാത്രങ്ങൾ

ഇതേ രീതിയിൽ മറ്റു വിഷയങ്ങളിൽ ഏതൊക്കെ പാഠങ്ങൾ നാടകമായി അവതരിപ്പിക്കാം എന്നുനോക്കൂ.

### പാഠ്യവിഷയ നാടകം (Curriculum Drama)

നാടകത്തെ ഒരു പഠനോപകരണമായി ഉപയോഗിക്കുന്നതിനെ പാഠ്യവിഷയ നാടകം എന്നു പറയാം.


### പ്രയോഗനാടകം (Applied Drama)

വിദ്യാഭ്യാസം, സാമൂഹികപ്രവർത്തനം, ആരോഗ്യം, പ്രത്യേക വിദ്യാഭ്യാസം, പരിസ്ഥിതി പ്രവർത്തനം... തുടങ്ങിയ മേഖലകളിൽ പ്രശ്നപരിഹാരത്തിനും പരിപോഷണത്തിനുമായി നാടകത്തെ ഉപയോഗിക്കുന്നതിനെ പ്രയോഗ നാടകം എന്നുപറയുന്നു

---

### ഇബ്രാഹിം അൽക്കാസി

ഇന്ത്യയിലെ പ്രമുഖ സംവിധായകരിൽ ഒരാളായിരുന്നു ഇബ്രാഹിം അൽക്കാസി. നാഷണൽ സ്കൂൾ ഓഫ് ഡ്രാമയിലെ ആദ്യഡയറക്ടർ ആയിരുന്നു.



**പുരസ്കാരങ്ങൾ :** പത്മശ്രീ പുരസ്കാരം, പത്മവിഭൂഷൺ പുരസ്കാരം, കേന്ദ്രസംഗീത അക്കാദമി പുരസ്കാരം



# താഴ്‌വരകളുടെ നൃത്തം

"ഓരോ നൃത്തത്തിനും വൈവിധ്യമാർന്ന ചലനരീതികളാണുള്ളത്. മണിപ്പൂരി നൃത്തത്തിൽ നർത്തകർ പുഴയിൽ പൂക്കൾ ഒഴുകുന്നതു പോലെയാണ് ചലിക്കുന്നത്."



### ഒഴുകാം

ഒരു വരിയായി പുഴയിലൂടെ പൂക്കൾ ഒഴുകുന്നതുപോലെ ഉയർച്ച താഴ്ചകളിലൂടെ സഞ്ചരിക്കുന്നതായി അഭിനയിക്കുക. ഉയരാനും താഴാനും ചുഴികളിൽപ്പെട്ട് വട്ടത്തിൽ കറങ്ങാനും അവസരം ഉണ്ടാകണം.

മികച്ച അഭിനയം കാഴ്ചവച്ചവർ ആരെല്ലാം? നിങ്ങളുടെ ഈ യാത്രയിൽ എന്തൊക്കെ ചലനങ്ങൾ ഉൾക്കൊള്ളിച്ചിരുന്നു.

## മണിപ്പൂരി നൃത്തം

മണിപ്പൂരി നൃത്തത്തിന്റെ മൂന്ന് ചിത്രങ്ങളാണ് താഴെ നൽകിയിട്ടുള്ളത്. ഓരോ ചിത്രത്തിലെയും നർത്തകരുടെ വേഷം, ശിരോലങ്കാരം എന്നിവ ശ്രദ്ധിക്കൂ...







വേഷവിധാനത്തിലും ചമയത്തിലും നിങ്ങൾക്ക് തോന്നിയ പ്രത്യേകതകൾ എന്തൊക്കെയാണ്?

- ..............................................
- ..............................................
- ..............................................

വടക്ക് കിഴക്കൻ സംസ്ഥാനമായ മണിപ്പൂരിന്റെ നൃത്തരൂപമാണ് മണിപ്പൂരി. സംഘമായി അവതരിപ്പിക്കുന്ന മണിപ്പൂരി നൃത്തത്തിന് താണ്ഡവം, ലാസ്യം എന്നിങ്ങനെ പ്രധാനമായും രണ്ട് വിഭാഗങ്ങളുണ്ട്.
സ്ത്രീ കഥാപാത്രങ്ങൾ ലാസ്യനൃത്തവും പുരുഷ കഥാപാത്രങ്ങൾ താണ്ഡവനൃത്തവും ചെയ്യുന്നു.

നൃത്തത്തെ നാട്യശാസ്ത്രത്തിൽ താണ്ഡവം എന്നും ലാസ്യം എന്നും രണ്ടായി തരംതിരിച്ചിരിക്കുന്നു. പുരുഷ പ്രകൃതി അഥവാ 'ഉദ്ധത' നൃത്തം താണ്ഡവവും 'സുകുമാര' നൃത്തം അഥവാ സ്ത്രീ പ്രകൃതി ലാസ്യവുമാണെന്ന് നാട്യശാസ്ത്രത്തിൽ പറയുന്നു.



### മണിപ്പൂരി നൃത്തം കാണാം

സ്കൂൾ റിസോഴ്സ് ഫോൾഡറിലുള്ള ക്ലാസ് 9 ലെ 2.4 എന്ന ഫയൽ തുറക്കുക.



### നൃത്തമാടാം

മണിപ്പൂരി നൃത്തം കണ്ടല്ലോ ?
ഇനി അതിലെ നർത്തകർ ചെയ്യുന്നതു പോലെ നൃത്തത്തിന്റെ സംഗീതത്തിനൊപ്പം ചുവടുകൾ വയ്ക്കാൻ ശ്രമിക്കൂ.
മികച്ച അവതരണങ്ങൾ കണ്ടെത്താം.



## പങ്ചോലം

'പങ്ചോലം' എന്ന വാദ്യം വായിച്ചുകൊണ്ട് പുരുഷന്മാർ ചടുലമായി ചെയ്യുന്ന മണിപ്പൂരിലെ നൃത്തമാണ് പങ്ചോലം എന്നറിയപ്പെടുന്നത്.



**പങ്ചോലം കാണാം**

സ്കൂൾ റിസോഴ്സ് ഫോൾഡറിലുള്ള ക്ലാസ് 9 ലെ 2.5 എന്ന ഫയൽ തുറക്കുക.



## താങ്ത

ആയുധങ്ങൾ ഉപയോഗിച്ചുകൊണ്ട് ചെയ്യുന്ന മണിപ്പൂരിലെ ആയോധന നൃത്തമാണ് താങ്ത.



**താങ്ത കാണാം**

സ്കൂൾ റിസോഴ്സ് ഫോൾഡറിലുള്ള ക്ലാസ് 9 ലെ 2.6 എന്ന ഫയൽ തുറക്കുക.

നാട്യശാസ്ത്രത്തിൽ പരാമർശിച്ചിട്ടുള്ള സംഘ നൃത്തങ്ങളുടെ നിയമങ്ങളോട് ചേർത്തുവയ്ക്കാവുന്ന നൃത്ത രൂപമാണ് മണിപ്പൂരി. ചങ്ങലപോലെയും വള്ളികൾ പോലെയും കൂട്ടമായും കൂട്ടത്തിൽനിന്ന് വേറിട്ടും ചലിച്ചുകൊണ്ടുള്ള വിവിധങ്ങളായ ചുവടുകളാണ് ഇതിന്റെ സവിശേഷത.

നാട്യശാസ്ത്രത്തിൽ സംഘമായി ചെയ്യുന്ന നൃത്തത്തെ ചലനസ്വഭാവത്തിനനുസരിച്ച് നാലായി തരംതിരിച്ചിരിക്കുന്നു.

1. **പിണ്ഡി ബന്ധം** - കൂട്ടമായി ചെയ്യുന്നത്
2. **ശൃംഖല** - ചങ്ങലപോലെ ചലിക്കുന്നത്
3. **ലത** - വള്ളികൾപോലെ ചലിക്കുന്നത്
4. **ഭേദ്യക** - കൂട്ടത്തിൽനിന്നും വേർപെട്ട് ചെയ്യുന്നത്



### സത്രിയ കാണാം

സ്കൂൾ റിസോഴ്സ് ഫോൾഡറിലുള്ള ക്ലാസ് 9 ലെ 2.7 എന്ന ഫയൽ തുറക്കുക.



മണിപ്പൂരിനൃത്തവുമായി എന്തെങ്കിലും സമാനത സത്രിയനൃത്തത്തിനുണ്ടോ?

താഴെ തന്നിരിക്കുന്ന സൂചകങ്ങൾക്കനുസൃതമായി സത്രിയനൃത്തത്തിന്റെ സവിശേഷതകൾ എന്തെല്ലാമെന്ന് എഴുതൂ...

- പാട്ട്
- ചുവടുകൾ
- ചലനം
- ആടയാഭരണങ്ങൾ
- വേഷം



### നൃത്തമാടാം

കുട്ടികൾ ഗ്രൂപ്പുകളായി മാറുക. സത്രിയനൃത്തത്തിന്റെ ചില ചലനങ്ങൾ അവതരിപ്പിക്കുക.
മികച്ച അവതരണം നടത്തിയവർ ആരൊക്കെ?



### സത്രിയ

അസമിലെ ബ്രഹ്മപുത്രനദിക്ക് നടുവിലുള്ള മാജുലി ദ്വീപിലാണ് ഈ നൃത്തരൂപം ആവിർഭവിച്ചത്. ലോകത്തിലെ തന്നെ ഏറ്റവും വലിയ നദീദ്വീപാണ് മാജുലി. സത്രങ്ങളോടനുബന്ധിച്ചു നടത്തിയിരുന്ന നൃത്തരൂപമായിരുന്നു 'സത്രിയ'. സന്ന്യാസിയായിരുന്ന ശങ്കരദേവനാണ് സത്രിയനൃത്തത്തിന് ഇപ്പോഴത്തെ രൂപം നൽകിയത്.



### ഗുരു ബിപിൻ സിംഗ് (1918 - 2000)

മണിപ്പൂരി നർത്തകനും നൃത്തസംവിധായകനും അധ്യാപകനുമായിരുന്നു ഗുരു ബിപിൻ സിംഗ്. മണിപ്പൂരിനൃത്തത്തിൽ അദ്ദേഹത്തിന്റെ സംഭാവനയെ മാനിച്ച് "മണിപ്പൂരി നൃത്തത്തിന്റെയും ശൈലിയുടെയും പിതാവ്" എന്ന് അദ്ദേഹത്തെ അഭിസംബോധന ചെയ്യുന്നു. കേന്ദ്ര സംഗീത നാടക അക്കാദമി അവാർഡ്, കാളിദാസ് സമ്മാൻ എന്നിവ ലഭിച്ചിട്ടുണ്ട്.

# 3

# ഭാവാനുഭവം


നിറങ്ങളും ഭാവങ്ങളും 3.1

ഭാവഗാനങ്ങളിലൂടെ 3.2

ഇന്നിന്റെ നൃത്തം 3.3

ലെൻസിന്റെ കല 3.4

ബിഹൈൻഡ് ദി മാസ്ക് 3.5



# നിറങ്ങളും ഭാവങ്ങളും

എഡ്വേഡ് മുങ്കിന്റെ 'സ്ക്രീം' (നിലവിളി), 1893 എന്ന ചിത്രമാണിത്. ഈ ചിത്രം നിരീക്ഷിച്ച് പ്രത്യേകതകൾ എന്തൊക്കെയാണെന്ന് തിരിച്ചറിയൂ...

## ആവിഷ്കാരം

'ഭയം' എന്ന വികാരത്തെയും ഭ്രമാത്മകതയെയും ചിത്രീകരിക്കാൻ ചിത്രകാരൻ എന്തൊക്കെ നിറങ്ങളും രേഖകളുമാണ് ഉപയോഗിച്ചിരിക്കുന്നത്? ചിത്രത്തിലെ മനുഷ്യരൂപങ്ങളുടെ പ്രത്യേകതകൾ എന്തെല്ലാം?

നിറങ്ങളും രേഖകളും പ്രയോഗിച്ചുകൊണ്ട് ആശയമോ സന്ദർഭമോ വൈകാരികാവസ്ഥകളോ ആവിഷ്കരിക്കാം.



**എഡ്വേർഡ് മുങ്ക്**
**(1863-1944) (EDVARD MUNCH)**

ശ്രദ്ധേയനായ നോർവീജിയൻ കലാകാരനായ എഡ്വേർഡ് മങ്കിന്റെ കലാരചനകൾ പ്രതീകാത്മക ശൈലിയിലുള്ളവയാണ്. കാഴ്ചകൾക്കുപരി ആന്തരിക ലോകത്തിന്റെ ആശയങ്ങളും വികാരങ്ങളുമാണ് മങ്കിന്റെ കലാസൃഷ്ടികളിൽ ഉള്ളത്.

മൂന്ന് കലാകാരന്മാർ വ്യത്യസ്ത കാലയളവിൽ രചിച്ച മൂന്ന് പെയിന്റിങ്ങുകൾ ശ്രദ്ധിക്കൂ...





ഹെൻറി മറ്റീസെ
വരച്ച 'ദ റെഡ് റൂം'
(1908) എന്ന ചിത്രം.





വിൻസെന്റ് വാൻഗോഗ്
വരച്ച 'സ്റ്റാറി നൈറ്റ് '
(1889) എന്ന ചിത്രം.



മാർക് ഷഗാൾ വരച്ച
'സർക്കസ്' (1956)
എന്ന ചിത്രം.



## നിറങ്ങളും ആശയങ്ങളും

ചിത്രങ്ങൾ നിരീക്ഷിച്ചതിൽനിന്ന് എന്തൊക്കെ ആശയങ്ങളാണ് നിങ്ങൾ കണ്ടെത്തിയത്? ഓരോ ചിത്രത്തിലെയും നിറങ്ങൾ ആശയവുമായി എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നു? ചർച്ചചെയ്യൂ.

## ആശയാവിഷ്കാരം

നിങ്ങളുടെ ജീവിതത്തിലെ ഒരു സന്ദർഭത്തെ നിറങ്ങളും രേഖകളും ഉപയോഗിച്ച് ആവിഷ്കരിക്കുക. വാട്ടർകളർ, അക്രിലിക്, പേസ്റ്റൽ കളർ എന്നിവയിൽ ഏതെങ്കിലും മാധ്യമം ഉപയോഗിച്ച് പേപ്പർ, കാൻവാസ് എന്നിവയിൽ രചനകൾ നടത്താം. പൂർത്തിയായ ചിത്രങ്ങൾ ക്ലാസിൽ പ്രദർശിപ്പിക്കൂ. ഓരോ ചിത്രത്തിലെയും ആശയങ്ങളും നിറങ്ങളുടെ പ്രത്യേകതകളും വിശകലനം ചെയ്യുക.



ഗ്രേറ്റ് പ്രൊസഷൻ - 2007, കെ. പ്രഭാകരൻ

## കെ. പ്രഭാകരൻ (1949-2020)




കോളേജ് ഓഫ് ഫൈൻ ആർട്സ് - തിരുവനന്തപുരം, എം. എസ്. യുണിവേഴ്സിറ്റി - ബറോഡ എന്നിവിടങ്ങളിൽനിന്ന് (1979-1985) കലാ പഠനം പൂർത്തിയാക്കി. 1987-ൽ, ഒരുകൂട്ടം കലാകാരന്മാർ ചേർന്ന് രൂപീകരിച്ച കലാകാര കൂട്ടായ്മയായ "ഇന്ത്യൻ റാഡിക്കൽ പെയിന്റേഴ്സ് ആൻഡ് സ്കൾപ്റ്റേഴ്സ് അസോസിയേഷ" നിൽ അംഗമായിക്കൊണ്ട് പ്രധാന പ്രദർശനങ്ങളിൽ പങ്കെടുത്തു. 1995-ൽ സീനിയർ ഫെലോഷിപ്പ്, 2000 ൽ കേരളസംസ്ഥാന പുരസ്കാരം എന്നിവ അദ്ദേഹം നേടിയിട്ടുണ്ട്.

## എക്സ്പ്രഷനിസം

ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ പാശ്ചാത്യകലയിൽ രൂപപ്പെട്ട കലാപ്രസ്ഥാനമാണ് എക്സ്പ്രഷനിസം. യാഥാർഥ്യത്തിൽ നിന്നും വിഭിന്നമായി ആശയങ്ങളെയും ആന്തരികവികാരങ്ങളെയും വരകളിലൂടെയും നിറങ്ങളിലൂടെയും പ്രകടിപ്പിക്കാനാണ് ഈ കലാപ്രസ്ഥാനത്തിലെ കലാകാരന്മാർ ശ്രമിച്ചത്.

## തന്നിരിക്കുന്ന മൂന്നു ചിത്രങ്ങൾ ശ്രദ്ധിക്കൂ...

ചിത്രം 1



പത്മിനി പെയിന്റിംഗ്



## ടി. കെ. പത്മിനി (1940-1969)

പൊന്നാനിയിലെ കാടഞ്ചേരിയിൽ ജനിച്ച പത്മിനി മദ്രാസ് ആർട്ട്സ്& ക്രാഫ്റ്റ്സിൽനിന്ന് കലാവിദ്യാഭ്യാസം നേടി. 1960 മുതൽ 1969 വരെയുള്ള കാലയളവിൽ 30 എണ്ണച്ചായചിത്രങ്ങൾ ഉൾപ്പെടെ 230 ചിത്രങ്ങൾ അവർ രചിച്ചു. കേരളത്തിലെ 'അമൃത-ഷെർഗിൾ' എന്ന് വിശേഷിപ്പിക്കപ്പെടുന്ന ടി. കെ. പത്മിനിയുടെ ചിത്രങ്ങൾ റൊമാന്റിക്, എക്സ്പ്രഷനിസ്റ്റിക് ഗണങ്ങളിൽ ഉൾപ്പെടുന്നു. ഇരുണ്ട നിറങ്ങളും കട്ടി കൂടിയ രേഖകളും പത്മിനിച്ചിത്രങ്ങളുടെ പ്രത്യേകതകളാണ്.

**അമൃത ഷെർഗിൽ** (1913-1941)



ഇരുപതാം നൂറ്റാണ്ടിലെ ഏറ്റവും പ്രഗത്ഭയായ ഹംഗേറിയൻ-ഇന്ത്യൻ കലാകാരിയാണ് അമൃത ഷെർഗിൽ. മരണശേഷം അവരുടെ കലാസൃഷ്ടികൾ ദേശീയസ്വത്തായി പ്രഖ്യാപിക്കുകയും നാഷണൽ ഗ്യാലറി ഓഫ് മോഡേൺ ആർട്ടിൽ പ്രദർശിപ്പിക്കുകയും ചെയ്യുന്നു.

ചിത്രം 2



ഇൻ ദ ലേഡീസ് എൻക്ലോസർ (1938), അമൃത ഷെർഗിൽ

ചിത്രം 3



ദ മദേഴ്സ് (1921-22), കേത്തേ കോൾവിറ്റ്സ്



**കേത്തേ കോൾവിറ്റ്സ്** (1867–1945)

ചിത്രകാരി, ശില്പി, പ്രിന്റ്മേക്കർ എന്നീ നിലകളിൽ വ്യക്തിമുദ്ര പതിപ്പിച്ച ജർമൻ കലാകാരിയാണ് കാത്തേ കോൾവിറ്റ്സ്.



## ആസ്വാദനം

മുകളിൽ നിങ്ങൾ കണ്ട ചിത്രങ്ങൾ നിരീക്ഷിച്ച് ആസ്വാദനക്കുറിപ്പ് തയ്യാറാക്കുക.

- ചിത്രത്തിലെ ആശയം
- നിറവിന്യാസം
- രൂപങ്ങൾ
- സർഗാത്മകത

സൂചകങ്ങൾ ഉപയോഗപ്പെടുത്തി നിങ്ങൾ തയ്യാറാക്കിയ ആസ്വാദനക്കുറിപ്പ് ക്ലാസിൽ അവതരിപ്പിക്കുക.

സൃഷ്ടികളും ആസ്വാദനക്കുറിപ്പും നിങ്ങളുടെ പോർട്ട്ഫോളിയോയിൽ ഉൾപ്പെടുത്തുമല്ലോ...



# ഭാവഗാനങ്ങളിലൂടെ....

ഒരു മൂളിപ്പാട്ട് പോലും പാടാത്തവരായി ആരും കാണില്ല അല്ലേ? നമ്മുടെ നിത്യജീവിതത്തിലെ സന്തോഷത്തിലും സങ്കടത്തിലുമെല്ലാം പാട്ടുകൾ കൂട്ടുകാരായി വരാറില്ലേ? വ്യത്യസ്തഭാവങ്ങളുള്ള ധാരാളം പാട്ടുകൾ നിങ്ങൾ കേട്ടിട്ടുണ്ടല്ലോ.
നിങ്ങൾ കേട്ടിട്ടുള്ള വ്യത്യസ്തഭാവങ്ങളിലുള്ള പാട്ടുകൾ കുറിക്കൂ.

- ..............................
- ..............................
- ..............................
- ..............................







## ഭാവത്തെ അറിയാം

രണ്ട് ഗ്രൂപ്പായി തിരിഞ്ഞ് മുകളിൽ കൊടുത്തിരിക്കുന്ന ചിത്രങ്ങൾക്ക് അനുയോജ്യമായ ഭാവഗാനങ്ങൾ കണ്ടെത്തി പാടുക.
ഈ രണ്ടു ഭാവഗാനങ്ങളിൽ നിങ്ങൾ കണ്ട പ്രത്യേകതകൾ എന്തെല്ലാമാണ്? ചർച്ച ചെയ്യൂ.
ഈ ഗാനങ്ങൾക്ക് പുറമെ മറ്റ് എന്തെല്ലാം ഭാവഗാനങ്ങളാണ് നിങ്ങൾ കേട്ടിട്ടുള്ളത് ?
ഏതുതരം ഭാവഗാനങ്ങളാണ് നിങ്ങൾക്ക് കൂടുതൽ ഇഷ്ടം ?

ഭാവസാന്ദ്രമായ ഒരു ഗാനം രൂപപ്പെടുന്നതിൽ വരികളുടെ അർത്ഥങ്ങൾക്ക് ചേരുന്ന തരത്തിലുള്ള ഈണവും ആവശ്യമാണ്. ഗാനങ്ങളിലെ പശ്ചാത്തല സംഗീതം ഭാവത്തെ സ്വാധീനിക്കാൻ കഴിവുള്ള ഘടകമാണ്.



## കണ്ടെത്തിപ്പാടാം

താഴെ കൊടുത്തിരിക്കുന്ന ഭാവങ്ങളിലുള്ള ഗാനങ്ങൾ കണ്ടെത്തി ആലപിക്കുക.

ശോകം, പ്രണയം, ആഹ്ലാദം, വാത്സല്യം

ഒരു സംഗീത സൃഷ്ടി അർഥപൂർണ്ണവും മനോഹരവുമാകണമെങ്കിൽ ഭാവസമ്പന്നമായിരിക്കണം. ഗായകരിൽനിന്ന് ശ്രോതാക്കളിലേക്ക് അനുഭവങ്ങളും ചിന്തകളും കൈമാറ്റം ചെയ്യുന്നവയാണ് ഭാവം. മനുഷ്യന്റെ ജീവിതത്തിലെ വിവിധ അവസ്ഥകൾ സൃഷ്ടിക്കുന്ന മാറ്റങ്ങൾ പാട്ടുകളിലൂടെ പ്രതിഫലിക്കാറുണ്ട്. ഭാവഗാനങ്ങൾക്ക് മനുഷ്യമനസ്സുകളെ സ്വാധീനിക്കാനുള്ള കഴിവുണ്ട്.

ചില ഭാവങ്ങളും അതിനനുയോജ്യമായ പദങ്ങളും ചുവടെ കൊടുത്തിരിക്കുന്നു. മറ്റുള്ളവ കണ്ടെത്തി എഴുതൂ.

| സന്തോഷം | ദുഃഖം | ഭക്തി | പ്രണയം |
|---|---|---|---|
| ആനന്ദം | തേങ്ങൽ | കൈതൊഴാം | അനുരാഗം |
| ആഹ്ലാദം | കണ്ണീർ | വണങ്ങിടാം | മന്ദഹാസം |
| ആമോദം | നൊമ്പരം | കാത്തുകൊൾക | മധുരിതം |
| .................... | .................... | .................... | .................... |



## ഭാവഗാനം പാടാം

മുകളിൽ കൊടുത്തിട്ടുള്ള പദങ്ങളിൽ നിന്നും അനുയോജ്യമായവ ഉപയോഗിച്ച് അർഥപൂർണ്ണമായ വരികൾ എഴുതി ഈണം നൽകി ആലപിക്കൂ.



### പി. ജയചന്ദ്രൻ

മികച്ച ഗായകനുള്ള ദേശീയ, സംസ്ഥാന അവാർഡുകൾ നേടിയിട്ടുള്ള ഭാവഗായകനാണ് പി. ജയചന്ദ്രൻ. മലയാളത്തിലെ സിനിമ, ലളിതഗാന മേഖലകളിൽ നിസ്തുലമായ സംഭാവനകൾ അദ്ദേഹം നൽകിയിട്ടുണ്ട്. മലയാള സിനിമയിലെ സമഗ്ര സംഭാവനയ്ക്കുള്ള 2020-ലെ ജെ.സി. ഡാനിയേൽ അവാർഡ് നൽകി കേരള സർക്കാർ അദ്ദേഹത്തെ ആദരിച്ചു.



### ബോംബെ ജയശ്രീ

ബോംബെ ജയശ്രീ എന്നറിയപ്പെടുന്ന ജയശ്രീ രാംനാഥ് പ്രശസ്ത ഇന്ത്യൻ കർണാടക സംഗീതജ്ഞയും ഗായികയുമാണ്. സംഗീത ചൂഡാമണി, കലൈ മാമണി തുടങ്ങിയ നിരവധി പുരസ്കാരങ്ങളോടൊപ്പം പത്മശ്രീ ബഹുമതിയും നൽകി ആദരിച്ചിട്ടുണ്ട്.

നിങ്ങൾ തയ്യാറാക്കിയ ഭാവഗാനം ഗ്രൂപ്പുകളായിത്തിരിഞ്ഞ് പാടുക. ഗാനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുവാൻ എന്തെല്ലാം ചെയ്യേണ്ടതുണ്ട്.



# ഇന്നിന്റെ നൃത്തം

സാമൂഹ്യപ്രസക്തമായ അനേകം വിഷയങ്ങൾ നമുക്ക് ചുറ്റും കണ്ടെത്തുവാൻ സാധിക്കും. അവ ഏതെല്ലാമാകാം?

- ആഘോഷങ്ങൾ
- സാഹോദര്യം
- മലിനീകരണം
- ശുദ്ധജല ദൗർലഭ്യം
- ........................
- ........................
- ........................

## അഭിനയിക്കാം



കണ്ടെത്തിയ സാമൂഹ്യപ്രശ്നങ്ങൾ ശരീരചലനങ്ങൾ ഉപയോഗിച്ച് നിങ്ങൾക്കിഷ്ടപ്പെട്ട സംഗീതത്തിന്റെ അകമ്പടിയോടുകൂടി അവതരിപ്പിക്കുക.

അവതരണത്തിന് നിങ്ങൾ തിരഞ്ഞെടുത്ത ശരീരചലനങ്ങളിലൂടെ ആശയവിനിമയം സാധ്യമായോ? അവതരണത്തെ സംഗീതം എത്രത്തോളം സഹായിച്ചു. ചർച്ച ചെയ്യൂ...

## ആധുനിക നൃത്തം
**(Modern Dance)**

ശരീരത്തിന്റെ സവിശേഷമായ ചലനങ്ങളെ ഉപയോഗപ്പെടുത്തിക്കൊണ്ട് സാമൂഹ്യപ്രസക്തമായ വിഷയങ്ങളും അമൂർത്തമായ ആശയങ്ങളെയും അവതരിപ്പിക്കുന്ന നൃത്തമാണ് ആധുനിക നൃത്തം. പത്തൊമ്പതാം നൂറ്റാണ്ടിൽ യൂറോപ്പിലും അമേരിക്കയിലും രൂപംകൊണ്ട ആധുനിക നൃത്തം ഇരുപതാം നൂറ്റാണ്ടിൽ ലോകത്തിന്റെ വിവിധയിടങ്ങളിൽ അവതരിപ്പിക്കപ്പെടുകയും അംഗീകരിക്കപ്പെടുകയും ചെയ്തു.


മാർത്തഗ്രഹാം


ഇസഡോറ ഡങ്കൻ


റൂത്ത് സെന്റ് ഡെന്നിസ്


ഡോറീസ് ഹംഫ്രെയ്

ആധുനിക നൃത്തസങ്കല്പത്തെ രൂപപ്പെടുത്തിയെടുത്ത പ്രധാന നർത്തകരാണിവർ. നൃത്താവതരണത്തിന് അവരുടേതായ പ്രായോഗിക സിദ്ധാന്തങ്ങൾ രൂപപ്പെടുത്തുകയുണ്ടായി.

**കാണാം**

സ്കൂൾ റിസോഴ്സ് ഫോൾഡറിലുള്ള ക്ലാസ് 9 ലെ 3.1 എന്ന ഫയൽ തുറക്കുക.

## ഫോൾ ആന്റ് റിക്കവറി തിയറി

ആധുനിക നൃത്തത്തിന്റെ വക്താവായ അമേരിക്കൻ നർത്തകി ഡോറീസ് ഹംഫ്രെയ് രൂപപ്പെടുത്തിയ സിദ്ധാന്തമാണ് ഫോൾ ആന്റ് റിക്കവറി. ബോധപൂർവം വീഴുകയും വീണിടത്തുനിന്ന് എഴുന്നേൽക്കുകയും ചെയ്യുക എന്ന പ്രവൃത്തിയിൽനിന്ന് ശരീരത്തിന്റെ സ്ഥിരതയെയും അസ്ഥിരതയെയും നർത്തകർ മനസ്സിലാക്കുക എന്നതാണ് ഈ തിയറിയുടെ ആശയം.



## ഫോൾ ആന്റ് റിക്കവറി

ഫോൾ ആന്റ് റിക്കവറിയിലെ സാധ്യതകൾ ഉപയോഗിച്ച് സ്വതന്ത്ര നൃത്ത ചലനങ്ങൾ രൂപപ്പെടുത്തുക. നൃത്തം അവതരിപ്പിക്കുക.

സ്കൂൾ റിസോഴ്സ് ഫോൾഡറിലുള്ള ക്ലാസ് 9 ലെ 3.2 എന്ന ഫയൽ തുറക്കുക.

## പരിചയപ്പെടാം



### ചന്ദ്രലേഖ

1928 - ഡിസംബർ 6-ന് മുംബെയിൽ ജനിച്ച ചന്ദ്രലേഖ ഭരതനാട്യത്തിൽ പരിശീലനം നേടിയ നർത്തകിയായിരുന്നു. ഭരതനാട്യവും കളരിപ്പയറ്റും യോഗയും എല്ലാം സമന്വയിപ്പിച്ചുകൊണ്ട് അവർ നൃത്താവതരണങ്ങൾക്ക് ആധുനിക പരിപ്രേക്ഷ്യം നൽകി. 'ആംഗിക', 'ശരീര' തുടങ്ങിയവ ചന്ദ്രലേഖയുടെ പ്രധാന അവതരണങ്ങളാണ്.



### ഉദയ് ശങ്കർ

ഇന്ത്യയുടെ സ്വന്തം ക്ലാസിക്കൽ, നാടോടി നൃത്തരൂപങ്ങളുമായി യൂറോപ്യൻ നാടകസങ്കേതങ്ങൾ സംയോജിപ്പിച്ച്, ഉദയ് ശങ്കർ തന്റേതായ നൃത്തശൈലി രൂപപ്പെടുത്തി. പുതിയ നൃത്തരൂപത്തിന് 'ഹായ്-ഡാൻസ്' എന്ന് പേരിട്ട ശേഷം, പിന്നീട് അദ്ദേഹം അതിനെ പുനർനാമകരണം ചെയ്യുകയും 'ക്രിയേറ്റീവ് ഡാൻസ്' എന്ന് വിളിക്കുകയും ചെയ്തു. ഈ സർഗ്ഗാത്മക നൃത്തമായിരുന്നു ഇന്ത്യയിൽ ആധുനികനൃത്തത്തിന്റെ പിറവിയ്ക്ക് ആധാരം. ഇന്നും ലോകമെമ്പാടുമുള്ള പല നൃത്തവിദ്യാലയങ്ങളും ഈ ഫ്യൂഷൻ ഫോം പഠിപ്പിക്കുന്നുണ്ട്. ഉദയ് ശങ്കറിന്റെ മകൾ മമതശങ്കറിന്റെ നേതൃത്വത്തിലുള്ള ഉദയൻ കലാകേന്ദ്രം എന്ന സ്ഥാപനം ഈ നൃത്തരൂപം പഠിപ്പിക്കുന്ന പ്രമുഖ നൃത്ത വിദ്യാലയങ്ങളിലൊന്നാണ്.



നിങ്ങൾ കണ്ടിട്ടുള്ള ആധുനിക നൃത്താവതരണത്തെപ്പറ്റി ആസ്വാദനക്കുറിപ്പ് തയ്യാറാക്കൂ.




# ലെൻസിന്റെ കല

"പ്രിയപ്പെട്ടവരേ...."
"കണ്ണഞ്ചിപ്പിക്കുന്ന ദൃശ്യവിരുന്നുമായ് ഇന്ത്യൻ കാർണിവൽ ഇതാ നമ്മുടെ കൈതപ്പാടത്ത്... "

ക്ലാസ്സിലെ കുട്ടികളുടെ ശ്രദ്ധ മുഴുവൻ റോഡിലൂടെ പോവുന്ന അനൗൺസ്മെന്റിലേക്ക് തിരിഞ്ഞു..."കാർണിവൽ.... വിവിധ വർണങ്ങൾ... ഭാഷകൾ... വേഷവിധാനങ്ങൾ, രുചിഭേദങ്ങൾ.... ആകാശത്തൊട്ടിൽ, സർക്കസ്... "

"നമ്മുടെ നാട്ടിൽ എത്തിയ ഈ കാർണിവലിനെ നമുക്ക് ഡോക്യുമെന്ററി ആക്കിയാലോ, അത് സ്കൂൾ ഫിലിം ക്ലബ്ബിൽ പ്രദർശിപ്പിക്കാമല്ലോ ? എങ്ങനെയൊക്കെ ചെയ്യാൻ സാധിക്കും? "

ഡോക്യുമെന്ററി നിർമ്മാണത്തിന്റെ രൂപരേഖ തയാറാക്കുന്നെങ്കിൽ എന്തൊക്കെ കാര്യങ്ങൾ ശ്രദ്ധിക്കും.

- ആശയം
- ചിത്രീകരിക്കേണ്ട പ്രദേശം
- സംഭാഷണം
- ......................................
- ......................................

## ഡോക്യുമെന്ററി ചെയ്യാം

നിങ്ങളുടെ സ്കൂളിലെ ഒരു പ്രത്യേക ദിനം ഡോക്യുമെന്ററി രീതിയിൽ തയാറാക്കുന്നതിന് മുന്നൊരുക്കമായി ചിത്രീകരണത്തിന്റെ രൂപരേഖ തയ്യാറാക്കാം.

ചിത്രീകരിക്കുമ്പോൾ രൂപരേഖയ്ക്ക് അനുസൃതമായി വിശാലമായ പ്രദേശവും, തൊട്ടടുത്ത് കാണുന്ന ദൃശ്യങ്ങളും അഭിമുഖങ്ങളും മറ്റും ഉൾപ്പെടുത്താൻ ശ്രദ്ധിക്കുമല്ലോ? ചിത്രീകരിക്കാൻ തയ്യാറാക്കിയ രൂപരേഖ ക്ലാസ്സിൽ അവതരിപ്പിക്കുക?

സ്കൂൾ റിസോഴ്സ് ഫോൾഡറിലുള്ള ക്ലാസ് 9 ലെ 3.3 എന്ന ഫയൽ തുറക്കുക.

### ഡോക്യുമെന്ററി

സംഭവങ്ങളെയോ സന്ദർഭങ്ങളെയോ അതിന്റെ യാഥാർഥ്യങ്ങൾ ഉൾക്കൊണ്ട് വസ്തുതാപരമായി ചിത്രീകരിക്കുന്ന വീഡിയോകളാണ് ഡോക്യുമെന്ററി.

### ഷോട്ടുകൾ

ദൃശ്യഭാഷയുടെ അടിസ്ഥാനഘടകം ഷോട്ടുകളാണ്. ഫ്രെയിമിൽ ഉൾപ്പെടുന്ന ആളുകളുടെയും വസ്തുക്കളുടെയും വലുപ്പം, സ്ഥലത്തിന്റെ വിസ്തൃതി, ക്യാമറയിൽ നിന്നുള്ള അകലം, വീക്ഷണകോൺ എന്നിവ അടിസ്ഥാനമാക്കി ഓരോ ഷോട്ടിനും പ്രത്യേകം പേരുകൾ നൽകുന്നു.

### ലൊക്കേഷൻ യാത്ര :

ചിത്രീകരണത്തിന് അനുയോജ്യമായ സ്ഥലങ്ങൾ കണ്ടെത്തുകയും ആവശ്യമായ മുന്നൊരുക്കങ്ങൾ നടത്തുകയും ചെയ്യുന്നതിനെയാണ് ലൊക്കേഷൻ യാത്ര എന്നുപറയുന്നത്. RECCE എന്ന പദം ഉപയോഗിച്ചും ലൊക്കേഷൻ യാത്രയെ സൂചിപ്പിക്കാം.


ഇനി ഷൂട്ട് ചെയ്യാൻ ആരംഭിച്ചാലോ ? അതിനു വിവിധ ക്യാമറ ഷോട്ടുകളും ആംഗിളുകളും പരിചയപ്പെടാം.



**എസ്റ്റാബ്ലിഷ്മെന്റ് ഷോട്ട്**
(**പഥേർ പാഞ്ചാലി** എന്ന സിനിമയിൽനിന്ന്)



**എക്സ്ട്രീം ക്ലോസ് അപ്പ് ഷോട്ട്**
(**ഹാരി പോട്ടർ** എന്ന സിനിമയിൽനിന്ന്)



**ക്ലോസ് അപ്പ് ഷോട്ട്**
(**താരേ സമീൻ പർ** എന്ന ചിത്രത്തിൽനിന്ന് )

### ചില സിനിമാക്കാര്യങ്ങൾ :

സിനിമ കാണുമ്പോൾ വ്യത്യസ്ത ക്യാമറ ഷോട്ടുകൾ/ആംഗിളുകൾ നിങ്ങൾ ശ്രദ്ധിച്ചിട്ടുണ്ടാവുമല്ലോ. അവയിൽ ചിലത് ശ്രദ്ധിക്കൂ.

### എസ്റ്റാബ്ലിഷ്മെന്റ് ഷോട്ട് (Establishment Shot)

കഥാപാത്രവും പരിസരവും തമ്മിലുള്ള ബന്ധവും പശ്ചാത്തലത്തിന്റെ സവിശേഷത എന്നിവ വ്യക്തമാക്കാൻ സഹായിക്കുന്ന ഷോട്ടുകളാണ് ഇത്. സംഭവം നടക്കുന്ന സ്ഥലം, അന്തരീക്ഷം എന്നിവ വേഗത്തിൽ കാഴ്ചക്കാരന്റെ മനസ്സിലെത്തിക്കുന്നു.

### എക്സ്ട്രീം ക്ലോസ് അപ്പ് ഷോട്ട് (Extream Close up Shot)

ക്യാമറയ്ക്കു പകർത്താൻ കഴിയുന്ന ഏറ്റവും സമീപദൃശ്യം. കണ്ണുകളിലെ ഭാവം, വസ്തുക്കളുടെ വിശദാംശങ്ങൾ എന്നിവ പ്രദർശിപ്പിക്കുവാൻ ഉപയോഗിക്കുന്നു.

### ക്ലോസ് അപ്പ് ഷോട്ട് (Close up Shot)

കാണികളുടെ ശ്രദ്ധ വസ്തുക്കളിലേക്കും കഥാപാത്രത്തിന്റെ മുഖത്തെ സൂക്ഷ്മഭാവങ്ങളിലേക്കും പിടിച്ചുനിർത്താനായി എടുക്കുന്ന സമീപദൃശ്യമാണിത്.



സജഷൻ ഷോട്ട്
[ദ കളർ ഓഫ് പാരഡൈസ് (The Color Of Paradise) എന്ന സിനിമയിൽനിന്ന്]



ക്രെയിൻ ഉപയോഗിച്ചുള്ള ചിത്രീകരണത്തിന്റെ ദൃശ്യം.

## ഷൂട്ടിങ് തുടങ്ങാം

നിങ്ങളുടെ സ്കൂളിലെ ഒരു പ്രത്യേക ദിനം ഇത്തരത്തിൽ വ്യത്യസ്ത ക്യാമറ ആംഗിളുകളും ഷോട്ടുകളും ഉൾപ്പെടുത്തി ചിത്രീകരിക്കുക.

മുൻ അധ്യായത്തിൽ എഴുതിയ തിരക്കഥ ഇത്തരം മാർഗങ്ങൾ ഉപയോഗിച്ച് ചിത്രീകരിക്കാൻ ശ്രമിക്കൂ.

മൊബൈലോ, സ്കൂളിലെ ക്യാമറയോ ഉപയോഗിക്കാം.

### സജഷൻ ഷോട്ട് (Suggestion Shot)

ഒരു കഥാപാത്രത്തെ ഉൾപ്പെടുത്തിക്കൊണ്ട് മറ്റൊരു കഥാപാത്രത്തെ കാണുന്ന ദൃശ്യം. സംഭാഷണങ്ങൾ ചിത്രീകരിക്കാനാണ് ഈ ഷോട്ട് പൊതുവെ ഉപയോഗിക്കുന്നത്. ഓവർ ദി ഷോൾഡർ ഷോട്ട് (OTS) എന്നും പറയാറുണ്ട്.

### പാനിംഗ് & റ്റിൽറ്റിങ് (Panning & Tilting)

ക്യാമറയുടെ സ്ഥാനം മാറാതെ ഇടത്തോട്ടോ വലത്തോട്ടോ ചലിപ്പിച്ചുകൊണ്ട് ഒരു ദൃശ്യം ചിത്രീകരിക്കുന്നതിനെ പാനിങ് എന്നും മുകളിലേക്കോ താഴേക്കോ ചിത്രീകരിക്കുന്നതിനെ റ്റിൽറ്റിങ് എന്നും പറയുന്നു.

### ക്രെയിൻ ഷോട്ട് (Crane Shot)

ക്യാമറ ക്രെയിനിൽ ഉറപ്പിച്ചുവച്ചുകൊണ്ട് ചലനം സാധ്യമാക്കി ചിത്രീകരിക്കുന്ന ഷോട്ടുകൾ ആണ് ക്രെയിൻ ഷോട്ടുകൾ.

### സൂമിങ് (Zooming)

ചിത്രീകരിക്കപ്പെടുന്ന ദൃശ്യത്തെ കാഴ്ചക്കാരന്റെ അടുത്തേക്ക് നീങ്ങി വരുന്ന രീതിയിൽ ചിത്രീകരിക്കുന്നതാണ് സൂം ഇൻ (Zoom in). അകലേക്ക് നീങ്ങിപ്പോകുന്ന രീതിയിൽ ചിത്രീകരിക്കുന്നതാണ് സൂം ഔട്ട് (Zoom Out). ലെൻസിന്റെ ചലനം കൊണ്ടാണ് ഇത് സാധ്യമാകുന്നത്. ഇതിനായി സൂംലെൻസ് ഉപയോഗിക്കുന്നു.



# ബിഹൈൻഡ് ദ മാസ്ക്

ഓണക്കാലത്ത് വിവിധതരം കലാരൂപങ്ങളും കളികളും അവതരിപ്പിക്കുന്നതായി നിങ്ങൾക്ക് അറിയാമല്ലോ. ഏവർക്കും സുപരിചിതമായ ഒരു കളിയാണ് പുലികളി. നിങ്ങൾ പുലികളി കണ്ടിട്ടുണ്ടോ? പുലികളിയിൽ എപ്പോഴെങ്കിലും പങ്കെടുത്തിട്ടുണ്ടോ? ഏതൊക്കെ കഥാപാത്രങ്ങളാണ് നിങ്ങളുടെ പ്രദേശത്തെ പുലികളിയിൽ ഉൾപ്പെട്ടിട്ടുള്ളത്.

- 
- 
- 

പുലികളി അവതരിപ്പിക്കാൻ എന്തൊക്കെ ഒരുക്കങ്ങൾ വേണം?

- 
- 
- 

## പുലികളി

മാസ്കുപയോഗിച്ച് നമുക്ക് ക്ലാസ്റൂമിൽ പുലികളി അവതരിപ്പിച്ചാലോ.
അതിനായി എല്ലാവരും A4 ഷീറ്റിൽ വരച്ചോ മുഖംമൂടി മുറിച്ചെടുത്തോ ഒരു താൽക്കാലിക മാസ്ക് നിർമ്മിക്കൂ. ഇനി അതുപയോഗിച്ച് പുലികളിയുടെ താളത്തിൽ എല്ലാവരും ചേർന്ന് നടക്കൂ.

പുലികളി അവതരിപ്പിച്ചപ്പോൾ ശരീരത്തിന്റെ സാധ്യതകൾ എങ്ങനെയൊക്കെ ഉപയോഗപ്പെടുത്തി?

- 
- 
- 

മാസ്കിനെക്കുറിച്ച് കൂടുതൽ മനസ്സിലായോ? നമുക്ക് സംഘമായി തിരിഞ്ഞ് താഴെ തന്നിരിക്കുന്ന ആശയം എങ്ങനെ നാടകമായി അവതരിപ്പിക്കാമെന്ന് ചർച്ച ചെയ്താലോ !

- കാട്ടുതീയിൽപെട്ട മൃഗങ്ങൾ.
- പക്ഷികളുടെ ആഘോഷം.
- കോഴിക്കൂട്ടിൽ കയറിയ പൂച്ച.
- വിശന്നുവലഞ്ഞ മൃഗങ്ങൾ.

നിങ്ങളുടെ സംഘത്തിന് കിട്ടിയ വിഷയത്തിൽ ആരൊക്കെ കഥാപാത്രങ്ങൾ ആകുമെന്ന് നിശ്ചയിക്കൂ. കഥാപാത്രങ്ങൾക്ക് ആവശ്യമായ മാസ്ക്കുകൾ തയ്യാറാക്കുമല്ലോ.

### വിവിധ പ്രദേശങ്ങളിലെ വിവിധതരം മാസ്കുകൾ

നോർത്ത് അമേരിക്ക - ഹോപി കാച്ചിന മാസ്ക്




ജപ്പാൻ - നോഹ്മാസ്ക്



ജപ്പാൻ - കബൂകി



ഇറ്റലി - കമേഡിയ ഡെൽആർറ്റെ



കേരളം - പടയണി





## മാസ്ക് ഉണ്ടാക്കാം

കഥാപാത്രങ്ങൾക്ക് ആവശ്യമായ മാസ്കുകൾ നിർമ്മിക്കാൻ എന്തൊക്കെ തയ്യാറെടുപ്പുകളാണ് നടത്തേണ്ടത് ?

മാസ്ക് ഉപയോഗിച്ച് കഥാപാത്രങ്ങളെ അവതരിപ്പിക്കുമ്പോൾ എന്തൊക്കെ സാധ്യതകളാണ് ഉള്ളത് ?

എല്ലാവരുടെയും അവതരണം കഴിഞ്ഞല്ലോ. അവതരണം കൂടുതൽ മെച്ചപ്പെടുത്താൻ എന്തൊക്കെ മാറ്റങ്ങളാണ് നമ്മൾ സ്വീകരിക്കേണ്ടത് ?

മാസ്ക് ഉപയോഗിച്ചുള്ള മറ്റു കലാ രൂപങ്ങൾ കണ്ടെത്തൂ.



### മായാ തങ്ബർഗ്

ഫിൻലാന്റിൽനിന്നുള്ള നാടക പ്രവർത്തകയാണ് മായാ തങ്ബർഗ്. ക്ലാസിക്കൽ കലകളുമായി ബന്ധപ്പെട്ട ഗവേഷണത്തിനുവേണ്ടിയാണ് അവർ കേരളത്തിലെത്തിയത്.

നാട്ടിൻപുറങ്ങളിലെ അമേച്വർ നാടക സംഘങ്ങളുമായും സ്കൂൾ ഓഫ് ഡ്രാമയുമായും ചേർന്ന് അവർ നിരവധി നാടകങ്ങൾ കേരളത്തിൽ സംവിധാനം ചെയ്തിട്ടുണ്ട്.



### എസ്. രാമാനുജം

നാടകസംവിധായകനും അധ്യാപകനുമാണ്. കുട്ടികളുടെ നാടകവേദിയുടെ സർഗാത്മകമായ വളർച്ചയ്ക്കുവേണ്ടി നിരവധി പരിശ്രമങ്ങൾ നടത്തി. നാടക മേഖലയ്ക്ക് നൽകിയ സംഭാവനകൾ പരിഗണിച്ച് 2008ൽ കേന്ദ്ര സംഗീത നാടക അക്കാദമി ഫെലോഷിപ്പ് ലഭിച്ചു.

### ഓപ്പറ (Opera) (സംഗീത നാടകം)

നവോത്ഥാന കാലഘട്ടത്തിലെ വളരെ പ്രധാനപ്പെട്ട ഒരു നാടകരൂപമാണിത്. സംഗീതാത്മകമായ സംഭാഷണങ്ങളും രംഗവസ്തുക്കളും ആടയാഭരണങ്ങളും മറ്റും ഉപയോഗിച്ചിരുന്നു. പ്രൊസീനിയം ആർച്ച് ഇത്തരം സീനറികളുടെ ഉപയോഗത്തിന് സ്റ്റേജിനെ സൗകര്യപ്പെടുത്താനായി കൊണ്ടുവന്നതാണ്.

# 4

# പ്രയോഗപാഠങ്ങൾ

4.1 ഓർക്കസ്ട്ര

4.2 രൂപകല്പന

4.3 നൃത്തസംവിധാനം

4.4 ചിത്രസംയോജനം

4.5 രംഗബോധ്യം



# ഓർക്കസ്ട്ര

മുകളിലെ ചിത്രം നിരീക്ഷിക്കുക. ഇത് എന്തുതരം കലാപരിപാടിയാണെന്ന് നിങ്ങൾക്ക് മനസിലായോ? ഒന്നിലധികം കലാകാരർ ഒരേ സമയം ഒത്തുചേർന്ന് ഒരു സംഗീതപരിപാടി അവതരിപ്പിക്കുന്നത് നിങ്ങൾ കണ്ടിട്ടുണ്ടോ? അതിനു പറയുന്ന പേരുകൾ താഴെ കുറിക്കുക.

- ..........................
- ..........................
- ..........................
- ..........................



ബീഥോവൻ (Beethoven)



റിച്ചാർഡ് റോജേഴ്സ് (Richard Rodgers)

ബീഥോവൻ, റിച്ചാർഡ് റോജേഴ്സ് മുതലായ പ്രശസ്ത സംഗീതജ്ഞർ ഓർക്കസ്ട്ര ഇന്നു കാണുന്ന തരത്തിലേക്ക് രൂപപ്പെടുന്നതിൽ പ്രധാന പങ്കുവഹിച്ചവരാണ്.

### ഓർക്കസ്ട്ര

പലതരത്തിലുള്ള സംഗീതോപകരണങ്ങൾ ഒത്തുചേർന്ന് വായിക്കുന്നതിനെയാണ് ഓർക്കസ്ട്ര എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. പുരാതനകാലം മുതൽക്കേ ഓർക്കസ്ട്ര എന്ന ആശയം നിലവിലുണ്ട്. ഈജിപ്തിലെ ഫറവോമാരുടെയും ജൂതരാജാക്കന്മാരുടെയും കാലഘട്ടം മുതൽക്കേ ഓർക്കസ്ട്രയെക്കുറിച്ച് പരാമർശമുണ്ട്. ഡ്രമ്മുകളും ഹാർപ്പ് പോലെയുള്ള തന്ത്രിവാദ്യങ്ങളുമടങ്ങുന്ന സംഘമായിരുന്നു ആദ്യകാലത്ത് ഓർക്കസ്ട്രയിൽ ഉണ്ടായിരുന്നത്.

**ഇന്ത്യയിലെ വിവിധ ഓർക്കസ്ട്രകൾ പരിചയപ്പെടാം.**

ഇന്ത്യയിലെ ഓർക്കസ്ട്രയുടെ പുരാതന നാമം കുടപ്പ (kutapa) എന്നായിരുന്നു. പിന്നീട് അത് മേളം എന്നായി മാറി. രാജഭരണകാലഘട്ടത്തിൽ സംഗീതമേളം എന്ന പേരിൽ ധാരാളം ഓർക്കസ്ട്ര സംഘങ്ങൾ നിലനിന്നിരുന്നു. നാടൻ കലാരൂപങ്ങളിലും ചെറുസംഘങ്ങളായുള്ള മേളങ്ങൾ രൂപപ്പെട്ടിട്ടുണ്ട്. നെയ്യാണ്ടിമേളം, ഉറുമിമേളം, ചെണ്ടമേളം മുതലായവ.



ചെണ്ടമേളം



ഉറുമിമേളം



നെയ്യാണ്ടിമേളം



പെരിയമേളം

നാഗസ്വര മേളമാണ് പെരിയമേളം. പണ്ട് കാലത്ത് തിരുവരൂർ ഉൾപ്പെടെ തമിഴ്നാട്ടിലെ വിവിധ സ്ഥലങ്ങളിലെ ക്ഷേത്രാചാരങ്ങളും ഉത്സവങ്ങളുമായി ബന്ധപ്പെട്ടാണ് പെരിയമേളം ഉടലെടുത്തത് ഈ മേളത്തിൽ നാഗസ്വരം, ഒത്തു, തവിൽ എന്നീ വാദ്യങ്ങൾ ഉപയോഗിക്കുന്നു.



ചിന്നമേളം

നർത്തകരും, അകമ്പടിവാദ്യക്കാരും ഉൾപ്പെടുന്ന ഭരതനാട്യ സംഘമാണ് ചിന്നമേളം.




### ക്ലാസ്റൂം ഓർക്കസ്ട്ര

തന്നിരിക്കുന്ന വീഡിയോ കണ്ട ശേഷം ഡെസ്കിൽ കൊട്ടി താളം പിടിച്ച് ക്ലാസ്റൂം ഓർക്കസ്ട്രയാക്കൂ.



സ്കൂൾ റിസോഴ്സ് ഫോൾഡറിലുള്ള ക്ലാസ് 9 ലെ 4.1 എന്ന ഫയൽ തുറക്കുക.

## ചില ഇന്ത്യൻ സിനിമാ സംഗീതസംവിധായകരെ പരിചയപ്പെടാം


ദക്ഷിണാമൂർത്തി


ഇളയരാജ


എ.ആർ.റഹ്മാൻ


ജോൺസൻ


രവീന്ദ്രൻ


ഡോ. ജാസി ഗിഫ്റ്റ്


രാജാമണി


ഉഷ ഖന്ന


ചിത്ര സിംഗ്


ആർ.ഡി. ബർമൻ

പാശ്ചാത്യസംഗീതത്തിൽ ഓർക്കസ്ട്രയ്ക്ക് വളരെയേറെ പ്രാധാന്യമുണ്ട്. ഓർക്കസ്ട്ര സൃഷ്ടിക്കുന്ന വാദ്യലയമേളനം പ്രത്യേക അനുഭൂതിയാണ് കേൾവിക്കാരിൽ സൃഷ്ടിക്കുക. പാശ്ചാത്യസംഗീതത്തിലെ ചില ഓർക്കസ്ട്രകൾ പരിചയപ്പെടാം.


1. തന്ത്രിവാദ്യങ്ങളുടെ സംഘം (വയലിൻ, വയോള, ചെല്ലോ തുടങ്ങിയവ)


3. താളവാദ്യങ്ങളുടെ സംഘം (ടിംപണി, സ്നെയർ ഡ്രം തുടങ്ങിയവ)


2. സുഷിരവാദ്യങ്ങളുടെ സംഘം (ഓടക്കുഴൽ, ഓബോ, ക്ലാർനെറ്റ് തുടങ്ങിയവ)



### ഓർക്കസ്ട്ര കേൾക്കാം.

സ്കൂൾ റിസോഴ്സ് ഫോൾഡറിലുള്ള ക്ലാസ് 9 ലെ 4.2 എന്ന ഫയൽ തുറക്കുക.

## മ്യൂസിക്ക് ബാന്റ്

ഓർക്കസ്ട്രയും വോക്കലും ചേർത്തുകൊണ്ട് പ്രവർത്തിക്കുന്ന ധാരാളം ബാന്റുകളും ഉണ്ട്. കർണ്ണാട്ടിക്ക് ബാന്റ്, ഫ്യൂഷൻ ബാന്റ്, റോക്ക് ബാന്റ്, പോപ്പ് ബാന്റ് തുടങ്ങി വിവിധതരം.




* 1976 ൽ പ്രശസ്ത കലാകാരർ രൂപപ്പെടുത്തിയ ശക്തി എന്ന മ്യൂസിക്ക് ബാന്റ് വളരെ പ്രസിദ്ധമാണ്.
* കീബോർഡ്, ഗിറ്റാർ, ബേസ് ഗിറ്റാർ, ഡ്രം തുടങ്ങിയവ മ്യൂസിക്ക് ബാന്റിൽ പ്രധാനമാണ്.
* പിങ്ക് ഫ്ലോയ്ഡ്, ബീറ്റിൽസ്, ഈഗിൾസ്, റോളിങ്സ്റ്റോൺസ്, ഡോർസ്, ലെഡ് സെപ്പലിൻ, മെറ്റാലിക്ക, ബി ടി എസ്, ബോണിഎം, നിർവാണ തുടങ്ങിയ നിരവധി മ്യൂസിക് ബാന്റുകൾ ലോകസംഗീതചരിത്രത്തിൽ ഇടം നേടിയിട്ടുണ്ട്.
* റാപ്, പോപ്പ്, ജാസ്, ബ്ലൂസ്, റെഗ്ഗെ, സൈക്കോഡലിക്, ക്ലാസിക്കൽ തുടങ്ങിയ വിവിധതരം സംഗീത വിഭാഗങ്ങളും (Genres) നിലവിലുണ്ട്.

### ചില വിദേശ മ്യൂസിക് ബാന്റുകൾ പരിചയപ്പെടാം


















### കണ്ടെത്താം

നിങ്ങൾ കേട്ടിട്ടുള്ള മറ്റ് മ്യൂസിക് ബാന്റുകളുടെ പേരുകൾ കണ്ടെത്തി എഴുതുക.




# രൂപകല്പന

നോട്ടീസ് വായിച്ചില്ലേ?
നിങ്ങളുടെ സങ്കല്പത്തിലെ ജേഴ്സി എങ്ങനെയുള്ളതാണ്? വരച്ചുനോക്കൂ...
നിങ്ങൾ മുൻപ് കണ്ടിട്ടുള്ള ജേഴ്സിയിൽനിന്ന് നിങ്ങൾ വരച്ച ജേഴ്സിയിൽ എന്തൊക്കെ പുതുമകളാണ് ഉള്ളത്?
വരച്ച് പൂർത്തിയാക്കിയ ചിത്രം പ്രദർശിപ്പിച്ച് പുതുമകൾ ചർച്ച ചെയ്യൂ...




കാലങ്ങളായി നാം സഞ്ചാരത്തിനായി ഉപയോഗിക്കുന്ന ചക്രങ്ങൾക്കുവന്ന മാറ്റം എന്തെല്ലാമാണെന്ന് ശ്രദ്ധിച്ചല്ലോ... !
നമ്മൾ നിത്യജീവിതത്തിൽ ഉപയോഗിക്കുന്ന പല ഉൽപ്പന്നങ്ങൾക്കും ഉപകരണങ്ങൾക്കും കാലാനുസൃതമായ മാറ്റങ്ങൾ സംഭവിച്ചിട്ടുണ്ട്. അത്തരത്തിൽ ഏതൊക്കെ ഉൽപ്പന്നങ്ങൾ നിങ്ങൾക്ക് കണ്ടെത്താൻ സാധിക്കും. നിങ്ങളുടെ ഭാവനയിൽ ഉപകരണങ്ങളുടെ രൂപകല്പനയിൽ എന്തൊക്കെ രൂപവ്യത്യാസവും പുതുമയും കൊണ്ടുവരാൻ സാധിക്കും? ചർച്ച ചെയ്യൂ..

## ഡിസൈൻ ചെയ്യാം

ക്ലാസ് മുറിയിൽ ഉപയോഗിക്കുന്ന ഉപകരണങ്ങളും ഉൽപ്പന്നങ്ങളും കണ്ടെത്തി, അവയുടെ രൂപകല്പനയിൽ (DESIGN) എന്തൊക്കെ മാറ്റങ്ങളും പുതുമകളും കൊണ്ടുവരാൻ സാധിക്കും എന്ന് ചർച്ചചെയ്ത് ക്ലാസ്മുറിയിൽ ഉപയോഗിക്കാൻ സാധിക്കുന്ന ഒരു ഉപകരണമോ ഉൽപ്പന്നമോ പരിസ്ഥിതി സൗഹൃദവസ്തുക്കളാൽ നിർമ്മിക്കുക.

പൂർത്തിയായ ഉൽപ്പന്നങ്ങൾ ക്ലാസിൽ പ്രദർശിപ്പിച്ച് രൂപകല്പനയുടെ പ്രത്യേകതകൾ ചർച്ച ചെയ്യുക.



സ്കൂൾ ബാഗ് രൂപകല്പന ചെയ്യുന്നതിന് മുന്നോടിയായുള്ള ഡിസൈൻ സ്കെച്ച് (ഉദാഹരണ ചിത്രം)

### ഉൽപ്പന്നങ്ങൾ (PRODUCTS)

ഉൽപ്പാദന ഘടകങ്ങൾ ഉപയോഗപ്പെടുത്തി ഉപഭോഗ ആവശ്യത്തിനായി നിർമ്മിക്കപ്പെടുന്നതാണ് ഉൽപ്പന്നങ്ങൾ. കല, സാങ്കേതിക വിദ്യ തുടങ്ങിയവയിലുള്ള കാലാനുസൃതമായ മാറ്റങ്ങൾ ഉൽപ്പന്നങ്ങളിൽ ദർശിക്കാം.

### രൂപകല്പന (DESIGN)

ഉപകരണങ്ങൾ, ഉൽപ്പന്നങ്ങൾ, സംവിധാനങ്ങൾ, പ്രക്രിയകൾ എന്നിവയുടെ നിർമ്മാണത്തെ സങ്കല്പിച്ച്, ആസൂത്രണം നടത്തി, അവതരിപ്പിക്കുന്നതാണ് രൂപകല്പന. നിർമ്മിതികൾ, ഫാഷൻ, ക്രാഫ്റ്റ്, ഇന്റീരിയർ, ടെക്സ്റ്റൈൽ, ഗ്രാഫിക്സ്, പ്രിന്റിങ്, ഇന്റസ്ട്രിയൽ, എ.ഐ. തുടങ്ങിയ നിരവധി മേഖലകളിൽ രൂപകല്പന വ്യാപിച്ചുകിടക്കുന്നു.


### പ്രയുക്ത കല (APPLIED ART)

ആർക്കിടെക്ചർ, ഇന്റീരിയർ, കാലിഗ്രാഫി, ഫാഷൻ, ഗ്രാഫിക് ഡിസൈൻ, ഇൻഡസ്ട്രിയൽ, ഗെയിം ഡിസൈൻ, മൾട്ടിമീഡിയ തുടങ്ങി വൈവിധ്യമാർന്ന രൂപകല്പനാമേഖലകൾ പ്രയുക്ത കലയിൽ ഉൾപ്പെടുന്നു.

### ഡിസൈൻ സ്കെച്ച് (DESIGN SKETCH)

രൂപകല്പനയുടെയും അതിന്റെ ഘടനയുടെയും ആശയം, ചട്ടക്കൂട് എന്നിവ ദൃശ്യവൽക്കരിക്കുന്ന ഡ്രോയിങ്ങുകളാണ് ഡിസൈൻ സ്കെച്ച്.

## ഡാവിഞ്ചിയുടെ പറക്കൽ യന്ത്രം





ലോകപ്രശസ്ത ഇറ്റാലിയൻ കലാകാരനായ **ലിയനാർഡോ ഡാവിഞ്ചി** (Leonardo Da-vinci 1452-1519)

പെയിന്റിങ്ങുകളോടൊപ്പം തന്നെ നിരവധി രൂപകല്പനകളും നടത്തിയിട്ടുണ്ട്. പറക്കൽ യന്ത്രം, യുദ്ധോപകരണങ്ങൾ, വിവിധ യന്ത്രഭാഗങ്ങൾ തുടങ്ങിയവയുടെ നിർമ്മാണഡ്രോയിങ്ങുകളും അതിന്റെ വിവരണങ്ങളും അദ്ദേഹത്തിന്റെ സ്കെച്ച് ബുക്കിൽ കാണപ്പെട്ടിരുന്നു.



## ഡിസൈൻ സ്കെച്ച് തയ്യാറാക്കാം

നിത്യജീവിതത്തിൽ ഉപയോഗിക്കുന്ന ഏതെങ്കിലുമൊരു ഉൽപ്പന്നം പുനർനിർമ്മിക്കാൻ ആവശ്യമായ ഡിസൈൻ സ്കെച്ച് തയ്യാറാക്കുക.

## ദഷ്റത്ത് പട്ടേൽ

ദഷ്റത്ത് പട്ടേൽ, ദേവീപ്രസാദ് റോയ് ചൗധരിയുടെ കീഴിൽ കലാവിദ്യാഭ്യാസം നേടി ശില്പകല, ചിത്രകല, സെറാമിക് എന്നിവയിൽ കലാവിഷ്കാരങ്ങൾ നടത്തി. അഹമ്മദാബാദിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈനിലെ (NID) ആദ്യ അധ്യാപകരിലൊരാളായ അദ്ദേഹം രൂപകല്പന, അധ്യാപന മേഖല എന്നിവയിൽ നവീനമായ മാറ്റങ്ങൾ കൊണ്ടുവന്നു. പത്മശ്രീ (1980), പത്മഭൂഷൺ (2011) എന്നീ ബഹുമതികൾ അദ്ദേഹം നേടിയിട്ടുണ്ട്.

## സുജാത കേശവൻ

ഇന്ത്യൻ ഗ്രാഫിക് ഡിസൈനറായ സുജാത ബ്രാന്റിങ് പരസ്യകലാരംഗത്തെ പ്രമുഖയാണ്. ജനപ്രിയമായ നിരവധി ഉൽപ്പന്നങ്ങളുടെയും സ്ഥാപനങ്ങളുടെയും എയർപോർട്ടുകളുടെയും ലോഗോ, പരസ്യം, പുനർരൂപകല്പന എന്നിവയിൽ വിപ്ലവകരമായ മാറ്റം കൊണ്ടുവന്നു എന്ന നിലയിൽ സുജാത കേശവന്റെ സംഭാവനകൾ പ്രസക്തമാണ്.

## മനീഷ് മൽഹോത്ര

ഇന്ത്യൻ ഫാഷൻ രൂപകല്പകരിൽ പ്രമുഖനാണ് മനീഷ് മൽഹോത്ര. സിനിമ വസ്ത്രാലങ്കാരരംഗത്തും വ്യക്തിമുദ്ര പതിപ്പിച്ച മനീഷ് സമകാലിക രൂപകല്പനയിൽ പുതുമകൾ കൊണ്ടുവരികയും നിരവധി ബഹുമതികൾ നേടുകയും ചെയ്തിട്ടുണ്ട്.



# നൃത്തസംവിധാനം

നിങ്ങൾ മഴയത്ത് നൃത്തം ചെയ്തിട്ടുണ്ടോ ?
മഴത്തുള്ളികളാൽ ചിന്നിച്ചിതറുന്ന താളത്തിനൊത്ത് നൃത്തം ചെയ്യുന്നതായി സങ്കൽപ്പിച്ചുനോക്കൂ...



## നൃത്തം ചെയ്യാം

മഴയത്താണ് നൃത്തം ചെയ്യുന്നത് എന്നുസങ്കൽപ്പിച്ചുകൊണ്ട് സംഘമായി താളത്തിൽ നൃത്തം ചെയ്യാം.
ഈ നൃത്താവിഷ്കാരം കൂടുതൽ മെച്ചപ്പെടുത്താൻ എന്തൊക്കെ സാധ്യതകൾ ഉണ്ട് ?

- ഒരു ഗാനം ഉൾപ്പെടുത്താം
- വാദ്യമേളം അകമ്പടിയാക്കാം
- ......................................
- ......................................



## ആശയത്തെ നൃത്തമാക്കാം

പൂ പറിക്കുക, മാല കോർക്കുക, ക്ലാസ്റൂം അലങ്കരിക്കുക എന്നീ ആശയങ്ങൾ നൃത്തമായി അവതരിപ്പിക്കുക.
പൂ പറിക്കുമ്പോഴും മാല കോർക്കുമ്പോഴും അലങ്കരിക്കുമ്പോഴും ഉണ്ടാകുന്ന ചലനങ്ങൾ നൃത്തത്തിന്റെ ചലനങ്ങൾ പോലെ ചെയ്യുവാൻ ശ്രദ്ധിക്കുക.
മെച്ചപ്പെടുത്താൻ എന്തൊക്കെ ചെയ്യാം?

മഴനൃത്തത്തിൽനിന്നും ആശയത്തെ നൃത്തമാക്കിയപ്പോൾ എന്തൊക്കെയാണ് കൂടുതലായി ശ്രദ്ധിക്കാൻ ഉണ്ടായിരുന്നത്?
ഒരു ആശയത്തിനനുസൃതമായി നൃത്തം അവതരിപ്പിക്കുമ്പോൾ എന്തൊക്കെ കാര്യങ്ങൾ ശ്രദ്ധിക്കണം?

- അവതരിപ്പിക്കാൻ ഉദ്ദേശിക്കുന്ന ആശയത്തിനോട് യോജിക്കുന്ന വരികൾ തിരഞ്ഞെടുക്കാം.
- ഒരു സാഹിത്യകൃതിയെ നൃത്തമാക്കി അവതരിപ്പിക്കാം.
- സാഹിത്യം ഇല്ലെങ്കിൽത്തന്നെയും ആശയം പ്രകടിപ്പിക്കാൻ ഉപകരണ സംഗീതത്തെ അകമ്പടിയായും ഉപയോഗിക്കാം.


നൃത്തസംവിധാനത്തിന് എന്തൊക്കെ മുന്നൊരുക്കങ്ങൾ നടത്തണം?

- ആശയ രൂപീകരണം
- ആവശ്യമായ വരികൾ തിരഞ്ഞെടുക്കുകയോ സ്വന്തമായി എഴുതുകയോ ചെയ്യാം.
- അനുയോജ്യമായ ചുവടുകൾ കണ്ടെത്തുക
- ........................................................
- ........................................................
- ........................................................

സമകാലിക ആശയത്തെ അവതരിപ്പിക്കുന്ന ഒരു നൃത്താവിഷ്കാരം പരിചയപ്പെട്ട് അതിന്റെ സവിശേഷതകൾ ക്ലാസിൽ ചർച്ച ചെയ്യുക.

### നൃത്തസംവിധാനം
**(CHOREOGRAPHY)**

സന്ദർഭത്തിനും ആശയത്തിനും അനുസരിച്ച് നൃത്തം ഒരുക്കുന്നതിനാണ് നൃത്തസംവിധാനം എന്നുപറയുന്നത്.



**സരോജ് ഖാൻ (1948 - 2020)**

**ഹിന്ദി സിനിമയിലെ പ്രശസ്തയായ ഡാൻസ് കൊറിയോഗ്രാഫറായിരുന്നു സരോജ് ഖാൻ. ബോളിവുഡിലെ ആദ്യവനിതാ നൃത്ത സംവിധായികയായ അവർ നാൽപ്പത് വർഷത്തിലേറെ നീണ്ട കരിയറിൽ, മൂവായിരത്തിലധികം ഗാനങ്ങൾക്ക് നൃത്തസംവിധാനം ചെയ്തു. അവരുടെ ജീവചരിത്രം ഇരുപത്തിയഞ്ചു വ്യത്യസ്ത ഭാഷകളിലേക്ക് വിവർത്തനം ചെയ്തിട്ടുണ്ട്.**



# ചിത്രസംയോജനം

സ്കൂളിലെ ഫിലിം ക്ലബ്ബിൽ പ്രദർശിപ്പിക്കാൻ ഒരു ഹ്രസ്വ ചിത്രം ഒരുക്കാൻ ആമിയും കൂട്ടുകാരും തീരുമാനിച്ചു. അവർ മൊബൈൽ ഫോണിലും ക്യാമറയിലും ഷൂട്ട് ചെയ്ത വീഡിയോകൾ എഡിറ്റ് ചെയ്യുന്നതിനെപ്പറ്റി ചർച്ച ചെയ്തു. ചിലർ കമ്പ്യൂട്ടറിൽ എഡിറ്റ് ചെയ്യാം എന്നും ചിലർ ഫോണിൽ എഡിറ്റ് ചെയ്യാം എന്നും പറഞ്ഞു. ആമിക്ക് കൺഫ്യൂഷൻ ആയി....

നമ്മൾ വീഡിയോകൾ നിർമ്മിക്കുമ്പോൾ മൊബൈൽ ഫോണിലോ ക്യാമറയിലോ പകർത്തിയ ദൃശ്യങ്ങൾ എഡിറ്റ് ചെയ്യുന്നത് എങ്ങനെയാണ്? ഏതൊക്കെ മാർഗ്ഗങ്ങൾ ഉപയോഗിക്കും?

- ---------------------------------------------------
- ---------------------------------------------------
- ---------------------------------------------------

ഷൂട്ട് ചെയ്ത വീഡിയോ ക്ലിപ്പുകൾ എഡിറ്റ് ചെയ്യൂ...
ചിത്രീകരിച്ച വീഡിയോകൾ എഡിറ്റ് ചെയ്യുമ്പോൾ എന്തൊക്കെയായിരിക്കും ശ്രദ്ധിക്കുക?

- ഷൂട്ട് ചെയ്തവയിൽനിന്നും ആവശ്യമായ ദൃശ്യങ്ങൾ തിരഞ്ഞെടുക്കണം.
- കഥയുടെ തുടർച്ചയ്ക്കനുസരിച്ച് ദൃശ്യങ്ങൾ ക്രമീകരിക്കണം.
- ആവശ്യമില്ലാത്ത ഭാഗങ്ങൾ ഒഴിവാക്കണം
- ---------------------------------------------------
- ---------------------------------------------------
- ---------------------------------------------------
- ---------------------------------------------------
- ---------------------------------------------------



## കാണാം എഡിറ്റിങ്

സ്കൂൾ റിസോഴ്സ് ഫോൾഡറിലുള്ള സിനിമ കണ്ട ശേഷം എഡിറ്റിങ് എങ്ങനെ ഉപയോഗിച്ചിരിക്കുന്നു എന്ന് താഴെ തന്നിരിക്കുന്ന സൂചനകളുടെ അടിസ്ഥാനത്തിൽ കുറിപ്പ് തയ്യാറാക്കുക.



**സൂചനകൾ :**

- സംഗീതം ഉപയോഗിച്ചിരിക്കുന്ന രീതി
- നിറക്രമീകരണം
- ശബ്ദക്രമീകരണം
- ---------------------------------------------------
- ---------------------------------------------------



സ്കൂൾ റിസോഴ്സ് ഫോൾഡറിലുള്ള ക്ലാസ് 9 ലെ 4.3 എന്ന ഫയൽ തുറക്കുക.


### ചിത്രസംയോജനം (Editing)

വ്യത്യസ്തമായ സമയങ്ങളിലോ സ്ഥലങ്ങളിലോ വച്ച് ചിത്രീകരിച്ച ദൃശ്യങ്ങളിൽനിന്ന് ആവശ്യമായവ തിരഞ്ഞെടുത്ത് കഥയ്ക്കനുസരിച്ച് ക്രമാനുഗതമായി ചേർത്തുവച്ചും ഒഴിവാക്കേണ്ട ഭാഗങ്ങൾ മുറിച്ചുമാറ്റിയും ആവശ്യമായ ഇഫക്ട്/ട്രാൻസിഷൻ എന്നിവ നൽകിയും ദൃശ്യാനുഭവം സൃഷ്ടിക്കുന്ന പ്രവർത്തനമാണ് ചിത്രസംയോജനം.

### മൊണ്ടാഷ് (Montage)

വിവിധ ഷോട്ടുകൾ യോജിപ്പിച്ച് തികച്ചും വ്യത്യസ്തമായ ഒരു അർഥം ഉണ്ടാക്കുന്ന എഡിറ്റിങ് രീതിയാണ് മൊണ്ടാഷ്. **സെർജി ഐസൻസ്റ്റീൻ** എന്ന പ്രശസ്ത റഷ്യൻ ചലച്ചിത്രകാരന്റെ **'ബാറ്റിൽഷിപ്പ് പോട്ടംകിൻ'** എന്ന സിനിമയിലൂടെയാണ് ഇത് ആദ്യമായി അവതരിപ്പിക്കപ്പെടുന്നത്.

എഡിറ്റിങ് സോഫ്റ്റുവെയർ : ദൃശ്യങ്ങൾ എഡിറ്റുചെയ്യുവാനായുള്ള സ്വതന്ത്ര സോഫ്റ്റുവെയറുകളാണ് ഓപ്പൺ ഷോട്ട് വീഡിയോ എഡിറ്റർ, കേഡൻ ലൈവ് എന്നിവ.





കേഡൻ ലൈവ് സോഫ്റ്റുവെയറിൽ ദൃശ്യങ്ങൾ എഡിറ്റു ചെയ്യുന്ന രീതി

[OPEN > KDEN LIVE > IMPORT FILES > DRAG TO TIME LINE> EDIT FILE > RENDER]

നിങ്ങൾക്കറിയാവുന്ന മറ്റു സോഫ്റ്റുവെയറുകളുടെയോ ആപ്ലിക്കേഷനുകളുടെയോ പേരുകൾകൂടി എഴുതിനോക്കൂ...

- ..........................................................
- ..........................................................
- ..........................................................
- ..........................................................

## ഷൂട്ട് ആൻഡ് പ്ലേ (Shoot & Play)

സ്കൂളിൽ നടത്തുന്ന ദിനാചരണങ്ങളോ കലാപരിപാടികളോ മറ്റു പ്രവർത്തനങ്ങളോ ചിത്രീകരിച്ച് എഡിറ്റുചെയ്ത് ക്ലാസ്സിൽ പ്രദർശിപ്പിക്കുക.

മൂന്നാം അധ്യായത്തിലെ സിനിമാ പ്രവർത്തനത്തിൽ ഷൂട്ട് ചെയ്ത ദൃശ്യങ്ങൾ സ്കൂൾ കമ്പ്യൂട്ടർ ലാബിൽ എഡിറ്റ് ചെയ്യാൻ ശ്രമിക്കൂ.

## നിറ ക്രമീകരണം

**(COLOUR GRADING)**

ആശയത്തിന് അനുസൃതമായി ദൃശ്യങ്ങൾ ഒരു പ്രത്യേക നിറവിന്യാസത്തിലേക്കു മാറ്റുന്ന രീതിയാണ് ഇത്. നിറങ്ങൾ ദൃശ്യഭംഗിയെ സ്വാധീനിക്കും.

## ശബ്ദക്രമീകരണം

**(SOUND ENGINEERING)**

സന്ദർഭത്തിനനുസരിച്ചു പശ്ചാത്തലസംഗീതവും, സംഭാഷണങ്ങളും മറ്റും ആവശ്യമായ ശബ്ദത്തിൽ റെക്കോർഡ് ചെയ്ത് ക്രമപ്പെടുത്തി ദൃശ്യത്തിൽ ഉൾപ്പെടുത്തുന്ന രീതിയാണ് ശബ്ദക്രമീകരണം.

## വീഡിയോ ഫോർമാറ്റുകൾ

എഡിറ്റ് ചെയ്ത വീഡിയോ ഫയൽ MP4, AVI, MPEG തുടങ്ങിയ വീഡിയോ ഫോർമാറ്റുകളിൽ EXPORT ചെയ്യാം. വിവിധ ആവശ്യങ്ങൾക്കനുസരിച്ചു ഫോർമാറ്റുകൾ തെരഞ്ഞെടുക്കാം.

# രംഗബോധ്യം

"പെ, പെ, പെ. പെപ്പര, പെ.
പെപ്പര, പെപ്പര, പെപ്പരപ്പേ
ടുംടുംടും.. ടുംടുംടും ടുണ്ടുമ
ടുംണ്ടുമ ടുണ്ടുമടേം..
ഞാനൊരു പാവം കോമാളി
വിദ്യകൾ കാട്ടും കോമാളി
കളിയും ചിരിയും കഥയും കൂട്ടി
കാര്യം ചൊല്ലും കൂട്ടാളി
നല്ല കാര്യം ചൊല്ലും കൂട്ടാളി"

ഈ പാട്ടിലെ കഥാപാത്രത്തെ മനസ്സിലായല്ലോ. നിങ്ങളിൽ ഒരാൾ ഈ കഥാപാത്രമായി മാറൂ. കുട്ടികളുടെ കൂട്ടത്തിൽ ഒരാൾ കൂർത്ത തൊപ്പി തലയിൽ വച്ച് ക്ലൗൺ ആയി മാറി മുകളിൽ തന്നിരിക്കുന്ന പാട്ട് താളത്തിൽ പാടുന്നു. കുട്ടികൾ ഏറ്റുപാടുന്നു.




**ക്ലൗൺ (Clown)**

ഒരു രംഗാവതരണത്തിന്റെ ഭാഗമായി കളിയിലൂടെ കാര്യം പറയുകയും അതിഭാവുകത്വ ത്തോടെയുള്ള അംഗചലനങ്ങളും ആടയാഭരണങ്ങളും ചമയങ്ങളും ഉപയോഗിച്ച് രംഗാവതരണത്തിൽ ഏർപ്പെടുകയും ചെയ്യുന്ന കഥാപാത്രമാണ് ക്ലൗൺ.

## ഇമോഷണൽ ഓർക്കസ്ട്ര

താഴെ തന്നിരിക്കുന്ന ഇമോജികളുടെ അടിസ്ഥാനത്തിൽ നാല് ഗ്രൂപ്പായി തിരിയാം, ഒരു പൊതുലീഡറെ കണ്ടെത്താം. അദ്ദേഹമാണ് ഈ ഓർക്കസ്ട്ര നയിക്കേണ്ടത്.



നാല് വ്യത്യസ്തഭാവങ്ങളിലുള്ള നാല് ഗ്രൂപ്പായി തിരിഞ്ഞല്ലോ.

* ലീഡർ ഏത് ഗ്രൂപ്പിനു നേരെയാണോ കൈ നീട്ടുന്നത് അവർക്കു കിട്ടിയ ഇമോജിയുടെ അടിസ്ഥാനത്തിൽ ശബ്ദം ഉയർത്തുകയും താഴ്ത്തുകയും ചെയ്യുന്നു.
* ലീഡർ രണ്ടു കൈകളും ഉപയോഗിച്ചാൽ എല്ലാ സംഘങ്ങളും ശബ്ദം ഒരേസമയം ഉയർത്തുകയും താഴ്ത്തുകയും ചെയ്യേണ്ടതാണ്.

വ്യത്യസ്ത വൈകാരികാവസ്ഥകളിൽ സ്വാഭാവികമായി പ്രകടിപ്പിക്കുന്ന ശബ്ദങ്ങളെ അവതരിപ്പിക്കുകയാണ് ഈ പ്രവർത്തനത്തിൽ.



ഈ പ്രവർത്തനത്തിലൂടെ പോയപ്പോൾ നിങ്ങൾ എന്തൊക്കെയാണ് ശ്രദ്ധിച്ചത് ?

* വൈകാരിക അവസ്ഥയെ പ്രകടിപ്പിക്കുന്നതിന് ശബ്ദത്തിനുള്ള പ്രാധാന്യം.
* ശബ്ദത്തിന്റെ ഉപയോഗം.
*
*

ഇനി ഇതേ പ്രവർത്തനം ചെയ്യാൻ ശരീരംകൂടി ഉപയോഗിച്ചാലോ? അത് കൂടുതൽ രസകരമാകും. ഒന്നു ശ്രമിച്ചുനോക്കാം. യഥാർഥ അഭിനയരീതിയിൽ നിന്ന് വ്യത്യസ്തമായ അഭിനയരീതിയാണ് ഇത്.

**ജോക്കർ (Joker)**

ആളുകളെ ചിരിപ്പിക്കാനായി തമാശക്കഥകൾ പറയുന്ന കഥാപാത്രമാണ് ജോക്കർ.

**താഴെ കൊടുത്തിരിക്കുന്ന നാടകം മൂന്ന് സംഘ മായി വായിക്കൂ.**

"താളത്തിൽ നൃത്തം ചെയ്ത് റോഡിലൂടെ മുന്നേറുന്ന കോമാളിക്ക് തടസ്സമായി മറ്റ് കുട്ടി കൾ വിവിധ വാഹനങ്ങളായി മാറി റോഡിലൂടെ വേഗത്തിൽ സഞ്ചരിക്കുന്നു.

ക്ലൗൺ : (റോഡിനപ്പുറത്തുള്ള സ്കൂൾ കുട്ടികളെ നോക്കി)

കൂട്ടുകാരേ..

ഞാനാ നിങ്ങളുടെ പ്രിയപ്പെട്ട ക്ലൗൺ. കളി കളിക്കേണ്ടേ, കഥ പറയേണ്ടേ...

പക്ഷേ ! ഞാൻ എങ്ങനെ നിങ്ങളുടെ അടുത്തെത്തും. സാരമില്ല പച്ചനിറമേ നീ പോയി മഞ്ഞ നിറമേ നീ പോയി ചുവപ്പേ വാ, ചുവപ്പേ വാ. ചുവന്ന ലൈറ്റ് കത്തുന്നവരെ കാത്തിരിക്കാം. അപ്പോൾ പച്ച മനുഷ്യൻ വരും.

കുട്ടികളുടെ ഇടയിൽനിന്നും ഒരാൾ മുന്നോട്ട് വരുന്നു."

കുട്ടി 1 : ഏയ്... ക്ലൗൺ .. ഞാൻ അങ്ങോട്ട് വരാം എന്നിട്ട് നിന്നെ കൂട്ടി വേഗത്തിൽ ഇങ്ങോട്ട് വരാം

ക്ലൗൺ : അതുവേണ്ട, ഈ റോഡ് നിറയെ വാഹനങ്ങളാ, ട്രാഫിക് ലൈറ്റ് ചുവപ്പാകട്ടെ അല്ലെങ്കിൽ നീ അപകടത്തിൽപ്പെടും

(കുട്ടി പറഞ്ഞത് വകവെയ്ക്കാതെ വളരെ പാടുപെട്ട് റോഡ് മുറിച്ച് കടന്ന് കോമാളിക്കരുകിൽ എത്തുന്നു.)

ക്ലൗൺ : കൂട്ടുകാരാ ഇപ്പോൾ നീ കാണിച്ചത് തെറ്റല്ലേ ?

കുട്ടി 1 : അതൊന്നും സാരമില്ലന്നേ. ഞാൻ അടുത്തെത്തിയില്ലേ. ഇനി നമുക്ക്



## നാടകയോഗം രഘു

'നാടക യോഗം' എന്ന നാടക സംഘം സ്ഥാപിച്ചു.
തെരുവുനാടകപ്രസ്ഥാനത്തെപ്പറ്റി ആഴത്തിൽ പഠിക്കുകയും അരങ്ങിൽ പ്രയോഗിക്കുകയും ചെയ്തു.
കേരളത്തിലെ പ്രമുഖരായ നാടക പ്രവർത്തകർക്ക് വഴികാട്ടിയായി രുന്നു. കേരളസംഗീതനാടക അക്കാദമിയുടെ ഗുരുപൂജ അവാർഡ് ലഭിച്ചിട്ടുണ്ട്.



## ബാദൽ സർക്കാർ

പശ്ചിമ ബംഗാൾ സ്വദേശിയായ പ്രമുഖ ജനകീയ നാടകപ്രവർത്ത കനായിരുന്നു ബാദൽ സർക്കാർ. 1967-ൽ ശതാബ്ദി തീയറ്റർ ഗ്രൂപ്പ് സ്ഥാപിച്ചു. 'മൂന്നാം തിയറ്റർ' എന്നാണ് തന്റെ നാടകസംഘത്തെ അദ്ദേഹം വിശേഷിപ്പിച്ചിരുന്നത്. പത്മശ്രീ (1972), കേന്ദ്രസംഗീത നാടക അക്കാദമി പുരസ്കാരം (1968), സംഗീത നാടക അക്കാദമി ഫെലോഷിപ്പ് (1997) എന്നീ ബഹുമതികൾ അദ്ദേഹം നേടിയിട്ടുണ്ട്.

ഒരുമിച്ച് പോകാം.

ക്ലൗൺ : ഹ ഹ! സാരമില്ല സാരമില്ല സാരമില്ലതേതുമേ, ക്ലൗണിന് ഒന്നും സാരമില്ല. പക്ഷേ സാരമായ പലതും ക്ലൗൺ കളിയിലൂടെ പങ്കുവയ്ക്കും.

കുട്ടി 1 : എനിക്ക് കളിയാ ഇഷ്ടം. വാ..നമുക്ക് മഞ്ഞ ലൈറ്റ് കത്തുന്നതിനു മുൻപ് റോഡ് മുറിച്ച് കടക്കാം

ക്ലൗൺ : എന്നാൽ ഒരു കാര്യമായ കളി ഞാൻ പറയാം. കൂട്ടുകാരൻ എന്റെ കൈ പിടിച്ച് നിന്നേ.

കുട്ടി 1 : കൈപിടിച്ചു

ക്ലൗൺ : ഇനി പറയുന്നത് ഏറ്റ് ചൊല്ലി കൂടെപ്പോന്നേ. ദാ പച്ച നിറം പോയി മഞ്ഞ വന്നേ ഒന്ന്, രണ്ട്, മൂന്ന്. ചുവപ്പ് വന്നേ! ഇനി മുന്നോട്ട്.
(കുട്ടി ഏറ്റ് ചൊല്ലുന്നു. വാഹനങ്ങൾ ആയി ഓടിക്കൊണ്ടിരിക്കുന്ന കുട്ടികൾ നിൽക്കുന്നു.)

കുട്ടി : ശ്ശൊ, നമുക്ക് വാഹനങ്ങൾക്കിടയിലൂടെ വന്നാൽ മതിയായിരുന്നു.

ക്ലൗൺ : കൂട്ടുകാരാ, ട്രാഫിക് ലൈറ്റിലെ ഓരോ നിറത്തെക്കുറിച്ചും കുട്ടികളായ നിങ്ങൾ അറിഞ്ഞിരിക്കണം.

കുട്ടി 3 : നിറങ്ങളോ

ക്ലൗൺ : അതെ , പച്ച, മഞ്ഞ, ചുവപ്പ്.
പച്ച എന്നാൽ 'പോകുക'. ചുവപ്പ് എന്നാൽ 'നിർത്തുക. മഞ്ഞയുടെ അർത്ഥം വേഗം കുറയ്ക്കുക എന്നാണ് അല്ലാതെ വേഗം കൂട്ടുകയല്ല.

കുട്ടി 2 : ഇതൊക്കെ ട്രാഫിക് ലൈറ്റിന്റെ നിറങ്ങളല്ലേ. ഞങ്ങൾക്കിതൊക്കെ നേരത്തേ അറിയാം. ക്ലൗൺ ഇപ്പോഴാണോ പഠിച്ചത്
( എല്ലാവരും ഉച്ചത്തിൽ ചിരിക്കുന്നു)

ക്ലൗൺ : ഹ..ഹ ക്ലൗൺ പഠിച്ചതൊക്കെ പാടുന്നവനാ കൂട്ടുകാരെ
ദേ അങ്ങോട്ട് നോക്കൂ, ഒന്ന് രണ്ട് പേർ മഞ്ഞ വെളിച്ചം വന്നപ്പോൾ വേഗം കൂട്ടുന്നത് കണ്ടോ.
ഇതുകൊണ്ട് എന്ത് സംഭവിക്കും.

ബൈക്കിൽ ഹെൽമെറ്റ് വയ്ക്കാതെ വേഗതയിൽ വരുന്ന ചെറുപ്പക്കാരൻ മറ്റൊരു വാഹനത്തിന്റെ പിന്നിൽ ഇടിക്കുന്നു. ചെറുപ്പക്കാരൻ തെറിക്കുന്നു. നിലത്തുവീഴാതെ ക്ലൗൺ താങ്ങിപ്പിടിക്കുന്നു.

ചെറുപ്പക്കാരൻ : താങ്ക്സ്

ക്ലൗൺ : കൂട്ടുകാരെ ഇവന്റെ വീട്ടിലെ രാവിലത്തെ സീൻ ഞാനൊന്ന് കാണിക്കാം.
ക്ലൗൺ അമ്മയായിട്ട് സ്നേഹത്തോടെ അഭിനയിച്ചു കാണിക്കുന്നു. "മോനെ

ഹെൽമെറ്റ് വച്ച് പതുക്കെ പോടാ" മകനായിട്ട് ക്ലൗൺ അഭിനയിക്കുന്നു. ചെവിയിൽ ഇയർഫോൺ വച്ച് സംസാരിക്കുന്നു.
അമ്മ വീണ്ടും "മോനെ ഹെൽമെറ്റ്....

മകൻ : "ഹെൽമറ്റ് വെച്ചാൽ മുടി കേടാകും" ക്ലൗൺ അഭിനയം നിർത്തി പൊട്ടിച്ചിരിച്ചുകൊണ്ട് കൂട്ടുകാരോടായി പറയുന്നു. "തലയില്ലാത്തവന് ഹെയർ സ്റ്റൈൽ എന്തിനാ"?

ഇനി കൂട്ടുകാരോടെല്ലാം പ്രധാന കാര്യം പറയട്ടെ. ട്രാഫിക് നിയമങ്ങൾ പാലിക്കേണ്ടതാണ്,



തിരക്ക് പിടിച്ച റോഡുകളിൽ ഓടാതിരിക്കുക, എപ്പോഴും നടപ്പാതകൾ ഉപയോഗിക്കുക, വളവുകളിൽ റോഡ് മുറിച്ച് കടക്കരുതേ, ഇനി വാഹനങ്ങളിലാണെങ്കിൽ കൈകൾ പുറത്തിടാതിരിക്കാൻ ശ്രദ്ധിക്കണേ റോഡരികിൽ കാണുന്ന സിഗ്നലുകൾ എന്തെല്ലാമാണെന്നും അപകട സാധ്യതകൾ എന്തെല്ലാമാണെന്നും കൂട്ടുകാർക്ക് കണ്ടെത്തി പറഞ്ഞു കൊടുക്കുമോ ?
അപ്പോൾ ക്ലൗണിനെ പോലെ പഠിച്ചത് പാടണം, പാടിയാലോ...

പെ, പെ, പെ. പെപ്പര, പെ
പെപ്പര, പെപ്പര, പെപ്പരപ്പേ
ടുംടുംടും.. ടുംടുംടും ടുണ്ടുമ
ടുംണ്ടുമ ടുണ്ടുമടേം
കേട്ടു പഠിച്ചൊരു പാഠങ്ങൾ
കണ്ടു പഠിച്ചൊരു പാഠങ്ങൾ
കളിയും ചിരിയും കഥയും കൂട്ടി
നല്ലതിനായി നൽകീടാം
നാടിൻ നല്ലതിനായി നൽകീടാം.

### സൂത്രധാരൻ

കൂടിയാട്ടത്തിലെ സൂത്രധാരനാണ് വിദൂഷകൻ. നാടകത്തെപ്പറ്റി സൂചനകൾ നൽകാനും അവതരണത്തിന്റെ ഇടവേളകളിൽ ചിരിയും ചിന്തയും കലർത്തി പ്രേക്ഷകനെ അവതരണത്തിൽ തുടരാൻ പ്രേരിപ്പിക്കുന്ന കണ്ണിയായും സൂത്രധാരൻ പ്രവർത്തിക്കുന്നു.

### നാടകമാടാം



ഈ നാടകം ക്ലാസ്സിൽ അവതരിപ്പിക്കൂ...
അവതരണം കൂടുതൽ മെച്ചമാക്കാൻ എന്തൊക്കെ മാറ്റങ്ങളാണ് വരുത്തേണ്ടത് ?

# 5

# രംഗഭൂമി

5.1 പൊതുയിടങ്ങളിലെ കലാവിസ്മയങ്ങൾ

5.2 അഭിനയസംഗീതം

5.3 നിൽക്കാനൊരുതറ, പിന്നിലൊരുമറ

5.4 പകർന്നാടാം


**5.5** ദൃശ്യം, കാഴ്ച, അനുഭവം



# പൊതുയിടങ്ങളിലെ കലാവിസ്മയങ്ങൾ

ഇത്തവണ ഉപജില്ലാ കലോത്സവം നിങ്ങളുടെ സ്കൂളിലാണ് നടക്കുന്നത്. കലോത്സവവുമായി ബന്ധപ്പെട്ട് ആകർഷകമായ ഒരു ശില്പം നിർമ്മിക്കണം. രൂപരേഖ തയ്യാറാക്കുകയും ചെയ്യേണ്ടതുണ്ട്. ഇനിയും മറ്റെന്തൊക്കെ കാര്യങ്ങൾ ശ്രദ്ധിക്കണം ? കുറിക്കൂ...


1. ആശയം
2. രൂപരേഖ
3. ........................
4. .......................
5. ....................



ആനയുടെ ശില്പം നിർമ്മിക്കാനാവശ്യമായ രൂപരേഖ (ഉദാഹരണ ചിത്രം)

ശില്പനിർമ്മാണത്തിന്റെ അടിസ്ഥാനഘടകങ്ങളിൽ പ്രധാനപ്പെട്ടത് അതിന്റെ രൂപരേഖയാണ്. ശില്പത്തിന്റെ ഘടന, ക്രമം, വിന്യാസം എന്നിവ വ്യക്തമാക്കാൻ രൂപരേഖയിലൂടെ സാധിക്കുന്നു.

### ഒരു ശില്പനിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങൾ ശ്രദ്ധിക്കൂ.









### പബ്ലിക് ആർട്ട്
**(Public Art)**

വ്യക്തികൾ, സംഭവങ്ങൾ തുടങ്ങിയവയുടെ സ്മാരകങ്ങളായും കലാകാരുടെ വ്യക്തിപരമായ ആശയങ്ങളുടെ ആവിഷ്കാരങ്ങളായും സാമൂഹിക രാഷ്ട്രീയ സാഹചര്യങ്ങളോടുള്ള പ്രതികരണങ്ങളായുമെല്ലാം സ്ഥിരമായോ താൽക്കാലിക മായോ പൊതുവിടങ്ങളിൽ കല ആവിഷ്കൃതമാകുന്നുണ്ട്. ശില്പങ്ങൾ, ചുമർചിത്രങ്ങൾ, പെയിന്റിങ്ങുകൾ, ഗ്രാഫിറ്റി, ഇൻസ്റ്റലേഷൻ, പ്രകടനങ്ങൾ (Performance), ലാന്റ് ആർട്ട് (Land art), സൈറ്റ് നിർദ്ദിഷ്ടകല (Site Specific Art, വാസ്തുവിദ്യ (Architecture), സ്മാരകങ്ങൾ, ഡിജിറ്റൽ ആർട്ട്, പോസ്റ്ററുകൾ തുടങ്ങിയവയൊക്കെ പബ്ലിക് ആർട്ട് എന്ന വിഭാഗത്തിൽപ്പെടുന്നു.




### ശില്പം നിർമ്മിക്കാം

ലഭ്യമായ വസ്തുക്കൾ കണ്ടെത്തി ശേഖരിച്ച് അത് ഉപയോഗിച്ച് സ്കൂൾ പരിസരത്ത് ശില്പമോ നിർമ്മിതിയോ തയ്യാറാക്കുക.



ആൻഡി ഗോൾഡ്സ് വർത്തിയുടെ 'മില്ലേനിയം കൈൻ' (1956) എന്ന കലാസൃഷ്ടി (Millennium Cairn)



രാം കിങ്കർ ബൈജിന്റെ 'മിൽ കാൾ ' (Mill call) (1956) എന്ന കലാസൃഷ്ടി



### ആൻഡി ഗോൾഡ്സ്‌വർത്തി

**(Andy Goldsworthy)**

പ്രസിദ്ധനായ ബ്രിട്ടീഷ് ശില്പിയാണ് ആൻഡി ഗോൾഡ്‌വർത്തി. താൽക്കാലികമായുള്ള ലാൻഡ്‌സ്കേപ്പ് ആർട്ട് ഇലകളും കല്ലുകളും മരച്ചില്ലകളും അടുക്കിയാണ് അദ്ദേഹം നിർമ്മിക്കുന്നത്.



### രാം കിങ്കർ ബൈജ് 1906-1980

**(Ramkinkar Baij)**

ആധുനിക ഇന്ത്യൻ ശില്പ-ചിത്ര കലാരംഗത്തെ പ്രധാനിയാണ് രാം കിങ്കർ ബൈജ്. പശ്ചിമബംഗാളിലെ ശാന്തിനികേതനിൽ സ്ഥാപിച്ചിരിക്കുന്ന 'മിൽകോൾ' സൈറൺ കേട്ട് ജോലി സ്ഥലത്തേക്ക് ഓടാനായുന്ന തൊഴിലാളിസ്ത്രീകളെ പ്രതിനിധാനം ചെയ്യുന്നു. ആധുനികതയുടെ കടന്നു വരവിനെ പ്രതീകവൽക്കരിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട ശില്പമാണിത്.



### കാനായി കുഞ്ഞിരാമൻ

**(Kanayi Kunhiraman)**

കേരളത്തിലെ ഏറ്റവും പ്രശസ്തരായ ശില്പികളിൽ ഒരാളാണ് കാനായി കുഞ്ഞിരാമൻ. ചിത്രകാരനായ കെ.സി.എസ്. പണിക്കരും ശില്പിയായ ദേവിപ്രസാദ് റോയ് ചൗധരിയുമായിരുന്നു അദ്ദേഹത്തിന്റെ ഗുരുനാഥർ. മദ്രാസിലെ ഫൈൻ ആർട്സ് കോളേജിൽ നിന്ന് 1960ൽ ഒന്നാം ക്ലാസോടെ ശില്പകലയിൽ ഡിപ്ലോമ കരസ്ഥമാക്കി, ലണ്ടനിലെ സ്ലെയ്ഡ് സ്കൂൾ ഓഫ് ആർട്സിൽനിന്ന് 1965 ൽ ശില്പ കലയിൽ ഉപരിപഠനം പൂർത്തിയാക്കിയ കാനായി കേരളത്തിൽ നിരവധി പൊതുയിടശില്പങ്ങൾ നിർമ്മിച്ചിട്ടുണ്ട്. മലമ്പുഴയിലെ 'യക്ഷി', 'സാഗരകന്യക', 'മുക്കോലപെരുമാൾ' തുടങ്ങിയവ അതിപ്രശസ്തമാണ്.



കാനായി കുഞ്ഞിരാമന്റെ 'മുക്കോലപെരുമാൾ' (1973) എന്ന കലാസൃഷ്ടി.



അനീഷ് കപൂറിന്റെ 'ദി ക്ലൗഡ് ഗേറ്റ് (Cloud Gate 2006) എന്ന കലാസൃഷ്ടി.



### ലൂയിസ് ബോർഷ്വാ

(1911-2010) Louise Bourgeois

ശില്പിയും ചിത്രകാരിയും പ്രിന്റ് മേക്കറുമായ ഫ്രഞ്ച് - അമേരിക്കൻ കലാ കാരി യാണ് ലൂയിസ് ബോർഷ്വാ. സ്റ്റീൽ, ബ്രോൺസ്, മാർബിൾ എന്നിവയിൽ ചെയ്ത 'മമൻ' (1990) ശില്പം വളരെ പ്രസിദ്ധമാണ്.

### അനീഷ് കപൂർ (Anish Kapoor)



ഇന്ത്യൻ വംശജനായ ബ്രിട്ടീഷ് ശില്പിയായ അനീഷ് കപൂർ സമകാലിക ശില്പകലാരംഗത്ത് പ്രസിദ്ധനാണ്. മില്ലേനിയം പാർക്കിൽ സ്ഥാപിച്ച 'ക്ലൗഡ് ഗേറ്റ്' പോളിഷ് ചെയ്ത സ്റ്റെയിൻ ലെസ് സ്റ്റീലിൽ നിർമ്മിച്ച പടുകൂറ്റൻ ശില്പമാണ്.

### റോബർട്ട് സ്മിത്ത്സൺ (Robert Smithson)

(1938-1973)



അമേരിക്കൻ കലാകാരനായ റോബർട്ട് സ്മിത്ത്സൺ 1970 ൽ ചെയ്ത ഏറ്റവും പ്രസിദ്ധമായ ലാൻഡ് ആർട്ടാണ് സ്പൈറൽ ജെട്ടി (Spiral Jetty).

## ഡിജിറ്റൽ ആൽബം

വലുപ്പത്തിലും പ്രതല സ്വഭാവത്തിലും, നിർമാണവസ്തുക്കളുടെ ഉപയോഗത്തിലും, ആശയതലത്തിലും വ്യത്യസ്തമായ നിരവധി പൊതുവിടശില്പങ്ങൾ നിങ്ങൾ പരിചയപ്പെട്ടല്ലോ...

ഐസിടി സാധ്യതകൾ ഉപയോഗിച്ചുകൊണ്ട് പൊതുവിടശില്പങ്ങളുടെയും നിർമ്മിതികളുടെയും ഡിജിറ്റൽ ആൽബം തയ്യാറാക്കുക.



റോബർട്ട് സ്മിത്ത്സണിന്റെ 'സ്പൈറൽ ജെട്ടി' (1970) എന്ന കലാസൃഷ്ടി.

# അഭിനയസംഗീതം









**ചർച്ചചെയ്യാം**

ചിത്രത്തിൽ കാണുന്ന കലാരൂപങ്ങൾ നിങ്ങൾക്ക് പരിചിതമാണല്ലോ? ഇവയുടെ പാട്ടുകൾ നിങ്ങൾ ശ്രദ്ധിച്ചിട്ടുണ്ടാകും. എന്തെല്ലാം പ്രത്യേകതകളാണ് ഈ കലാരൂപങ്ങളിലെ പാട്ടുകളെ വ്യത്യസ്തമാക്കുന്നത് ? ചുവടെ കൊടുത്തിരിക്കുന്ന സൂചകങ്ങളിലൂടെ ചർച്ച ചെയ്യാം.

- സാഹിത്യത്തിന്റെ പ്രത്യേകത
- സന്ദർഭം
- ആലാപനശൈലി
- അവതരണശൈലി

ഇത്തരത്തിൽ ആലാപനശൈലിയിൽ വ്യത്യസ്തതകൾ ഉള്ള ധാരാളം നൃത്തരൂപങ്ങൾ ഉണ്ട്. അവയിൽ ശാസ്ത്രീയ ശൈലിയിലുള്ളതും, നാടൻ ശൈലിയിലുള്ളതുമായ പാട്ടുകൾ വരുന്ന നൃത്തരൂപങ്ങൾ കണ്ടെത്തി തരം തിരിക്കാമോ ?

| ക്ലാസിക്കൽ നൃത്തരൂപങ്ങൾ | നാടൻനൃത്തരൂപങ്ങൾ |
|---|---|
| • മോഹിനിയാട്ടം | • ഒപ്പന |
| • | • |
| • | • |

- ഓരോ നൃത്തരൂപത്തിലെയും പാട്ടുകളുടെ ആലാപനശൈലി വ്യത്യസ്തമാണ്.
- നൃത്തരൂപങ്ങളുടെ ആസ്വാദനത്തിൽ വ്യത്യസ്തമായ ആലാപനശൈലി പ്രധാന പങ്ക് വഹിക്കുന്നു.
- ഓരോ നൃത്തരൂപത്തിലും ഉപയോഗിക്കുന്ന സംഗീതോപകരണങ്ങൾ വ്യത്യസ്തമാണ്.



## പാടിനോക്കാം

ഗ്രൂപ്പുകളായി തിരിഞ്ഞ് താഴെ കൊടുത്തിരിക്കുന്ന വ്യത്യസ്ത കലാരൂപങ്ങളിലെ പാട്ടുകൾ കണ്ടെത്തി പാടി അവതരിപ്പിക്കുക.

- തുള്ളൽപ്പാട്ട്
- തിരുവാതിരപ്പാട്ട്
- ഒപ്പനപ്പാട്ട്
- മാർഗംകളിപാട്ട്

### തുള്ളൽപ്പാട്ട്

"കൽഹാരപുഷ്പങ്ങൾ കട്ടുപറിക്കുന്ന
കള്ളാ നിനക്കടി കൊള്ളുമെന്നിങ്ങനെ
കൊള്ളാമഹം ഭാവമെന്തെടാ കശ്മലാ
വെള്ളത്തിൽ നിന്നങ്ങു കേറിനിന്നീടുക.

കല്യാണസൗഗന്ധികം വന്നു മോഷ്ടിച്ചു
മെല്ലെ തിരിച്ചങ്ങു കൊണ്ടുപോവാൻ നിന
ക്കില്ലെടാ സാമർഥ്യമല്ല മഹാജള !
നില്ലെടാ നിന്റെ വിനാശം വരും ദ്ധ്രുവം"

[കല്യാണസൗഗന്ധികം-
ശീതങ്കൻതുള്ളൽ]



സ്കൂൾ റിസോഴ്സ് ഫോൾഡറിലുള്ള ക്ലാസ് 9 ലെ 5.1 എന്ന ഫയൽ തുറക്കുക.



**പാടാം, കണ്ടെത്തി പാടാം.**

മുകളിൽ തന്നിരിക്കുന്ന തുള്ളൽ പാട്ടിന്റെ വരികൾ ഈണത്തിൽ പാടിനോക്കുക

ഇതുപോലെ മറ്റ് മൂന്ന് കലാരൂപങ്ങളുടെ പാട്ടുകൾ കണ്ടെത്തി പാടി അവതിരിപ്പിക്കുമല്ലോ.

നൃത്തത്തിന്റെ ഭാവത്തെ പ്രകടമാക്കുന്നതിനുവേണ്ടി വരികൾക്കനുയോജ്യമായ രാഗങ്ങൾ തിരഞ്ഞെടുത്ത് ചിട്ടപ്പെടുത്തിയാണ് നൃത്തരൂപങ്ങളിൽ ഉപയോഗിക്കുന്നത്.

**വിവിധ കലാരൂപങ്ങളെ അറിയാം...**

| കലാരൂപം | | സംസ്ഥാനം |
|---|---|---|
| മോഹിനിയാട്ടം | - | കേരളം |
| ഭരതനാട്യം | - | തമിഴ്നാട് |
| കുച്ചിപ്പുടി | - | ആന്ധ്ര |
| ഒഡീസി | - | ഒഡീഷ |
| മണിപ്പൂരി | - | മണിപ്പൂർ |
| ബിഹു | - | ആസാം |
| ഖയാൽ | - | രാജസ്ഥാൻ |

### കഥകളി

കഥകളിയിൽ പ്രധാനമായും രണ്ട് പാട്ടുകാരാണുള്ളത് ചേങ്ങിലകൊട്ടിപ്പാടുന്നയാളെ പൊന്നിനിയെന്നും, ഇലത്താളം കൊട്ടിപ്പാടുന്നയാളെ ശിങ്കിടിയെന്നും വിളിക്കുന്നു. ചെണ്ട, മദ്ദളം, ചേങ്ങില, ഇലത്താളം, ഇടയ്ക്ക, ശംഖ് തുടങ്ങിയവ കഥകളിയിൽ ഉപയോഗിക്കുന്ന സംഗീതോപകരണങ്ങളാണ്.

### കലാമണ്ഡലം ഹൈദരലി (1946-2006)



ഭാവാത്മകമായ ആലാപനത്തിലൂടെ കഥകളി സംഗീതത്തെ ജനപ്രിയമാക്കിയ കലാകാരനാണ് കലാമണ്ഡലം ഹൈദരലി. കഥകളി സംഗീതവും കർണാടക സംഗീതവും താരതമ്യപ്പെടുത്തിയുള്ള ഗവേഷണത്തിന് കേന്ദ്ര മാനവശേഷി വിഭവവകുപ്പിന്റെ ഫെല്ലോഷിപ്പ് ലഭിച്ചിട്ടുണ്ട്.

# നിൽക്കാനൊരുതറ പിന്നിലൊരുമറ

"പെരുത്ത ഭൂമീന്റെ ഉള്ളിന്റുള്ളിൽ
ഒരു ചെറിയ ഭൂമീണ്ട്
ഈ ചെറിയ ഭൂമീലെ
ഇത്തിരിപോന്ന മനുഷ്യന്മാർ
വേഷം കെട്ടി വാക്കുപറഞ്ഞ് നടിച്ചുകാട്ടുന്നു
വേഷം നടിച്ചുകാട്ടുന്നു
ഈ ഭൂമീന്റെ പേരാണ് നാടകം "(2)

- വിജേഷ് കെ വി.



## ഈണത്തിൽ പാടാം

ഈ പാട്ട് ഈണത്തിൽ പാടിനോക്കൂ.



സ്കൂൾ റിസോഴ്സ് ഫോൾഡറിലുള്ള ക്ലാസ് 9 ലെ 5.2 എന്ന ഫയൽ തുറക്കുക.

ജനുവരി 1 മുതൽ 7 വരെ കുട്ടികളുടെ നാടക വാരമായി ആഘോഷിക്കാം

'പെരുത്ത ഭൂമീന്റെ ഉള്ളിന്റുള്ളിലെ ചെറിയ ഭൂമി' എന്താണ്?
അതാണ് അവതരണ സ്ഥലം.

"നിൽക്കാൻ ഒരു തറ പിന്നിലൊരു മറ എന്റെയുള്ളിൽ നാടകവും
മുന്നിൽ നിങ്ങളും" _ എൻ. എൻ. പിള്ള

(ഇതിൽ പറഞ്ഞിരിക്കുന്ന മറയാണ് പിന്നീട് രംഗപശ്ചാത്തലമായി രൂപപ്പെട്ടത്.)



## അറിയാം രംഗപശ്ചാത്തലം


താഴെ കൊടുത്തിരിക്കുന്ന ചിത്രങ്ങൾ പരിശോധിച്ച് അവതരണത്തിൽ രംഗപശ്ചാത്തലത്തിന്റെ സാധ്യതകൾ എന്തൊക്കെയാണെന്ന് ചർച്ചചെയ്യൂ...



വാൻഖോഗ് - സാംകുട്ടി



ലേഡി ഫ്രം ദ സീ - ജ്യോതിഷ് എം.ജി.



കുടുംബകോടതി - സുജാതൻ



### ആർട്ടിസ്റ്റ് സുജാതൻ

കേരളത്തിലെ പ്രശസ്തനായ രംഗപടകലാകാരനാണ് ആർട്ടിസ്റ്റ് സുജാതൻ. 1967-മുതൽ ഈ രംഗത്ത് പ്രവർത്തിക്കുന്ന ഇദ്ദേഹം മൂവായിരത്തോളം നാടകങ്ങൾക്ക് രംഗപടമൊരുക്കിയിട്ടുണ്ട്. രംഗപടത്തിനുള്ള സംസ്ഥാന അവാർഡ് ഇരുപത് തവണ ലഭിച്ചിട്ടുള്ള ഇദ്ദേഹത്തിന് കേരള സംഗീത നാടക അക്കാദമിയുടെ ഫെലോഷിപ്പ് നൽകി ആദരിച്ചിട്ടുണ്ട്.



### ദീപൻ ശിവരാമൻ

ലണ്ടനിലെ സെയിന്റ് മാർട്ടിൻ കോളേജിൽനിന്നും സീനോഗ്രാഫിയിൽ ബിരുദാനന്തരബിരുദം നേടിയ നാടക പ്രവർത്തകനാണ് ദീപൻ ശിവരാമൻ. ഇന്ത്യയിലും വിദേശത്തുമായി നിരവധി നാടകങ്ങൾക്ക് സീനിക് ഡിസൈൻ ചെയ്തിട്ടുള്ള ഇദ്ദേഹം പ്രശസ്തനായ സംവിധായകൻകൂടിയാണ്. ഡൽഹി അംബേദ്കർ യൂണിവേഴ്സിറ്റിയിലെ സ്കൂൾ ഓഫ് പെർഫോമൻസ് സ്റ്റഡീസിൽ അസോസിയേറ്റ് പ്രൊഫസറായ ഇദ്ദേഹത്തിന് കേരള സംഗീത നാടക അക്കാദമി പുരസ്കാരം ലഭിച്ചിട്ടുണ്ട്.

## ഒരുക്കാം രംഗപശ്ചാത്തലം



"പണ്ട് കടലു നിറച്ചും മീനായിരുന്നു, മീനിന് വെലയും കുറവായിരുന്നു. കടപ്പുറത്തെ കുഞ്ഞുങ്ങൾക്ക് ആരോഗ്യം ഉണ്ടായിരുന്നു. മീനിനായി ചന്തകളും ഹാർബറുകളും തേടി അലയണ്ട. കടപ്പുറത്തെ മീൻതന്നെ തോനെയുണ്ടായിരുന്നു. വെള്ളിപോലെ തിളങ്ങുന്ന മീനുകൾ, തൊട്ടാൽ കൈതെറിക്കുന്ന മീനുകൾ"

കടലിന്റെ പശ്ചാത്തലത്തിൽ സജിതാ മഠത്തിൽ എഴുതിയ "മത്സ്യഗന്ധി" എന്ന നാടകത്തിലെ സംഭാഷണഭാഗമാണ് മുകളിൽ കൊടുത്തിരിക്കുന്നത്. സംഘങ്ങളായി തിരിഞ്ഞ് മുകളിൽ കൊടുത്തിരിക്കുന്ന കഥാസന്ദർഭത്തിന് അനുയോജ്യമായ രംഗപശ്ചാത്തലം തയ്യാറാക്കുക.

രംഗപശ്ചാത്തലം എങ്ങനെയൊക്കെ ചെയ്യാമെന്ന് സൂചകങ്ങളുടെ സഹായത്തോടെ ചർച്ച ചെയ്യാം.

1 ചിത്രങ്ങളുടെ സഹായത്താൽ.
2 ശരീരം/ വസ്തുക്കൾ ഉപയോഗിച്ച്.
3 ശബ്ദത്തിലൂടെ.
4 ഡിജിറ്റൽ സാങ്കേതിക വിദ്യ ഉപയോഗിച്ച്.

### ഇന്ത്യൻ നാടോടിനാടകങ്ങൾ

ഭാവൈ : ഗുജറാത്ത്, എ.ഡി. 14-ാം നൂറ്റാണ്ടിൽ ഉദ്ഭവം.

ഭാവോന : ആംഗ്യനാട്ട്- ആസാം, എ.ഡി. പതിനാറാം നൂറ്റാണ്ടിൽ ഉദ്ഭവം. മഹാപുരുഷ ശ്രീമന്ദ ശങ്കരദേവൻ ആരംഭിച്ചു.

ജാത്ര : ബംഗാൾ, എ.ഡി പതിനാറാം നൂറ്റാണ്ടിൽ ഭക്തിപ്രസ്ഥാനത്തിന്റെ ഭാഗമായിട്ട് ആരംഭിച്ചു.

സ്വാംഗ് : ഹരിയാന, ഉത്തർപ്രദേശ്, മധ്യപ്രദേശ്, ആംഗികാഭിനയ പ്രധാനം. 18, 19 നൂറ്റാണ്ടുകളിൽ ആരംഭിച്ചു.

യക്ഷഗാനം : കർണാടക, എ.ഡി പതിനാറാം നൂറ്റാണ്ടിൽ തുടങ്ങി. സെമിക്ലാസിക്കൽ സ്വഭാവം, കർണാട്ടിക് സംഗീതം, സമ്പന്നമായ ആഹാര്യം എന്നിവയാണ് പ്രത്യേകതകൾ. മഹാഭാരത രാമായണ കഥകളാണ് പ്രമേയം.

തെരുക്കൂത്ത് : തമിഴ്നാട്, ശ്രീലങ്ക എന്നിവിടങ്ങളിൽ നിലവിലുള്ള തെരുവുനാടകരൂപമാണ് തെരുക്കൂത്ത്.

പൊറാട്ട് നാടകം : തൃശ്ശൂർ/പാലക്കാട് ജില്ലയിലെ നാടൻ ദൃശ്യകലാരൂപമാണ് പൊറാട്ട് നാടകം.



**അമൽ അല്ലാന**

സംവിധായിക, അഭിനേതാവ്, സീനിക് ഡിസൈനർ എന്നീ നിലകളിൽ പ്രശസ്തയാണ് അമൽ അല്ലാന. നാഷണൽ സ്കൂൾ ഓഫ് ഡ്രാമയുടെ ചെയർപേഴ്സൺ ആയിരുന്ന അമൽ അല്ലാന അൻപതോളം നാടകങ്ങൾ സംവിധാനം ചെയ്യുകയും സീനിക് ഡിസൈൻ നിർവഹിക്കുകയും ചെയ്തിട്ടുണ്ട്. സംഗീത നാടക അക്കാദമി അവാർഡ് ജേതാവ് കൂടിയാണ് അമൽ അല്ലാന.

# പകർന്നാടാം



ഋതുക്കൾ പ്രകൃതിയിൽ ഒട്ടേറെ മാറ്റങ്ങൾ ഉണ്ടാക്കും. വരൾച്ചയുടെ കാലത്ത് പ്രകൃതിയിലും ജീവജാലങ്ങളിലും ഉണ്ടാകുന്ന മാറ്റങ്ങൾ എന്തെല്ലാമാണ്?

- ജലാശയങ്ങൾ വരളുന്നു.
- ചൂട് കഠിനമാകുന്നു.
- ..........................
- ..........................
- ..........................
- ..........................
- ..........................

### നൃത്തമാടാം

വരൾച്ചയുടെ വിവിധ ഘട്ടങ്ങളെ ആശയമായി എടുത്തുകൊണ്ട് ഒരു നൃത്തം ആവിഷ്കരിക്കുമ്പോൾ എന്തൊക്കെ മുന്നൊരുക്കങ്ങൾ നടത്തണം?

- ആശയത്തിന് അനുയോജ്യമായ സംഗീതം
- അനുയോജ്യമായ വരികൾ
- കഥാപാത്രനിർണയം
- ........................................
- ........................................
- ........................................

### പകർന്നാട്ടം

കേരളത്തിലെ കലാരൂപങ്ങളായ കഥകളി, കൂടിയാട്ടം, തുടങ്ങിയവയിലെ അവതരണത്തിൽ ഉപയോഗിക്കുന്ന സങ്കേതമാണ് പകർന്നാട്ടം. ഒരു കഥാപാത്രത്തിൽനിന്ന് മറ്റൊരു കഥാപാത്രത്തിലേക്ക് ശരീരചലനങ്ങൾ മാറ്റിക്കൊണ്ട് അഭിനയിക്കുന്നതാണ് പകർന്നാട്ടം.

### അഭിനയ സംഗീതം

നൃത്തത്തിനായി തിരഞ്ഞെടുത്തിട്ടുള്ള സാഹിത്യം നൃത്തസംഗീതമാക്കി മാറ്റുമ്പോൾ ഭാവത്തെ ഏറ്റവും നന്നായി പ്രകാശിപ്പിക്കാൻ ഉതകുന്ന രാഗങ്ങളിലാണ് ചിട്ടപ്പെടുത്തേണ്ടത്. ഇങ്ങനെ ചിട്ടപ്പെടുത്തിയ സംഗീതമാണ് അഭിനയ സംഗീതം.



## ഭാവപ്പകർച്ച

വരൾച്ച എന്ന ആശയത്തിൽ ഏതൊക്കെ കഥാപാത്രങ്ങളിലൂടെയാണ് പ്രകൃതിയുടെയും ജീവജാലങ്ങളുടെയും ഭാവപ്പകർച്ച നിങ്ങൾ അവതരിപ്പിക്കുക.

സൂചകങ്ങൾ :

കരിഞ്ഞുണങ്ങിയ മരങ്ങൾ, കാട്ടുതീ, വരണ്ട ജലാശയങ്ങൾ തുടങ്ങിയവ കഥാപാത്രങ്ങളാണ്. കഥാപാത്രങ്ങൾക്കനുസൃതമായ വേഷവിധാനങ്ങൾ ശ്രദ്ധിക്കുമല്ലോ? ഓരോ കാഥാപാത്രത്തെയും മാറി മാറി അവതരിപ്പിക്കണം.

നൃത്തത്തിൽ തനിച്ചും സംഘമായും ആവിഷ്കാരങ്ങൾ നിർവഹിക്കാം. ഒരാൾ ഒറ്റയ്ക്ക് വിവിധ കഥാപാത്രങ്ങളായി പകർന്നാടുന്ന നൃത്തസമ്പ്രദായം 'ഏകാഹാര്യ' എന്ന് അറിയപ്പെടുന്നു. കഥാപാത്രത്തിന് അനുസരിച്ചുള്ള വേഷഭൂഷാദികളോടെ സംഘമായും നൃത്താവിഷ്കാരം ചെയ്യാം.



## നിരീക്ഷിക്കാം...

ഏകാഹാര്യവിഭാഗത്തിലുള്ള നൃത്തങ്ങളും, സംഘം ചേർന്ന് അവതരിപ്പിക്കുന്ന നൃത്തങ്ങളും നിരീക്ഷിച്ച് അവയുടെ സവിശേഷതകൾ, വ്യത്യാസങ്ങൾ എന്നിവ ചർച്ച ചെയ്യൂ. അവതരണത്തിലെ അനുഭവങ്ങൾ പങ്കുവയ്ക്കുക. സമാനമായ നൃത്താവതരണങ്ങൾ കണ്ടെത്തി നിങ്ങളുടെ അവതരണവുമായി താരതമ്യം ചെയ്ത് ക്ലാസ്സിൽ ചർച്ചചെയ്യുക.




# ദൃശ്യം, കാഴ്ച, അനുഭവം

"സിനിമാപ്രദർശനത്തിനു ശേഷം 'മീറ്റ് ദ ഡയറക്ടർ' പ്രോഗ്രാം ഉണ്ടായിരിക്കുന്നതാണ്. നിങ്ങൾക്ക് സംവിധായകനുമായി സിനിമയുടെ കാഴ്ചാനുഭവങ്ങളും സംശയങ്ങളും പങ്കുവയ്ക്കാം."

സ്കൂൾ ചലച്ചിത്രമേളയിൽ സോനുവിനും കൂട്ടുകാർക്കും ഈ അനൗൺസ്മെന്റ് കേട്ടപ്പോൾ സന്തോഷമായി. സിനിമ കണ്ടപ്പോൾ മുതൽ അവർക്ക് ഒരുപാട് സംശയങ്ങൾ ഉണ്ട്. സോനു ചോദിക്കേണ്ട കാര്യങ്ങൾ ഒരു പേപ്പറിൽ എഴുതിത്തുടങ്ങി.

ഒരു സിനിമ കണ്ടുകഴിഞ്ഞാൽ നമുക്കും അഭിപ്രായങ്ങളും വിലയിരുത്തലുമൊക്കെ ഉണ്ടാകാറുണ്ടല്ലോ? എന്തെല്ലാമാണ്? എഴുതി നോക്കൂ...

- ----------------------------------------
- ----------------------------------------
- ----------------------------------------

**താഴെ കാണുന്ന സിനിമകൾ കണ്ടു നോക്കിയാലോ?**

സിനിമയുടെ ആശയം, അഭിനയം, പശ്ചാത്തലസംഗീതം, കലാസംവിധാനം, ചമയം, ഷോട്ടുകൾ, എഡിറ്റിങ്, വസ്ത്രാലങ്കാരം തുടങ്ങി വിവിധ മേഖലകൾ സിനിമയുടെ ഘടകങ്ങളാണല്ലോ?

അവയൊക്കെ ശ്രദ്ധിച്ചുകൊണ്ട് സിനിമ ആസ്വദിക്കൂ...




സ്കൂൾ റിസോഴ്സ് ഫോൾഡറിലുള്ള ക്ലാസ് 9 ലെ 5.3 എന്ന ഫയൽ തുറക്കുക.

## ആസ്വദിക്കാം

ഗ്രൂപ്പായി തിരിഞ്ഞ് തന്നിട്ടുള്ളതോ, നിങ്ങൾ കണ്ടതോ ആയ സിനിമയെ അടിസ്ഥാനമാക്കി ചർച്ച നടത്തി, ആസ്വാദനക്കുറിപ്പുകൾ തയ്യാറാക്കി, സ്ലൈഡുകൾ നിർമ്മിച്ച് സെമിനാർ അവതരിപ്പിക്കുക.

# 6

# സർഗജാലകം

6.1 ശബ്ദവീചികൾ

6.2 സമൂഹം, കാഴ്ച, ആശയം

6.3 വെള്ളിത്തിര

6.4 അരങ്ങൊളി

6.5 ഈ സമയവും കടന്നുപോകും



# ശബ്ദവീചികൾ

പാട്ടുപാടാനും കേൾക്കാനും എല്ലാവർക്കും ഇഷ്ടമാണല്ലോ ? ഇഷ്ടമുള്ള പാട്ടുകൾ പാടി നോക്കാത്തവരായിട്ട് ആരും ഉണ്ടാവില്ല. സഭാകമ്പമില്ലാതെ നമ്മുടെ ശബ്ദത്തിൽ താളാത്മകമായി ആത്മവിശ്വാസത്തോടുകൂടി പാട്ടുകൾ പാടി നോക്കാം.



## പാട്ടുപാടാം

ഓരോരുത്തരും നിങ്ങൾക്ക് ഇഷ്ടപ്പെട്ട ഒരു ഗാനത്തിന്റെ ആദ്യ നാലുവരികൾ ക്ലാസ്സിൽ പാടുക.
ഒറ്റയ്ക്ക് പാടിയപ്പോൾ നിങ്ങൾക്കുണ്ടായ അനുഭവം എന്താണ് ?
നിങ്ങൾ ആത്മവിശ്വാസത്തോടുകൂടിയാണോ പാടിയത് ?
നിങ്ങളുടെ ശബ്ദത്തിന് അനുയോജ്യമായ ഗാനമാണോ തിരഞ്ഞെടുത്തത് ?

പാടിയപ്പോൾ നിങ്ങൾ മറ്റെന്തെല്ലാം കാര്യങ്ങൾ ശ്രദ്ധിച്ചു? കുറിക്കൂ...

- ..................
- ..................
- ..................
- ..................

**മൈക്ക് പിടിച്ചുപാടുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങളെക്കുറിച്ച് മനസ്സിലാക്കാം.**



- മൈക്ക് ചുണ്ടിൽനിന്ന് അല്പം അകലത്തിലായി പിടിക്കണം.
- വിൻഡ്സ്ക്രീനിനു മുകളിൽ പിടിക്കരുത്. ഹാൻഡിൽ ഭാഗത്ത് ഓൺ/ഓഫ് സ്വിച്ചിന് തടസമില്ലാതെ പിടിക്കണം.
- ഔട്ട്പുട്ട് കേബിൾ വലിഞ്ഞുനിൽക്കാൻ ഇടവരരുത്.
- മൈക്കിൽ കൈകൊണ്ട് തട്ടരുത്.



## റെക്കോർഡ് ചെയ്യാം

മൈക്ക് പിടിച്ചുപാടുന്നതെങ്ങനെയെന്ന് മനസ്സിലായല്ലോ. ഇനി ഒഡാസിറ്റി ആപ്ലിക്കേഷൻ ഉപയോഗിച്ച് പാട്ട് റെക്കോർഡ് ചെയ്യാം. നിങ്ങളുടെ സ്കൂളിലെ കമ്പ്യൂട്ടർ ലാബിൽ "ഒഡാസിറ്റി" എന്ന ആപ്ലിക്കേഷനിലൂടെ പാട്ട് റെക്കോർഡ് ചെയ്യുവാൻ സാധിക്കും. മൈക്ക് കൃത്യമായി പിടിച്ച് പാടുവാൻ ശ്രദ്ധിക്കുമല്ലോ? നിങ്ങൾ ഒരു പാട്ട് പാടി റെക്കോർഡ് ചെയ്തുനോക്കൂ.

**കരോക്കെയുടെ സഹായത്തോടുകൂടി പാടുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ മനസ്സിലാക്കാം.**

പാടാൻ ഉദ്ദേശിക്കുന്ന ഗാനം ആവർത്തിച്ചു കേൾക്കുക. പല്ലവി, അനുപല്ലവി, ചരണം എന്നിവ തുടങ്ങുന്നതിനുമുൻപുള്ള ബി.ജി.എം. മനസ്സിലാക്കി കൃത്യമായി തുടങ്ങുക. വരികളോടുകൂടി കരോക്കെ പ്രൊജക്ടറിന്റെയോ, ലാപ്ടോപ്പിന്റെയോ, മൊബൈൽ ഫോണിന്റെയോ സഹായത്തോടെകണ്ടു പാടി പരിശീലിക്കുക. പാടുമ്പോൾ സംഗീതാംശങ്ങളായ ശ്രുതിയും താളവും ശ്രദ്ധിക്കുക.

### ഒഡാസിറ്റി

ഒരു സ്വതന്ത്ര ഓപ്പൺസോഴ്സ് സോഫ്റ്റ്‌വെയർ ആണ് ഒഡാസിറ്റി. വ്യത്യസ്ത ശബ്ദങ്ങൾ ഒരേസമയം റെക്കോർഡ് ചെയ്യാൻ സാധിക്കുന്ന മൾട്ടി ട്രാക്ക് ഓഡിയോ റെക്കോർഡർ കൂടിയാണ് ഒഡാസിറ്റി.

### ബി.ജി.എം. (ബാക്ക്ഗ്രൗണ്ട് മ്യൂസിക്)

പല്ലവിക്ക് മുൻപുള്ള ബി.ജി.എം. ഇൻട്രോ ബി.ജി.എം. എന്നും അനുപല്ലവിക്ക് മുൻപുള്ള ബി.ജി.എം. ഫസ്റ്റ് ബി.ജി.എം. എന്നും ചരണത്തിനു മുൻപുള്ള ബി.ജി.എം. സെക്കൻഡ് ബി.ജി.എം. എന്നും പറയുന്നു.

### കരോക്കെ

പൂർണ്ണമായി റെക്കോർഡ് ചെയ്യപ്പെട്ട ഒരു ഗാനത്തിലെ വായ്പാട്ട് ഒഴിവാക്കി അതിന്റെ ഉപകരണ സംഗീതം മാത്രം ആലേഖനം ചെയ്ത ട്രാക്കിനെ കരോക്കെ എന്നുപറയുന്നു.



## പാടാം കരോക്കെയിലൂടെ.....

കരോക്കെയുടെ സഹായത്തോടുകൂടി എങ്ങനെ പാട്ടുപാടാം എന്ന് മനസ്സിലായല്ലോ ? ലാപ്ടോപ്പിലോ ഫോണിലോ ലഭ്യമായ കരോക്കെ ഉപയോഗിച്ച് ഒറ്റയ്ക്കോ സംഘമായോ ഗാനങ്ങൾ പാടി ഓഡാസിറ്റിയിൽ റെക്കോർഡ് ചെയ്യാം.



## കണ്ടൻസർ മൈക്ക്

വളരെ സൂക്ഷ്മമായതോ ദൂരെ നിന്നും പാടുകയോ പറയുകയോ ചെയ്യുന്നതുമായ ശബ്ദങ്ങളെ ഈ മൈക്ക് പിടിച്ചെടുക്കും. ഏത് ശബ്ദമായാലും അതിന്റെ ക്വാളിറ്റി നഷ്ടപ്പെടാതെ പകർത്തുവാൻ പര്യാപ്തമാണ് കണ്ടൻസർ മൈക്ക്.



## എസ്. പി. ബാലസുബ്രഹ്മണ്യം

**(1946-2020)**


ഇന്ത്യൻ പിന്നണി ഗായകൻ, സംഗീത സംവിധായകൻ, ഡബ്ബിങ് ആർട്ടിസ്റ്റ്, നടൻ, ടെലിവിഷൻ അവതാരകൻ, ചലച്ചിത്ര നിർമ്മാതാവ് എന്നീ നിലകളിൽ പ്രശസ്തിനേടിയ സംഗീതജ്ഞൻ. എക്കാലത്തെയും മികച്ച ഇന്ത്യൻ ഗായകരിൽ ഒരാളായ ഇദ്ദേഹം പ്രധാനമായും തെലുങ്ക്, തമിഴ്, കന്നഡ, മലയാളം, ഹിന്ദി സിനിമകളിൽ പ്രവർത്തിക്കുകയും പതിനാറ് ഭാഷകളിൽ പാടുകയും ചെയ്തിട്ടുണ്ട്. മികച്ച പിന്നണിഗായകനുള്ള ദേശീയ അവാർഡ് ആറുതവണ നേടി. 2001ൽ പത്മശ്രീ, 2011 ൽ പത്മഭൂഷൺ, 2021-ൽ പത്മ വിഭൂഷൺ (മരണാനന്തരം) എന്നീ പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ട്.



## എം. എം. കീരവാണി

തെലുങ്ക്, തമിഴ്, മലയാളം സിനിമാ രംഗങ്ങളിലെ പ്രശസ്ത സംഗീത സംവിധായകനായ എം.എം. കീരവാണി ഓസ്കാർ അവാർഡ് നേടിയിട്ടുണ്ട്. വിവിധ ഭാഷകളിലായി ഏകദേശം ഇരുന്നൂറോളം ഗാനങ്ങൾക്ക് ഈണമിട്ടിട്ടുണ്ട്. 1997-ൽ ദേശീയ ചലച്ചിത്ര പുരസ്കാരം ലഭിച്ചു.

# സമൂഹം, കാഴ്ച, ആശയം



രാജാ രവിവർമ്മയുടെ 'ഹംസ ദമയന്തി' (1899) എന്ന ചിത്രം.



ഗുഷ്താവ് കൂർബെയുടെ 'ദി സ്റ്റോൺ ബ്രേക്കേഴ്സ്' (1849) എന്ന ചിത്രം.



സാൽവദോർ ദാലിയുടെ 'ദി പെർസിസ്റ്റൻസ് ഓഫ് മെമ്മറി ' (1931) എന്ന ചിത്രം.

**മൂന്നു കലാകാരർ മൂന്നു വ്യത്യസ്തകാലയളവിൽ ചെയ്ത ചിത്രങ്ങളാണ് മുകളിൽ കൊടുത്തിരിക്കുന്നത്.**

- രാജാ രവിവർമ്മയുടെ 'ഹംസ ദമയന്തി' എന്ന ആദ്യചിത്രത്തിൽ പുരാണകഥകളിലെ കഥാപാത്രങ്ങളെ ഭാവനാത്മകമായി ചിത്രീകരിച്ചിരിക്കുന്നു.
- ഗുഷ്താവ് കൂർബെയുടെ 'ദി സ്റ്റോൺ ബ്രേക്കേഴ്സ്' എന്ന രണ്ടാമത്തെ ചിത്രത്തിൽ നിത്യജീവിതത്തിലെ ജനജീവിതത്തെ യഥാതഥമായി ചിത്രീകരിച്ചിരിക്കുന്നു.
- കാഴ്ചകളെയും സ്വപ്നങ്ങളെയും അനുഭവങ്ങളെയും ഭ്രമാത്മകമായി ചിത്രീകരിച്ചിരിക്കുന്നതാണ് മൂന്നാമത്തെ ചിത്രമായ സാൽവദോർ ദാലിയുടെ 'ദി പെർസിസ്റ്റൻസ് ഓഫ് മെമ്മറി'.

ഇനിയും എന്തെല്ലാം പ്രത്യേകതകൾ നിങ്ങൾക്ക് കണ്ടെത്താൻ സാധിക്കും? കുറിക്കൂ...

- ......................
- ......................
- ......................
- ......................



പെസ്റ്റോൻജി ബൊമാൻജി, 'ധോബി തലാവോ', 1898 എന്ന ചിത്രം.

## അക്കാദമിക് റിയലിസം (Academic Realism)

1800 കളോടെ ഫ്രാൻസിൽ ആരംഭിച്ച, നാച്ചുറലിസ്റ്റിക് ആയ പ്രതിനിധാനങ്ങ ളടങ്ങുന്ന കലാവിഷ്കാരങ്ങളെയാണ് അക്കാദമിക് റിയലിസം എന്നതുകൊണ്ട് അർഥമാക്കുന്നത്. ഇന്ത്യയിൽ, പത്തൊമ്പതാം നൂറ്റാണ്ടിന്റെ മധ്യത്തിൽ, ഇൻഡസ്ട്രിയൽ സ്കൂളുകൾ സ്ഥാപിച്ചു നിരവധി പരിശീലന പ്രവർത്തനങ്ങൾ നടന്നു. അക്കാദമിക് റിയലിസം പരിശീലിച്ച ആദ്യകാല ഇന്ത്യൻ കലാകാരരിൽ പ്രമുഖരായ രണ്ടുപേരായിരുന്നു പാസ്റ്റോൻജി ബൊമാൻജിയും രാജാ രവിവർമ്മയും.



ജീൻ ഫ്രാങ്കോയിസ് മില്ലെ, 'ദ ഗ്ലീനേഴ്സ്', 1857 എന്ന ചിത്രം

## റിയലിസം (Realism)

കൃത്രിമത്വമില്ലാതെയും അമാനുഷിക ഘടകങ്ങളെ ഒഴിവാക്കിയും ആശയങ്ങളെയും രചനാവിഷയങ്ങളെയും യഥാതഥമായി പ്രതിനിധീകരിക്കാനുള്ള ശ്രമമായിരുന്നു പത്തൊമ്പതാം നൂറ്റാണ്ടിൽ യൂറോപ്പിൽ ആരംഭിച്ച റിയലിസം. റൊമാന്റിസിസത്തെ നിരാകരിച്ചുകൊണ്ട് 'റിയലിസ്റ്റ് സൗന്ദര്യശാസ്ത്രം' പ്രഖ്യാപിക്കുകയും പരിശീലിക്കുകയും ചെയ്ത ആദ്യത്തെ കലാകാരനാണ് ഗുഷ്താവ് കൂർബെയും ജീൻ ഫ്രാങ്കോയിസ് മില്ലെയും.

## നാച്ചുറലിസം (Naturalism)

റിയലിസത്തിന്റെ തുടർച്ചയായി പത്തൊമ്പതാം നൂറ്റാണ്ടിന്റെ മധ്യത്തിൽ പ്രാമുഖ്യം നേടിയ ഫ്രഞ്ച് കലാപ്രസ്ഥാനമാണ് നാച്ചുറലിസം. നാച്ചുറലിസ്റ്റ് ചിത്രകാരന്മാർ പ്രതിപാദ്യവിഷയങ്ങൾ സമൂഹത്തിന് മനസ്സിലാക്കാവുന്നതും പരിചിതവുമാക്കി മാറ്റി കലയെ ജനാധിപത്യവത്കരിക്കാൻ സഹായിക്കുന്നതിൽ മുഖ്യപങ്ക് വഹിച്ചു.

വ്യത്യസ്ത കാലയളവിലെ വിവിധ കലാപ്രസ്ഥാനങ്ങൾ പരിചയപ്പെട്ടല്ലോ... ഓരോ കലാപ്രസ്ഥാനവും രൂപപ്പെടുന്നത് അതാത് കാലത്തെയും ദേശത്തെയും സാമൂഹിക-സാംസ്കാരിക-രാഷ്ട്രീയ കാരണങ്ങളാലാണ്. കലാപ്രസ്ഥാനങ്ങളും കലാസൃഷ്ടികളും സമൂഹത്തിന്റെ കലാവബോധത്തെയും സൗന്ദര്യബോധത്തെയും നിർണ്ണയിച്ചുവരുന്നു. സമകാലിക കലാപ്രസ്ഥാനങ്ങളെയും കലാകാരരുടെ ആവിഷ്കാരങ്ങളെയും കലാ പ്രദർശനങ്ങളെയും നിങ്ങൾ ശ്രദ്ധിച്ചിട്ടുണ്ടോ..?

## ആവിഷ്കരിക്കാം

സമൂഹത്തിലെ വിവിധ വിഷയങ്ങൾ പ്രതിഫലിപ്പിക്കുന്ന ആശയങ്ങൾ കണ്ടെത്തി ഭാവനാത്മകമായി കലാവിഷ്ക്കാരം നടത്തുക.

ആവിഷ്കാരം നടത്തുന്നതിനുള്ള ഘട്ടങ്ങൾ ചുവടെ കൊടുത്തിരിക്കുന്നു


1. ആശയം കണ്ടെത്തൽ
2. ആശയക്കുറിപ്പ് തയ്യാറാക്കൽ
3. രൂപരേഖ തയ്യാറാക്കൽ
4. മാധ്യമങ്ങൾ കണ്ടെത്തൽ
5. ആവിഷ്കാരം

പൂർത്തിയായ കലാസൃഷ്ടികൾ പ്രദർശിപ്പിച്ച് രചനാനുഭവം പങ്കുവയ്ക്കുക. കലാസൃഷ്ടികളിൽ നിന്ന് ഏതൊക്കെ സാമൂഹിക വിഷയങ്ങൾ നിങ്ങൾക്ക് കണ്ടെത്താൻ സാധിച്ചു? ആശയകുറിപ്പുകൾ പരസ്പരം കൈമാറി വായിക്കൂ.. കലാസൃഷ്ടികൾ ആസ്വദിക്കുകയും നിരീക്ഷിച്ച് ആസ്വാദനക്കുറിപ്പ് തയ്യാറാക്കുകയും ചെയ്യുക.

**ചിത്രപ്രദർശനത്തിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്തൊക്കെയാണ് ?**

ചിത്രത്തിന്റെ വലുപ്പം.
ചിത്രത്തിന്റെ വലുപ്പത്തിനനുസരിച്ചു ഫ്രെയിം തയ്യാറാക്കുക.
ഫ്രെയിം തയാറാക്കുന്നതിന് കട്ടിയുള്ള പേപ്പറുകൾ,
ഹാർഡ് ബോർഡ് എന്നിവ ഒരുക്കുക.
ചുമരിൽ എവിടെ പ്രദർശിപ്പിക്കണമെന്ന് നിശ്ചയിക്കുക.





## ഫ്രെയിം തയ്യാറാക്കാം

ചിത്രത്തിനനുസരിച്ചു മൗണ്ടിംഗ് ബോർഡ് മുറിക്കുക.

ഫ്രെയിമിന് ആവശ്യമായ പേപ്പർ മുറിച്ച് ചിത്രത്തിന് ചുറ്റുമുള്ള സ്ഥലത്ത് ഒട്ടിച്ചുചേർക്കുക അല്ലെങ്കിൽ ചിത്രത്തിനു പിന്നിലായി ബോർഡർ രീതിയിൽ ഒട്ടിച്ചുചേർക്കുക.

പേപ്പറിൽ വരച്ച ചിത്രങ്ങൾ ദീർഘകാലം കേടുകൂടാതെ സൂക്ഷിക്കാൻ ഗ്ലാസിട്ട് ഫ്രെയിം ചെയ്യണം.



# വെള്ളിത്തിര


നമുക്കൊരു സിനിമയുണ്ടാക്കിയാലോ ?
നമ്മൾ നിർമ്മിക്കേണ്ട സിനിമയുടെ ആശയം 'അതിജീവനം' എന്നതാണ്.
നമ്മുടെ ഇടയിലും പൊരുതി ജീവിച്ച അനേകം പേർ ഉണ്ടായിരിക്കും.
വിശ്വവിഖ്യതശാസ്ത്രജ്ഞനായ സ്റ്റീഫൻ ഹോക്കിങ്സിന്റെ ജീവിതകഥ നോക്കൂ.

സ്റ്റീഫൻ ഹോക്കിങ്സ് (1942-2018) ലോകപ്രശസ്ത ബ്രിട്ടീഷ് പ്രപഞ്ച ശാസ്ത്രജ്ഞൻ. പ്രാഥമിക വിദ്യാഭ്യാസകാലത്ത് വായനയിൽ പരാജയപ്പെട്ടതിനെ തുടർന്ന് അദ്ദേഹത്തിന് കുറ്റപ്പെടുത്തലുകൾ കേൾക്കേണ്ടിവന്നിട്ടുണ്ട്. കുടുംബത്തിൽ സാമ്പത്തിക പരാധീനതകൾ ഉണ്ടായിരിന്നിട്ടും 17-ാം വയസ്സിൽ ഓക്സ്ഫോർഡ് യുണിവേഴ്സിറ്റിയിൽ ചേർന്ന് ബിരുദം നേടി. ഗവേഷണ ബിരുദ പഠനകാലത്ത് കൈകാലുകൾ തളർന്നുപോകാൻ കാരണമായ മോട്ടോർ ന്യൂറോൺ രോഗം ബാധിച്ചു. തുടർന്ന് ഗുരുതരമായ ശാരീരിക അവശതകൾ നേരിട്ടാണ് അദ്ദേഹം ജീവിച്ചത്. എന്നാൽ തന്റെ ശാരീരിക വെല്ലുവിളികളെ നേരിട്ടുകൊണ്ട് പഠനത്തിലും ഗവേഷണത്തിലും ഗ്രന്ഥരചനയിലും മുഴുകി ആരോഗ്യ ഗവേഷണമേഖലയ്ക്ക് അത്ഭുതമായി ശാസ്ത്രലോകത്ത് സജീവ സാന്നിധ്യമായി നിലകൊണ്ടു. മരണം വരെ വീൽചെയറിൽ ജീവിതം നയിച്ച ശാസ്ത്രപ്രതിഭയായിരുന്നു ഹോക്കിങ്സ്.

സ്റ്റീഫൻ ഹോക്കിംങ്സിന്റെ ജീവിതകഥ നിങ്ങൾ മനസ്സിലാക്കിയല്ലോ. ഇതുപോലെ 'അതിജീവനം' എന്ന ആശയത്തിൽ നിങ്ങളുടെ മനസ്സിലേക്ക് കടന്നുവരുന്ന ഒരനുഭവത്തെ ആശയമാക്കി നമുക്ക് ഒരു സിനിമയുണ്ടാക്കാം.

അതിനായി എന്തൊക്കെ മുന്നൊരുക്കങ്ങൾ നടത്തണം?

- കഥ
- തിരക്കഥ
- സംവിധാനം
- ഛായാഗ്രഹണം
- ..................................
- ..................................
- ..................................
- ..................................
- പ്രദർശനം



**IFFK (International Film Festival Of Kerala)**


**അന്തർദേശീയ ചലച്ചിത്രോത്സവം (കേരളം)**

കേരളസംസ്ഥാന സർക്കാരിന്റെ സാംസ്കാരിക വകുപ്പിന്റെ ആഭിമുഖ്യത്തിൽ വർഷംതോറും നടത്തിവരുന്ന അന്തർദേശീയ ചലച്ചിത്രമേളയാണ് കേരള അന്തർദേശീയ ചലച്ചിത്രോത്സവം. 1996-ലാണ് ചലച്ചിത്രോത്സവം ആരംഭിക്കുന്നത്. ചലച്ചിത്രോത്സവത്തിൽ ഏഷ്യൻ-ആഫ്രിക്കൻ-ലാറ്റിനമേരിക്കൻ രാജ്യങ്ങളിൽനിന്നുള്ള പുതിയ ചിത്രങ്ങളുടെ മത്സരവും ഉൾപ്പെടും. മൂന്നാം ലോകരാഷ്ട്രങ്ങളിൽനിന്നുള്ള ചിത്രങ്ങൾക്കാണ് മേളയിൽ പ്രാമുഖ്യം. ലോക ചിത്രങ്ങളെയും മറ്റ് ഇന്ത്യൻ ഭാഷാചിത്രങ്ങളെയും പരിചയപ്പെടുത്തുക എന്നതാണ് ചലച്ചിത്രോത്സവത്തിന്റെ ലക്ഷ്യം.

## സിനിമയൊരുക്കാം

നാല് ഗ്രൂപ്പായി തിരിയുക. എല്ലാ ഗ്രൂപ്പുകളും 'അതിജീവനം' എന്ന ആശയത്തിൽ കഥയെഴുതുക. മികച്ച കഥ തിരഞ്ഞെടുത്ത് ആ കഥയെ ആസ്പദമാക്കി തിരക്കഥ എഴുതി, സ്റ്റോറി ബോർഡ് പൂർത്തിയാക്കി, അനുയോജ്യമായ ലൊക്കേഷൻ കണ്ടെത്തുക. ശേഷം അഭിനേതാക്കളെ തയ്യാറാക്കുകയും, ഷൂട്ട് ചെയ്യാൻ ആരംഭിക്കുകയും ചെയ്യുക. ഷൂട്ട് ചെയ്ത ദൃശ്യങ്ങൾ എഡിറ്റ് ചെയ്ത് പ്രദർശിപ്പിക്കാം.

ഒരു സിനിമ നിർമ്മിക്കുന്നതിന്റെ വിവിധ ഘട്ടങ്ങൾ നമ്മൾ വിവിധ ക്ലാസുകളിൽ പരിചയപ്പെട്ടല്ലോ? താഴെ തന്നിരിക്കുന്ന ഫ്ലോ-ചാർട്ട് ശ്രദ്ധിക്കൂ. ഇതിൽ കൂട്ടിച്ചേർക്കലുകളും ആവാം





# അരങ്ങൊളി

ഒരു നൃത്താവിഷ്കാരം സ്റ്റേജിൽ അവതരിപ്പിക്കുവാൻ പോവുകയാണ്. അവതരണത്തിന്റെ ഭാഗമായി സ്റ്റേജിൽ എന്തെല്ലാം ഒരുക്കങ്ങളാണ് നടത്തുക?

- ഓരോ കഥാപാത്രവും എവിടെ നിൽക്കണം?
- കഥാപാത്രങ്ങളുടെ ചലനദിശ.
- വെളിച്ചസ്രോതസ്സുകൾ കഥാപാത്രങ്ങളുടെ ചലനത്തിനനുസൃതമായി ചിട്ടപ്പെടുത്തുക.
- ..............................................................................................
- ..............................................................................................

# രംഗവേദികൾ

പ്രൊസീനിയം സ്റ്റേജ്



ട്രാവേഴ്സ് സ്റ്റേജ്



എല്ലാത്തരം നൃത്തരൂപങ്ങളും അവതരിപ്പിക്കാൻ സാധ്യമായ വേദികളാണ് പ്രൊസീനിയം സ്റ്റേജും ട്രാവേഴ്സ് സ്റ്റേജും

അരീന സ്റ്റേജ്



കൂത്തമ്പലം



സൂഫി, റഷ്യൻ, ബാലറ്റ് തുടങ്ങിയ അവതരണങ്ങൾക്ക് അനുയോജ്യമായ സ്റ്റേജാണ് അരീന സ്റ്റേജ്.

കൂത്ത്, കൂടിയാട്ടം തുടങ്ങിയ കലാരൂപങ്ങളാണ് കൂത്തമ്പലത്തിൽ അവതരിപ്പിക്കുന്നത്.

വേദിയിൽ നൃത്താവിഷ്കാരം നടത്തുന്നതിനു മുന്നോടിയായി അവതരണത്തെ പരിചയപ്പെടുത്താറുണ്ട്. അതിന്റെ ഒരു മാതൃക കാണൂ.

“മഹാകവിയായ കാളിദാസന്റെ ഋതുസംഹാരത്തിലെ ഏതാനും വരികൾ എടുത്തുകൊണ്ട് ചിട്ടപ്പെടുത്തിയ നൃത്താവിഷ്കാരമാണ് അവതരിപ്പിക്കാൻ പോകുന്നത്. ഓരോ ഋതുക്കളും പ്രകൃതിയെയും ജീവജാലങ്ങളെയും എപ്രകാരമാണ് സ്വാധീനിക്കുന്നത് എന്ന് ഉദാഹരിച്ചിരിക്കുന്ന ഉദാത്തമായ സാഹിത്യസൃഷ്ടിയാണ് കാളിദാസന്റെ ഋതുസംഹാരം. ഒമ്പതാം ക്ലാസിലെ കുട്ടികൾ ആണ് നൃത്താവിഷ്കാരം രംഗത്തവതരിപ്പിക്കുന്നത്."

## ലഘുക്കുറിപ്പ് തയ്യാറാക്കൂ.

മാതൃക ഉദാഹരണമായി എടുത്തുകൊണ്ട് നിങ്ങൾ സ്റ്റേജിൽ നടത്താൻ പോകുന്ന നൃത്താവിഷ്കാരത്തെക്കുറിച്ച് കാണികൾക്ക് പരിചയപ്പെടുത്തുന്ന ലഘുക്കുറിപ്പ് തയ്യാറാക്കൂ. നൃത്താവിഷ്കാരത്തിൽ പങ്കെടുത്തവരുടെയും ചിട്ടപ്പെടുത്തിയവരെയും സാങ്കേതിക സഹായികളുടെയും പേരുകൾ ഉൾപ്പെടുത്താൻ ശ്രമിക്കുമല്ലോ?

### ഒരുങ്ങാം

- തയ്യാറാക്കിയ നൃത്താവിഷ്കാരം പ്രൊസീനിയം സ്റ്റേജിൽ അവതരിപ്പിക്കുക.
- നിങ്ങളുടെ നൃത്താവിഷ്കാരം ക്ലാസ്സിൽ അവതരിപ്പിച്ചപ്പോൾ ഉണ്ടായതിൽ നിന്നും സ്റ്റേജിൽ അവതരിപ്പിച്ചപ്പോൾ അനുഭവപ്പെട്ട വ്യത്യാസങ്ങൾ എന്തെല്ലാമാണ്?
- അടുത്ത അവതരണത്തിൽ എന്തെങ്കിലും കൂടുതലായി ശ്രദ്ധിക്കേണ്ടതുണ്ടോ? ചർച്ച ചെയ്യൂ.
- നൃത്താവിഷ്കാരം അവതരിപ്പിക്കാൻ തീരുമാനിച്ചത് മുതൽ ഓരോ പ്രവർത്തനവും ഉൾപ്പെടുത്തി വിശദമായ ഒരു അനുഭവക്കുറിപ്പ് തയ്യാറാക്കൂ.

# ഈ സമയവും കടന്നുപോകും

"കറുത്ത ദൈവത്തെ തേടി" എന്ന നാടകത്തിന്റെ നോട്ടീസ് ആണിത്. നോട്ടീസിൽ കൊടുത്തിരിക്കുന്ന പേരുകളും അവരുടെ ഉത്തരവാദിത്വങ്ങളും ശ്രദ്ധിക്കൂ.

ഇവർ ഓരോരുത്തരും എങ്ങനെയാണ് നാടകാവതരണത്തിൽ ഉൾപ്പെടുന്നതെന്ന് ചർച്ച ചെയ്യുക.

ഓരോ സംഘവും താഴെ കൊടുത്തിരിക്കുന്ന 10 വിഭാഗങ്ങളെപ്പറ്റിയും ചർച്ച ചെയ്യണേ.




- നാടകരചന
- സംവിധാനം
- അഭിനേതാക്കൾ
- രംഗപശ്ചാത്തലം
- വേഷം, ചമയം
- സംഗീതം
- ദീപ നിയന്ത്രണം
- രംഗസാമഗ്രികൾ
- കൊറിയോഗ്രാഫി
- പരസ്യകല

ഈ ഓരോ വിഭാഗങ്ങളും എങ്ങനെയാണ് നാടക അവതരണത്തിൽ ഉൾപ്പെടുന്നത് എന്ന് ചർച്ചചെയ്യൂ...

നിങ്ങളുടെ സ്കൂൾ ലൈബ്രറിയിൽ കുട്ടികളുടെ നാടകങ്ങളുടെ പുസ്തകങ്ങൾ തിരഞ്ഞുവായിക്കുക. ഉദാഹരണം :

| | | |
|---|---|---|
| പ്ലാവിലത്തൊപ്പി | - | ജി. ശങ്കരപ്പിള്ള |
| തേൻകനി | - | വയലാ വാസുദേവൻ പിള്ള |
| കുഞ്ഞാപ്പി ഗുലുഗുലു | - | തുപ്പേട്ടൻ |

നാടകം വായിച്ചല്ലോ. നാടക രചനയിൽ സംഭാഷണങ്ങളുടെ പ്രാധാന്യം എന്തൊക്കെയാണെന്ന് ചർച്ച ചെയ്യൂ.

**പ്ലേ റീഡിങ്**

നാടക നിർമ്മിതിയുടെ പ്രാഥമികമായ ഒരു പ്രവർത്തനമാണ് പ്ലേ റീഡിങ്. അഭിനേതാക്കൾ, സംഭാഷണങ്ങൾ നാടക പാഠത്തിൽ നോക്കിയാണ് വായിക്കുന്നത്. കഥാപാത്രത്തിന്റെ അവസ്ഥ ഉൾക്കൊണ്ടാണ് വായിക്കുന്നത്. വളരെ ചെറിയതോതിൽ ഉള്ള ചലനങ്ങൾ ഇതിൽ ഉണ്ടായിരിക്കും.

## നമുക്കൊരു നാടകം വായിച്ചാലോ

തിത്തിരപ്പക്ഷി മരത്തിനുമുകളിൽ ഇരിക്കുകയായിരുന്നു. താഴെ കുറച്ചു പണിക്കാരും ഫ്ലാറ്റ് ഉടമയും എന്തൊക്കെയോ സംസാരിക്കുകയാണ്. തിത്തിര അവർ പറയുന്നത് എന്തെന്ന് കാതോർത്തു.

| | | |
|---|---|---|
| പണിക്കാരിൽ ഒരാൾ | : | ഈ മരം കൂടി മുറിക്കണം സാർ, എങ്കിലേ കൂടുതൽ കാറുകൾ പാർക്ക് ചെയ്യാൻ സ്ഥലം ലഭിക്കൂ.“ |
| ഫ്ലാറ്റുടമ | : | താൻ മുറിക്കെടോ, സൗകര്യങ്ങൾ കൂടി കിട്ടണമെന്നേയുള്ളൂ. (ഇത് കേട്ട് തിത്തിരപ്പക്ഷി ഞെട്ടി. താനിരിക്കുന്ന മരം കൂടി മുറിക്കാൻ പോകുന്നു. തന്റെ പറക്കമുറ്റാത്ത മക്കൾ ഇരിക്കുന്ന കൂട്ടിനടുത്തേക്ക് സങ്കടത്തോടെ തിത്തിര എത്തി. അവരോട് പറഞ്ഞു.) |
| തിത്തിര | : | മക്കളേ, നമ്മുടെ മരം കൂടി അവർ മുറിക്കാൻ പോവുകയാണ്. ഇനി നമ്മൾ എന്തു ചെയ്യും ? |
| കുഞ്ഞുങ്ങളിൽ ഒരാൾ | : | അമ്മ പൊയ്ക്കോ, ഞങ്ങൾക്ക് പറക്കാൻ ആവില്ലല്ലോ. |
| തിത്തിര | : | നിങ്ങളെ വിട്ടു പോവാനോ ഒരിക്കലുമില്ല. |
| കുഞ്ഞു പക്ഷി 2 | : | അമ്മ പൊയ്ക്കോ. അമ്മയ്ക്ക് ഇനിയും കുഞ്ഞുങ്ങൾ ഉണ്ടാവും |
| തിത്തിര | : | ഇല്ല. ഞാനൊരിക്കലും പോവില്ല. (തിത്തിര കരയാൻ തുടങ്ങി. തിത്തിരയുടെ കരച്ചിൽ കേട്ട് തൊട്ടടുത്ത ഫ്ലാറ്റിന് മുകളിൽ കൂടുകൂട്ടിയ, മണിക്കുരുവി പറന്നുവന്നു. കണ്ടപ്പോൾ തന്നെ മണിക്കുരുവിക്ക് കാര്യങ്ങൾ പിടികിട്ടി.) |
| മണിക്കുരുവി | : | തിത്തിരേ നീ എന്റെ കൂട്ടിലേക്ക് പോര്. |
| തിത്തിര | : | മണീ ഞാൻ എങ്ങനെ പോരാനാണ് ? പറക്കമുറ്റാത്ത |

മക്കളെയും കൂട്ടി, പണ്ട് നമ്മൾ എങ്ങനെ കഴിഞ്ഞിരുന്നതാണ്, നിനക്ക് ഓർമ്മയില്ലേ?

മണിക്കുരുവി : ശരിയാ നിന്റെയീ മരത്തിന് ചുറ്റും പാടമായിരുന്നില്ലേ.

കുഞ്ഞ് ഒന്ന് : പാടമോ? അതെന്താ അമ്മേ?

തിത്തിര : മക്കളെ നിങ്ങൾക്ക് അത് കാണാനുള്ള ഭാഗ്യമുണ്ടായില്ല. ചെറുധാന്യങ്ങൾ നട്ടുവളർത്തിയ വൻപാടങ്ങൾ.

മണിക്കുരുവി : (കുട്ടികളോട് ) പാടം നികത്തി അവർ ഫ്ലാറ്റ് ഉണ്ടാക്കിയപ്പോൾ ചുറ്റിലെ എല്ലാ മരങ്ങളും മുറിച്ചുമാറ്റി. അമ്മയുടെ ഈ മരം മാത്രം മുറിച്ചില്ല. ഭംഗിയുള്ള ഈ മരം ഫ്ലാറ്റിലെ പാർക്കിന് ഒരു അലങ്കാരമായി അവർക്ക് തോന്നി.

തിത്തിര : എല്ലാം ഉപേക്ഷിച്ച് മറ്റെല്ലാവരും പറന്ന് മറ്റു സ്ഥലങ്ങളിലേക്ക് പോയപ്പോഴും ജനിച്ചുവളർന്ന ഈ മരം വിട്ട് അമ്മയ്ക്ക് പോകാൻ തോന്നിയില്ല, മക്കളെ... (വലിയൊരു പൊതി കെട്ടിപ്പിടിച്ചുകൊണ്ട് പറഞ്ഞു)

മണിക്കുരുവി : ഇതെന്താ ഈ പൊതി.

തിത്തിര : പാടം നികത്തുമ്പോൾ ഞാൻ ശേഖരിച്ചുവച്ച ചെറു ധാന്യങ്ങളുടെ വിത്തുകളാണിത്. ഇതു നട്ട് വലിയൊരു പാടം ഉണ്ടാക്കണം. അതെന്റെ വലിയ സ്വപ്നമാ....ഇപ്പോൾ എന്റെ കുഞ്ഞുങ്ങൾക്ക് കൊടുക്കുന്ന ഫാസ്റ്റ് ഫുഡ് വേസ്റ്റിനു പകരം നമ്മൾ കഴിച്ചത് പോലെയുള്ള തീറ്റ കിട്ടണം.

(താഴെ മരം മുറിക്കാനുള്ള ഒരുക്കങ്ങൾ നടക്കുന്നു. തിത്തിരയും മണിക്കുരുവിയും കരഞ്ഞുകൊണ്ട് മരത്തിന് ചുറ്റും പറന്നു. അപ്പോൾ ഒരു വലിയ കുട്ടയുമായി ഒരാൾ മരത്തിനു മുകളിലേക്ക് വലിഞ്ഞുകയറി.)

മരത്തിനു മുകളിൽ ഇരിക്കുന്നയാൾ താഴേക്ക് നോക്കി : എല്ലാ പഴങ്ങളും പറിക്കണോ ?

താഴെയുള്ളയാൾ : ഉം കുട്ടനിറഞ്ഞാൽ, ആ കയർ ഉപയോഗിച്ച് താഴേക്ക് താഴ്ത്തിയിറക്കിക്കോ. ഒന്നും കേടാവരുത്.

(അയാൾ പഴങ്ങൾ താഴേക്ക് ഇറക്കിക്കൊണ്ടിരുന്നു. ഒരുതവണ അയാൾ പഴങ്ങൾ പറിക്കാനായി മുകളിലെ ചില്ലയിലേക്ക് കയറി.)

മണിക്കുരുവി : കുഞ്ഞുങ്ങളെ എടുത്ത് ആ കുട്ടയിലേക്ക് വെയ്ക്ക്. രണ്ടുപേരും ചേർന്ന് അയാൾ കാണാതെ കുഞ്ഞുങ്ങളെ കുട്ടയിലേക്ക് വയ്ക്കുന്നു.

തിത്തിര : മണീ ആ വിത്തുകൾകൂടി അതിനകത്തേക്ക് വയ്ക്കൂ.

രണ്ടുപേരും ചേർന്ന് വിത്തും കുട്ടയിലേക്ക് വയ്ക്കുന്നു. പഴങ്ങൾ നിറഞ്ഞെന്ന ധാരണയിൽ പഴം നിറച്ചു കൊണ്ടിരുന്ന അയാൾ കുട്ട താഴേക്കിറക്കുന്നു.

താഴെ നിൽക്കുന്നയാൾ : താനെന്താടോ താഴേക്കിറക്കിയത്.

(ഉറക്കെ ചിരിക്കുന്നു.) ഇവയെ കൊല്ലണ്ട അല്ലേ. ഏതായാലും കാട്ടിൽ കളയാനുള്ള വേസ്റ്റിന്റെ കൂടെ ലോറിയിലേക്ക് ഇടാം. അല്ലേ ?

മുകളിലെയാൾ : കാട്ടിലാണോ ഈ വേസ്റ്റ് ഒക്കെ കളയുന്നത് ?

താഴെ നിൽക്കുന്നയാൾ : പിന്നല്ലാതെ മറ്റെവിടെയായാലും പ്രശ്നാവും, ആരെങ്കിലും കണ്ടാൽ കേസ് ആവും, കാട്ടിന് വളരെ ഉള്ളിലായാൽ ആരും കാണില്ല. (അയാൾ കുട്ടയിലുള്ള കുഞ്ഞുങ്ങളെയും വിത്തുകളും ലോറിയിലേക്കിട്ടു. ലോറി പുറപ്പെടുകയാണ്).

മണിക്കുരുവി : തിത്തിരേ കൂടെ ചെല്ല്. എവിടെയെങ്കിലും പോയി രക്ഷപ്പെട്.

(തിത്തിര പറന്ന്, ലോറിയിൽ കയറി, മക്കളെയും ചേർത്തുപിടിച്ച് ഇരിക്കുന്നു. കണ്ണീരോടെ മണിക്കുരുവിയോട് യാത്ര പറയുന്നു.)



## രചിക്കാം നാടകം

തിത്തിര പക്ഷിക്കും കുഞ്ഞുങ്ങൾക്കും തുടർന്ന് എന്ത് സംഭവിച്ചിരിക്കും? നിങ്ങളുടെ ഭാവനക്കനുസരിച്ച് നാടകകൃതി പൂർത്തീകരിച്ചു, തിരഞ്ഞെടുക്കപ്പെട്ടവ ക്ലാസ്സിൽ അവതരിപ്പിക്കൂ.

തന്നിരിക്കുന്ന സ്ക്രിപ്റ്റ് അനുസരിച്ച് നിങ്ങൾ അവതരിപ്പിക്കാൻ പോകുന്ന നാടകത്തിന്റെ നോട്ടീസ് തയ്യാറാക്കുക.

നിങ്ങൾ തയ്യാറാക്കിയ നാടകകൃതിയെ ആവശ്യമായ തയ്യാറെടുപ്പുകൾ നടത്തി ക്ലാസ്സിൽ അവതരിപ്പിക്കുക.



### ഉഷ ഗാംഗുലി

ഇന്ത്യയിൽ അറിയപ്പെടുന്ന നാടക സംവിധായികയും നടിയുമാണ് ഉഷ ഗാംഗുലി. കൊൽക്കത്തയിൽ രംഗകർമ്മി തിയേറ്റർ ഗ്രൂപ്പ് സ്ഥാപിച്ചു. ഉഷ ഗാംഗുലി കൂടുതലും ഹിന്ദി നാടകങ്ങളാണ് സംവിധാനം ചെയ്തത്.



### ജോസ് ചിറമ്മൽ

മലയാള നാടകവേദിയിലെ പ്രമുഖ സംവിധായക നായിരുന്നു ജോസ് ചിറമ്മൽ. റൂട്ട് എന്ന നാടകസംഘത്തിലെ സ്ഥാപക ഡയറക്ടർ ആയിരുന്നു.

# ഭാരതത്തിന്റെ ഭരണഘടന

ഭാഗം IV ക

## മൗലിക കർത്തവ്യങ്ങൾ

**51 ക. മൗലിക കർത്തവ്യങ്ങൾ - താഴെപ്പറയുന്നവ ഭാരതത്തിലെ ഓരോ പൗരന്റെയും കർത്തവ്യം ആയിരിക്കുന്നതാണ് :**

(ക) ഭരണഘടനയെ അനുസരിക്കുകയും അതിന്റെ ആദർശങ്ങളെയും സ്ഥാപനങ്ങളെയും ദേശീയപതാകയെയും ദേശീയഗാനത്തെയും ആദരിക്കുകയും ചെയ്യുക;

(ഖ) സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള നമ്മുടെ ദേശീയസമരത്തിന് പ്രചോദനം നൽകിയ മഹനീയാദർശങ്ങളെ പരിപോഷിപ്പിക്കുകയും പിൻതുടരുകയും ചെയ്യുക;

(ഗ) ഭാരതത്തിന്റെ പരമാധികാരവും ഐക്യവും അഖണ്ഡതയും നിലനിർത്തുകയും സംരക്ഷിക്കുകയും ചെയ്യുക;

(ഘ) രാജ്യത്തെ കാത്തുസൂക്ഷിക്കുകയും ദേശീയസേവനം അനുഷ്ഠിക്കുവാൻ ആവശ്യപ്പെടുമ്പോൾ അനുഷ്ഠിക്കുകയും ചെയ്യുക;

(ങ) മതപരവും ഭാഷാപരവും പ്രാദേശികവും വിഭാഗീയവുമായ വൈവിധ്യങ്ങൾക്കതീതമായി ഭാരതത്തിലെ എല്ലാ ജനങ്ങൾക്കുമിടയിൽ, സൗഹാർദവും പൊതുവായ സാഹോദര്യമനോഭാവവും പുലർത്തുക, സ്ത്രീകളുടെ അന്തസ്സിന് കുറവു വരുത്തുന്ന ആചാരങ്ങൾ പരിത്യജിക്കുക;

(ച) നമ്മുടെ സമ്മിശ്രസംസ്കാരത്തിന്റെ സമ്പന്നമായ പാരമ്പര്യത്തെ വിലമതിക്കുകയും നിലനിറുത്തുകയും ചെയ്യുക;

(ഛ) വനങ്ങളും തടാകങ്ങളും നദികളും വന്യജീവികളും ഉൾപ്പെടുന്ന പ്രകൃത്യാ ഉള്ള പരിസ്ഥിതി സംരക്ഷിക്കുകയും അഭിവൃദ്ധിപ്പെടുത്തുകയും, ജീവികളോട് കാരുണ്യം കാണിക്കുകയും ചെയ്യുക;

(ജ) ശാസ്ത്രീയമായ കാഴ്ചപ്പാടും മാനവികതയും, അന്വേഷണത്തിനും പരിഷ്കരണത്തിനും ഉള്ള മനോഭാവവും വികസിപ്പിക്കുക;

(ഝ) പൊതുസ്വത്ത് പരിരക്ഷിക്കുകയും ശപഥം ചെയ്ത് അക്രമം ഉപേക്ഷിക്കുകയും ചെയ്യുക;

(ഞ) രാഷ്ട്രം യത്നത്തിന്റെയും ലക്ഷ്യപ്രാപ്തിയുടെയും ഉന്നതതലങ്ങളിലേക്ക് നിരന്തരം ഉയരത്തക്കവണ്ണം വ്യക്തിപരവും കൂട്ടായതുമായ പ്രവർത്തനത്തിന്റെ എല്ലാ മണ്ഡലങ്ങളിലും ഉൽക്കൃഷ്ടതയ്ക്കുവേണ്ടി അധ്വാനിക്കുക;

(ട) ആറിനും പതിനാലിനും ഇടയ്ക്ക് പ്രായമുള്ള തന്റെ കുട്ടിക്കോ തന്റെ സംരക്ഷണയിലുള്ള കുട്ടികൾക്കോ, അതതു സംഗതി പോലെ, മാതാപിതാക്കളോ രക്ഷാകർത്താവോ വിദ്യാഭ്യാസത്തിനുള്ള അവസരങ്ങൾ ഏർപ്പെടുത്തുക.

# കുട്ടികളുടെ അവകാശങ്ങൾ

പ്രിയമുള്ള കുട്ടികളേ,

നിങ്ങൾക്കുള്ള അവകാശങ്ങളെന്തെല്ലാമെന്ന് അറിയേണ്ടതില്ലേ? അവകാശങ്ങളെക്കുറിച്ചുള്ള അറിവ് നിങ്ങളുടെ പങ്കാളിത്തം, സംരക്ഷണം, സാമൂഹികനീതി എന്നിവ ഉറപ്പാക്കാൻ പ്രേരണയും പ്രചോദനവും നൽകും. നിങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കാൻ ഇപ്പോൾ ഒരു കമ്മീഷൻ പ്രവർത്തിക്കുന്നുണ്ട്. കേരള സംസ്ഥാന ബാലാവകാശസംരക്ഷണ കമ്മീഷൻ എന്നാണ് അതിന്റെ പേര്. എന്തെല്ലാമാണ് നിങ്ങൾക്കുള്ള അവകാശങ്ങൾ എന്നു നോക്കാം.

- സംസാരത്തിനും ആശയപ്രകടനത്തിനുമുള്ള സ്വാതന്ത്ര്യം
- ജീവന്റെയും വ്യക്തിസ്വാതന്ത്ര്യത്തിന്റെയും സംരക്ഷണം
- അതിജീവനത്തിനും പൂർണ്ണവികാസത്തിനുമുള്ള അവകാശം
- ജാതി-മത-വർഗ-വർണ്ണ ചിന്തകൾക്കതീതമായി ബഹുമാനിക്കപ്പെടാനും അംഗീകരിക്കപ്പെടാനുമുള്ള അവകാശം
- മാനസികവും ശാരീരികവും ലൈംഗികവുമായ പീഡനങ്ങളിൽ നിന്നുള്ള സംരക്ഷണത്തിനും പരിചരണത്തിനുമുള്ള അവകാശം
- പങ്കാളിത്തത്തിനുള്ള അവകാശം
- ബാലവേലയിൽനിന്നും ആപൽക്കരമായ ജോലികളിൽനിന്നുമുള്ള മോചനം
- ശൈശവവിവാഹത്തിൽനിന്നുള്ള സംരക്ഷണം
- സ്വന്തം സംസ്കാരം അറിയുന്നതിനും അതനുസരിച്ച് ജീവിക്കുന്നതിനുമുള്ള സ്വാതന്ത്ര്യം
- അവഗണനകളിൽനിന്നുള്ള സംരക്ഷണം
- സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസ അവകാശം
- കളിക്കാനും പഠിക്കാനുമുള്ള അവകാശം
- സ്നേഹവും സുരക്ഷയും നൽകുന്ന കുടുംബവും സമൂഹവും ലഭ്യമാകാനുള്ള അവകാശം

### നിങ്ങളുടെ ചില ഉത്തരവാദിത്വങ്ങൾ

- സ്കൂൾ, പൊതുസംവിധാനങ്ങൾ എന്നിവ നശിപ്പിക്കാതെ സംരക്ഷിക്കുക.
- സ്കൂളിലും പഠനപ്രവർത്തനങ്ങളിലും കൃത്യനിഷ്ഠ പാലിക്കുക.
- സ്കൂൾ അധികാരികളെയും അധ്യാപകരെയും മാതാപിതാക്കളെയും സഹപാഠികളെയും ബഹുമാനിക്കുകയും അംഗീകരിക്കുകയും ചെയ്യുക.
- ജാതി-മത-വർഗ-വർണ്ണ ചിന്തകൾക്കതീതമായി മറ്റുള്ളവരെ ബഹുമാനിക്കാനും അംഗീകരിക്കാനും സന്നദ്ധരാവുക.


*ബന്ധപ്പെടേണ്ട വിലാസം:*

**കേരള സംസ്ഥാന ബാലാവകാശസംരക്ഷണ കമ്മീഷൻ**

ശ്രീ ഗണേഷ്, റ്റി.സി. 14/2036, വാൻറോസ് ജംങ്ഷൻ,

കേരള യൂണിവേഴ്സിറ്റി പി.ഒ, തിരുവനന്തപുരം – 34

ഫോൺ 0471 – 2326603

ഇ- മെയിൽ childrights.cpcr@kerala.gov.in, rte.cpcr@kerala.gov.in

വെബ്സൈറ്റ് : www.kescpcr.kerala.gov.in


ചൈൽഡ് ഹെൽപ്പ് ലൈൻ - 1098, ക്രൈം സ്റ്റോപ്പർ - 1090, നിർഭയ – 1800 425 1400

കേരള പൊലീസ് ഹെൽപ്പ് ലൈൻ - 0471 – 3243000/44000/45000

*online **R.T.E Monitoring : www.nireekshana.org.in***